ശ്രീ. അടൂർ പ്രകാശ്: കേരളത്തിൽ എല്ലാ മേഖലയിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വളരെ വേഗത്തിൽ നടപടികൾ സ്വീകരിക്കുന്നു. ഇന്ന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ നാലാമത്തെ സ്ഥാനത്ത് കേരളത്തിന് എത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത് ഇക്കണോമിക് റിവ്യൂവിൽ പറയുന്ന കാര്യമാണ്. പശ്ചാത്തല സൗകര്യങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി കാണിക്കുന്ന താൽപര്യത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കാതിരിക്കുവാൻ കഴിയുകയില്ല. ഇത്തരത്തിൽ നമ്മൾ മുന്നോട്ടു പോകുമ്പോൾ ഒരു കാര്യം പ്രത്യേകമായി കാണേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം വളരെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 1992-ൽ 780772 മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്തുവെങ്കിൽ അത് 2003 ആയപ്പോഴേയ്ക്കും 2552171 ആയി വർദ്ധിച്ചു. ലേറ്റസ്റ്റായിട്ടുള്ള കണക്ക് ഏതാണ്ട് 2900000 ആയി. ഇവിടെ കാണേണ്ട പ്രത്യേകത, നമ്മുടെ റോഡിന്റെ നീളം വാഹനങ്ങളുടെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ കൂടിയിട്ടില്ല എന്നതാണ്. 1992-ൽ 135828 കിലോമീറ്റർ, 2003 ആകുമ്പോഴും 138196 കിലോമീറ്റർ ദൂരം മാത്രമാണുള്ളത്. 327 ശതമാനം മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുമ്പോൾ നമ്മുടെ റോഡിന്റെ നീളത്തിൽ ഒന്ന്-ഒന്നര ശതമാനം മാത്രമേ വർദ്ധനവുണ്ടാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. നിലവിലുള്ള റോഡുകൾ ഏറെ നന്നാക്കുവാനുള്ള സാഹചര്യങ്ങൾക്ക് വഴിയൊരുക്കേണ്ടതായിട്ടുണ്ട്. അത്തരം കാര്യങ്ങളിൽ നേതൃത്വം കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി കെ.എസ്.ടി.പി. പോലുള്ള പ്രോജക്ടുകൾ ഏറ്റെടുത്തുകൊണ്ട് അതിന്റെ പ്രവർത്തനം നടത്തുന്നത് സ്വാഗതാർഹമാണ്. വെഞ്ഞാറമൂട് മുതൽ തിരുവനന്തപുരം വരെ യാത്ര ചെയ്യുന്നതിന് സമയദൈർഘ്യം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അന്തർദേശീയതലത്തിൽ ക്വാളിറ്റി മെയിന്റയിൻ ചെയ്തുകൊണ്ട് നമ്മുടെ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികളുമായും ഇനിയും വളരെ വേഗത്തിൽ, എക്സ്പ്രസ്സ് വേഗത്തിൽ, ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുപോകണമെന്നതാണ് എന്റെ അഭിപ്രായം. ഇവിടെ ഒരു കാര്യം സൂചിപ്പിക്കുവാനുള്ളത്, പൊതുമരാമത്ത് വകുപ്പിന്റെ കയ്യിലുള്ളത് 21467 കിലോമീറ്ററും ദേശീയപാതയിൽ 1523 കിലോമീറ്ററും മാത്രമാണ്. പഞ്ചായത്ത്രാജ് നിയമം നമ്മുടെ രാജ്യത്ത് നിലവിൽവന്നു. അത് നിലവിൽവന്നപ്പോൾ പൊതുമരാമത്തിന്റെ കീഴിലുള്ള നിരവധി റോഡുകൾ ജില്ലാ പഞ്ചായത്തുകളെ ഏൽപ്പിച്ചുകൊടുത്തു. അതിന് ആവശ്യമായ പണം ഗവൺമെന്റ്, ചെലവഴിക്കുവാൻ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തു. പി.ഡബ്ല്യൂ.ഡി.-യുടെ കൈവശമുണ്ടായിരുന്ന, വിട്ടുകൊടുത്ത റോഡുകൾ ജില്ലാപഞ്ചായത്തുകൾ ഏറ്റെടുത്തതുകൊണ്ട് അവയുടെ മെയിന്റനൻസും നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള ഒരു സാഹചര്യം ഇന്ന് കേരളത്തിലില്ല.മൊത്തം കിട്ടുന്ന തുക,

LIBRARY ARCHIVES Kerala Legislative Assembly

പത്തോ പതിനഞ്ചോ അംഗങ്ങളുണ്ടെങ്കിൽ അത് കൃത്യമായി വീതിച്ച് അവരവരുടെ മേഖലകളിലേയ്ക്കുകൊണ്ടുപോകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നു. അതുകൊണ്ട് നിലവിലുണ്ടായിരുന്ന പി.ഡബ്ല്യു.ഡി. റോഡുകൾപോലും നന്നാക്കുവാൻ കഴിയാത്ത സ്ഥിതി വിശേഷം നിലനിൽക്കുകയാണ്. നിലവിലുള്ള അദർ ഡിസ്ട്രിക്ട് റോഡുകൾ ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുക്കണമെന്ന ഉത്തരവ് ഈ അടുത്ത സമയത്ത് ഇറക്കിയിട്ടുണ്ട്. അത്തരം റോഡുകൾ ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുത്താൽ കേരള സംസ്ഥാനത്തെ സഞ്ചാരയോഗ്യമായ റോഡുകൾ എല്ലാം നശിക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുമെന്നതിൽ യാതൊരു സംശയവുമില്ല.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): ഇനി ഒരു മിനിട്ടുകൂടെയുണ്ട്.

ശ്രീ. രാജു എബ്രഹാം: ശബരിലയിലേയ്ക്കുള്ള റോഡുകൾ ഹൈക്കോടതി ഉത്തരവ് പ്രകാരം സഞ്ചാരയോഗ്യമാക്കിക്കൊണ്ടിരിക്കുകയാണ്. ആ റോഡുകളും ഇപ്പോൾ ഒ.ഡി.ആർ.-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് നിയമവിരുദ്ധമാണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: ആ കാര്യം നമ്മൾ ജില്ലാ വികസന സമിതി യോഗത്തിൽ ചർച്ച ചെയ്തതുകൊണ്ടാണ് ഞാൻ ഇവിടെ പ്രത്യേകമായി എടുത്തു പറയാഞ്ഞത്. ഈ കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുക്കണം. പി.ഡബ്ല്യു.ഡി. ഇപ്പോഴുള്ള എം.ഡി.ആർ. റോഡുകളുടെകൂടെ ഒ.ഡി.ആർ. കൂടി ഏറ്റെടുക്കുവാനും അതിന്റെ മെയിന്റനൻസും മറ്റു കാര്യങ്ങളും പൊതുമരാമത്ത് വകുപ്പു തന്നെ നടപ്പാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നുമുള്ള ഒരു നിർദ്ദേശമാണ് എനിക്ക് വയ്ക്കുവാനുള്ളത്. അതിൽ ഒരു ചെറിയ അപാകതയുണ്ട്. ധനകാര്യ വകുപ്പുമന്ത്രികൂടി കേൾക്കേണ്ട ഒരു കാര്യമാണ്. 38 കോടി രൂപയാണ് ഇതിൽ വച്ചിരിക്കുന്നത്. അത് ശരിയല്ല. 200 കോടി രൂപ ഇതിനുവേണ്ടി അനുവദിക്കേണ്ട തായിട്ടുണ്ട്. എങ്കിൽ മാത്രമേ നമ്മുടെ റോഡുകൾ സഞ്ചാരയോഗ്യമാക്കുവാൻ കഴിയൂ. എന്റെ നിയോജകമണ്ഡലത്തിൽ അരുവാപ്പുലം പഞ്ചായത്തിൽ കല്ലേലിക്കടവിൽ അച്ചൻകോവിലാറിനു കുറുകെ ഒരു പാലം പണിയുന്നതിനു വേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ ഞാൻ അതിന്റെ നടപടികളുമായി മുന്നോട്ടുപോവുകയാണ്. നിർഭാഗ്യകരമെന്നുപറയട്ടെ, ഇതുവരേയും അതിന് അന്തിമമായ തീരുമാനം കൈക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് വളരെ വിനയത്തോടുകൂടി പറയുവാനുള്ളത് ആ പ്രദേശത്തെ പാവപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അങ്ങ് ഇതിന് നടപടി സ്വീകരിക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): പ്ലീസ് കൺക്ലൂഡ്.

ശ്രീ. അടൂർ പ്രകാശ്: പി.എം.ജി.വൈ. പദ്ധതി പ്രകാരവും നബാർഡിന്റെ സഹായത്തോടുകൂടിയുമുള്ള നിരവധി റോഡുകൾ വന്നിട്ടുണ്ട്. പണി പൂർത്തീകരിച്ചിട്ടുണ്ട്.

മി. ചെയർമാൻ: പ്ലീസ്..............പ്ലീസ്.............

ശ്രീ. അടൂർ പ്രകാശ്: അങ്ങ് ക്രൂരമായി പെരുമാറരുത്.

മി. ചെയർമാൻ: ഞാൻ ഒരു ക്രൂരതയും കാണിക്കുന്നില്ല. ഇവിടെ അനുവദിച്ച ടൈം കൃത്യമായി എഴുതിവച്ച് അതനുസരിച്ച് വിളിക്കുന്നു. I do my duty.

ശ്രീ. അടൂർ പ്രകാശ്: പൊതുമരാമത്ത് ഏറ്റെടുത്തുകൊണ്ട് അതിന്റെ നടപടി ക്രമവും മറ്റ് കാര്യങ്ങൾ,..........

മി. ചെയർമാൻ: പ്ലീസ്, കൺക്ലൂഡ്.

ശ്രീ. അടൂർ പ്രകാശ്: അങ്ങ് ഇടപെടാതിരുന്നാൽ ഒരു വാക്ക് പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കാം. അങ്ങ് ഇടപെടുന്നതുകൊണ്ടാണ് എനിക്ക് പറഞ്ഞ് അവസാനിപ്പിക്കുവാൻ കഴിയാത്തത്. ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള ഈ റോഡുകൾ പൊതുമരാമത്ത് മെയിന്റനൻസും മറ്റും നടത്തുന്നതിന് നടപടികൾ സ്വീകരിക്കണം. അതുപോലെ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുള്ള പി.ഡബ്ല്യു.ഡി. റോഡുകൾ തിരിച്ചുതരാൻ തയ്യാറാണെന്ന് തീരുമാനം പഞ്ചായത്ത് എടുത്താൽ അത്തരം റോഡുകൾ ഏതെങ്കിലുമുണ്ടെങ്കിൽ അത് തിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു. പല പ്രധാനപ്പെട്ട റോഡുകളുടേയും ഇരുവശങ്ങളിൽ ഓട നിർമ്മിക്കണ്ട എന്ന്, ശ്രീ. പി. സി. ജോർജിന്റെ പേരുപറയുന്നില്ല ഡോ. കെ. സി. ജോസഫിന്റെ നേതാവ് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരിക്കുമ്പോൾ തീരുമാനമെടുത്തു, ഓടകൾ നിർമ്മിക്കുവാൻ പാടില്ലായെന്ന്. ഓടകൾ നിർമ്മിച്ചില്ലെങ്കിൽ റോഡുകൾ നിലനിൽക്കുമോ? വെള്ളം കെട്ടിനിന്ന് റോഡുകൾ നശിക്കുകയാണ്. അതുകൊണ്ട് അത്തരം നിലപാടുകൾ മാറ്റാൻ നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും അവതരിപ്പിച്ച ഈ ഡിമാന്റുകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, എന്നെ വിളിച്ചില്ല.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): അത് ലാസ്റ്റിലാണ്. Personal explanation will be given at last നേരത്തെ റൂൾ കറക്ടായിട്ട് പറഞ്ഞിരുന്നുവെങ്കിൽ അപ്പോൾ തന്നെ അനുവദിക്കാമായിരുന്നു. റൂൾ 87 ആണ് പറഞ്ഞത്. Now you have corrected as 280.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കുമാരൻ: സർ, ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിൽ ഭരണം നിശ്ചലമാണ്; ഒന്നും നടക്കുന്നില്ല. അതുകൊണ്ടു തന്നെയാണ് ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്. ഇന്നലെ കോൺഗ്രസ്സിന്റെയും ഘടക കക്ഷികളുടെയും ഒരു യോഗം ചേർന്നു. അതിൽ ഗതാഗത വകുപ്പിനെക്കുറിച്ച് ചർച്ച ചെയ്യേണ്ട എന്നാണ് തീരുമാനിച്ചത്. പകരം പൊതുമരാമത്തു വകുപ്പിനെക്കുറിച്ച് ചർച്ച ചെയ്യപ്പെടണം! പൊതുമരാമത്തു വകുപ്പ് എന്തൊക്കെ ചയ്തു എന്തൊക്കെ ചെയ്തില്ല എന്നു വിമർശിക്കാനുള്ള തീരുമാനമാണ് യോഗം എടുത്തിരിക്കുന്നത്. കേരളത്തിലെ എല്ലാ ഗ്രാമീണ റോഡുകളുടേയും പ്രവൃത്തി നല്ല രീതിയിൽ നടപ്പാക്കണമെന്നാണ് എനിക്ക് പൊതുമരാമത്തു വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഗ്രാമീണ റോഡുകൾക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കണം. ഹൈവേ റോഡുകളും ജില്ലാ റോഡുകളും, ഗ്രാമീണ റോഡുകളും വികസനത്തിന്റെ ഭാഗം തന്നെയാണ്. ഏറ്റവും കൂടുതൽ യാത്രാ ദുരിതമനുഭവിക്കുന്നതും ഇത്തരത്തിലുള്ള റോഡുകളാണ്. എക്സ്പ്രസ് ഹൈവേയും, മലയോര ഹൈവേയും, ജില്ലാ റോഡുകളും ഉണ്ടെങ്കിലും ഗ്രാമീണ റോഡുകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് അതിന് കൂടുതൽ തുക അനുവദിക്കണമെന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് ഖേദപൂർവ്വം അറിയിക്കാനുള്ളത് സബ്ജക്ട് കമ്മിറ്റി പാസ്സാക്കിക്കൊടുക്കുന്ന തുകകൾ അതാതു സമയത്തുതന്നെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക്, പ്രത്യേകിച്ച് പൊതുമരാമത്തു വകുപ്പിന് കൈമാറ്റം ചെയ്തു കൊടുക്കണം എന്നാണ്. പൊതുമരാമത്തു വകുപ്പുമന്ത്രി പറയുന്നത്, 'ധനകാര്യ വകുപ്പ് പണം തരുന്നില്ല' എന്നാണ്. കേരളത്തിന്റെ എല്ലാ മേഖലകളിലും വികസനം എത്തിക്കാൻ, റോഡുകളും പാലങ്ങളും നിർമ്മിക്കാൻ കെട്ടിടങ്ങൾ ഉണ്ടാക്കാൻ നിർമ്മാണ പ്രവൃത്തിക്ക് വേഗം കൂട്ടാൻ സബ്ജക്ട് കമ്മിറ്റി പാസ്സാക്കുന്ന തുക എത്രയും പെട്ടെന്ന് പൊതുമരാമത്തു വകുപ്പിന് കൈമാറണം. അതുപോലെ, കാസർഗോഡ് ജില്ലയിലെ എൻ. എച്ചിന് സമീപത്തുള്ള സ്ഥലം സ്വകാര്യ വ്യക്തികൾ കയ്യേറ്റം നടത്തുന്നുണ്ട്. ഒരു സ്വകാര്യ ദന്താശുപത്രിക്ക് വേണ്ടിയാണ് കയ്യേറ്റം നടത്തിയത്. കാസർഗോഡ് ഡി.ഡി.സി. യോഗത്തിൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്യപ്പെട്ടതാണ്. അവിടെ മതിലുകളും ആർച്ചുകളും പൊളിച്ചുമാറ്റി. ഇതു സൂചിപ്പിക്കാൻ കാരണം, പൊതുമരാമത്തു വകുപ്പിന്റെ കൈവശമുള്ള സ്ഥലങ്ങളെല്ലാം സ്വകാര്യ വ്യക്തികൾ കയ്യേറ്റം ചെയ്തുകൊണ്ടിരിക്കുന്ന രീതിയാണ് ഉള്ളത്. അതിനെതിരായി ശക്തമായ നടപടി സ്വീകരിക്കണം. എൻ. എച്ച്. റോഡിന്റെ സ്ഥലം തിരിച്ചെടുക്കണം. ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര റോഡുകളും പാലങ്ങളും നിർമ്മാണത്തിന് വേണ്ടി എ.എസ്. നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്ന് അറിയാൻ ആഗ്രഹമുണ്ട്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് മലയോര ഹൈവേയെക്കുറിച്ചാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ മലയോര ഹൈവേ ആരംഭിക്കുമെന്ന് കണ്ണൂരിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. അത് വെറും ജലരേഖയായി മാറിയിരിക്കുകയാണ്. ആ മലയോര ഹൈവേയ്ക്ക് ആവശ്യമായ തുക അനുവദിക്കണം. ബഡ്ജറ്റിൽ 10 ലക്ഷംരൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ നടപടി ക്രമങ്ങൾ ഒന്നും

LIBRARY ARCHIVES Kerala Legislative Assembly

നടക്കാത്ത അവസ്ഥയാണുള്ളത്. ഇതു സംബന്ധിച്ച് ദീപിക പത്രം കാസർഗോഡ് വച്ച് ഒരു സെമിനാർ സംഘടിപ്പിച്ചു. ആ സെമിനാറിൽ കാസർഗോഡ് ജില്ലയിലെ എല്ലാ എം.എൽ.എ.-മാരും രാഷ്ട്രീയപ്പാർട്ടി പ്രതിനിധികളും സാമൂഹ്യ-സാംസ്കാരിക രംഗത്തുള്ള ആളുകളും പങ്കെടുത്തിരുന്നു. മലയോര ഹൈവേ സംബന്ധിച്ച് അവിടെ സംസാരിച്ച എല്ലാവരും അനുകൂലമായ തീരുമാനം എടുക്കുക മാത്രമല്ല ആവശ്യകതയേക്കുറിച്ചും സംസാരിച്ചു. മലയോര ഹൈവേ യാഥാർത്ഥ്യമാക്കണം. അത് യാഥാർത്ഥ്യമാക്കുന്നതിന് എന്താണ് തടസ്സം എവിടെയാണ് തടസ്സമെന്നറിയണം. തടസ്സം ഉണ്ടെങ്കിൽ ആ തടസ്സം ഒഴിവാക്കിക്കൊണ്ട് മലയോര പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന മലയോര ഹൈവേ യാഥാർത്ഥ്യമാക്കണമെന്നുള്ള അഭ്യർത്ഥനയാണുള്ളത്. ഗതാഗത വകുപ്പിനെക്കുറിച്ച് ചില കാര്യങ്ങൾ പറയുകയാണ്. കേരളത്തിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ നഷ്ടത്തിലോടുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഇങ്ങനെ നഷ്ടം വരാനുള്ള ഒരു കാരണം, വലിയ എക്സ്പെർട്ട് അല്ലെങ്കിലും ചെറിയൊരു കാര്യം സൂചിപ്പിക്കുകയാണ്. കേരളത്തിലെ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം നടത്തുന്നത് സ്വകാര്യ സ്ഥാപനങ്ങളിലാണ്. നമ്മുടെ ഡിപ്പോയിൽ തന്നെ ബോഡി നിർമ്മാണം നടത്തുകയാണെങ്കിൽ ഒരു ബസ്സിന് ഏകദേശം രണ്ടുലക്ഷം രൂപയുടെ ലാഭമുണ്ടാക്കാൻ കഴിയും. അതുപോലെയുള്ള ചെറിയ ചെറിയ കാര്യങ്ങൾ ചെയ്തുകൊണ്ട് നല്ല രീതിയിൽ ലാഭമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കണം. നമ്മുടെ സ്ഥാപനത്തിൽനിന്ന് ബസ് ബോഡി നിർമ്മാണം നടത്തുന്നുണ്ടെങ്കിൽ അവിടെയും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകും. അങ്ങനെയൊരു തീരുമാനം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി എടുക്കണം. കെ.എസ്.ആർ.ടി.സി.-യിൽ ആശ്രിത നിയമനവും പി.എസ്.സി. നിയമനവും നടത്താത്ത സാഹചര്യമുണ്ട്. ഏകദേശം 14,000 പേരുൾക്കൊള്ളുന്ന കണ്ടക്ടർമാരുടെ ലിസ്റ്റ് നിലവിലുണ്ട്. ഒരു ഡിപ്പോയിലും കണ്ടക്ടർമാരുടെ നിയമനം നടത്തുന്നില്ല. നടത്തുന്നതുതന്നെ, എം.പാനൽ എന്ന പേരിലാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് എം.പാനൽ എന്ന പദം ഒഴിവാക്കി അവരെ സ്ഥിരമായി നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. മറ്റൊരു ഖേദകരമായ കാര്യം, കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യിൽ 6,000 ഡ്രൈവർമാരെ പി.എസ്.സി. മുഖാന്തിരം നിയമിച്ചിരുന്നു. അതിൽ എസ്.സി./എസ്.ടി.-യുടെ പ്രാതിനിധ്യം കുറവാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന 360 പേരെ നിയമിച്ചിട്ടുണ്ട്. അവർക്ക് ഇന്ന് കൊടുക്കുന്നത് നൂറും നൂറ്റിയിരുപതും രൂപയാണ്. അവരെ സ്ഥിരമാക്കാനും മറ്റുള്ള ഡ്രൈവർമാരെപ്പോലെ ആനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലയിലെ ഡിപ്പോയിൽ 84 ബസ്സുകളാണുള്ളത്. അതിൽ 74 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ബസ്സിന് ടയർ ഉൾപ്പെടെയുള്ള സ്പെയർ പാർട്ട്സ് ആവശ്യമുള്ള സമയത്ത് എത്തുന്നില്ല. അതിൽ പത്തോളം ബസ്സുകൾ കട്ടപ്പുറത്താണ്. ടയർ ഉൾപ്പെടെയുള്ള സ്പെയർ പാർട്ടുകൾ ഇല്ലെന്നു പറഞ്ഞാണ് ബസ്സുകൾ ഓടാതിരിക്കുന്നത്. അവിടെയാവശ്യമായിട്ടുള്ള സ്പെയർ പാർട്ടുകൾ എത്തിക്കാൻ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണം. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി: സർ, ഇവിടെ അവതിരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാന്യനായ സി. എച്ച്. മുഹമ്മദ്കോയ വളരെ ദീർഘവീക്ഷണത്തോടുകൂടി കേരളത്തിലെ പൊതുമരാമത്തു മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളുടെ ചുവടു പിടിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ പുത്രനായ ഡോ. എം. കെ. മുനീർ ഈ വകുപ്പിന്റെ പ്രവർത്തനം കൊണ്ടുപോകുന്നത്. സി. എച്ച്. പൊതുമരാമത്തു വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ അദ്ദേഹം കൊണ്ടുവന്ന ധനാഭ്യർത്ഥനകളേയും പിൻതാങ്ങി പ്രസംഗിക്കാൻ എനിക്ക് സന്ദർഭമുണ്ടായിട്ടുണ്ട്. എം.എൽ.എ.-മാരെ സംബന്ധിച്ചിടത്തോളം എന്നും സ്മരിക്കുന്ന എം.എൽ.എ. റോഡ് പദ്ധതി ആരംഭിച്ചത് സി. എച്ചിന്റെ കാലത്താണ്. നിയമസഭാ സാമാജികന്മാർക്കും ജനപ്രതിനിധികൾക്കും വികസന കാര്യങ്ങളിൽ പങ്കാളിത്തം നൽകുക എന്നുള്ള ഒരു സമീപനം സ്വീകരിച്ചത് അദ്ദേഹം ഈ വകുപ്പ് കൈകാര്യം ചെയ്ത സന്ദർഭത്തിലാണ്. ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് അദ്ദേഹം അന്ന് കാഴ്ചവച്ചത്. ആ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമായി തുടർന്നുകൊണ്ടുപോകാൻ അദ്ദേഹത്തിന്റെ പുത്രന് കഴിയട്ടെ എന്നു ഞാൻ ആശംസിക്കുകയാണ്. കേരളത്തിന്റെ റോഡുവികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് നാം ആലോചിക്കുമ്പോൾ ദേശീയപാതയുടെ വികസനം വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ന് ദേശീയ രാഷ്ട്രീയത്തിൽ ഉണ്ടായിരിക്കുന്ന അനുകൂലമായ സാഹചര്യം പരമാവധി ചൂഷണം ചെയ്യാൻ നമുക്ക് കഴിയണം. സംസ്ഥാനത്ത് നിന്നുള്ള 19 എം.പി.-മാരുടെ പിന്തുണയുള്ള ഒരു ഗവൺമെന്റാണ് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്നത്. കേരളത്തിന്റെ വികസനത്തിൽ, ദേശീയപാത 47 ആയാലും ദേശീയപാത 17 ആയാലും ദേശീയപാത 49 ആയാലും അതിന്റെ വികസനം കേരളത്തിന്റെ മൊത്തത്തിലുള്ള റോഡുവികസനവുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ്. അതുകൊണ്ട് ശരിയായ രീതിയിലുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊണ്ട് ദേശീയപാത വികസന പ്രവൃത്തികൾക്ക് അനുമതി വാങ്ങാനും സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാനുമുള്ള നടപടികൾക്ക് പൊതുമാരമത്തുവകുപ്പ് മുൻകൈ എടുക്കണം. പ്രവർത്തനങ്ങളൊക്കെ സമയബന്ധിതമായി നടത്തിക്കൊണ്ടുപോകാൻ കഴിയണം. കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥന്മാരെ അതിനു നിയോഗിക്കണം. നിർഭാഗ്യവശാൽ നമുക്കുള്ള അനുകൂലമായ സാഹചര്യം ഇന്ന് ഉപോയഗപ്പെടുത്താൻ പലപ്പോഴും കഴിയുന്നില്ല. കാര്യക്ഷമത വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്. നമുക്ക് അനുവദിച്ചിട്ടുള്ള പദ്ധതികൾപോലും നിശ്ചിത സമയത്തിനകത്ത് പൂർത്തീകരിക്കാൻ കഴിയാതെ പോകുന്നു. ദേശീയപാതയുടെ മേഖലകളിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ നേരിട്ടു നടത്തുന്ന പദ്ധതികളാണ് കുറേയെങ്കിലും വേഗതയിൽ പോകുന്നത്. മറ്റു മേഖലകളിൽ നമുക്ക് അനുവദിക്കുന്ന പദ്ധതികൾപോലും നിശ്ചിത സമയത്ത് നടത്താൻ കഴിയാതെ വരുന്നത് കാര്യക്ഷമതയുണ്ടാകാതെ വരുന്നു എന്നുള്ളതുകൊണ്ടാണ്. ഇവിടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വളരെ ഗൗരവമായി ആലോചിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ എൻ.ഡി.എ. ഗവൺമെന്റിന്റെ ഭരണ കാലത്ത് നമുക്ക് ഈ രംഗത്ത് വളരെ അവഗണനയുണ്ടായി എന്ന് നമ്മൾ ആക്ഷേപമുന്നയിക്കാറുണ്ട്. പക്ഷെ അന്നു നമുക്കു ലഭിച്ച പദ്ധതികൾ തന്നെ വളരെ വേഗത്തിൽ നടപ്പാക്കുവാനുള്ള അനുകൂലമായ ഒരു സാഹചര്യമുണ്ടാക്കുന്നതിലും നമുക്ക് വിജയിക്കാൻ കഴിഞ്ഞില്ല. കൊച്ചിയിൽനിന്നും സേലത്തേക്കുള്ള Port Connectivity Road ആണ് അന്ന് പ്രധാനമന്ത്രിയുടെ സുവർണ്ണ പദ്ധതിയിൽപ്പെടുത്തി നമുക്ക് അനുവദിച്ചത്. ആ പദ്ധതി നമുക്ക് പൂർണ്ണമായി ഏറ്റെടുത്ത് നടത്താമായിരുന്നു. പക്ഷേ അതിന് വേഗത വർദ്ധിപ്പിക്കുന്നതിന് ഭൂമി ഏറ്റെടുത്തു കൊടുക്കാൻ നമുക്ക് കഴിയാതെ പോയിട്ടുണ്ട്, encroachment ഒഴിവാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. ആ പണി നടത്തുന്നതിന് പൈപ്പ് ലൈൻ, ഇലക്ട്രിസിറ്റി ലൈൻ ഇവയെല്ലാം മാറ്റിക്കൊടുക്കുന്ന കാര്യത്തിൽ നമ്മുടെ ഭാഗത്തുനിന്നും വീഴ്ചകളുണ്ടായിട്ടുണ്ട്. അതിന് ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഒരു co-ordination ഉണ്ടാകാതെ പോയിട്ടുണ്ട്. അതുകൊണ്ടുതന്നെ നമുക്ക് അനുവദിച്ചിട്ടുള്ള പദ്ധതികൾപോലും പലപ്പോഴും നടപ്പിലാക്കാൻ കഴിയാതെ പോകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും കൂടുതൽ പദ്ധതികൾ നേടിയെടുക്കുകയും, ഏറ്റെടുക്കുന്ന പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കാൻ കഴിയുകയും വേണം. അതിനുള്ള അനുകൂലമായ സാഹചര്യമുണ്ടാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭൂമി ഏറ്റെടുക്കുക വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്, ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്ന കാര്യത്തിൽ വളരെ കാലതാമസമുണ്ടാകുന്നുണ്ട്. കാലതാമസമുണ്ടാകുന്നത് ഒഴിവാക്കാൻവേണ്ടി അതിന് പ്രത്യേകമായ സംവിധാനമേർപ്പെടുത്തണം. പലതവണ ഇത് ഉന്നയിച്ചിട്ടുള്ളതാണ്, എങ്കിലും ഒരു നടപടിയും സംസ്ഥാനത്തുണ്ടായിട്ടില്ല. അതുപോലെ തന്നെ encroachment-കൾ ഒഴിവാക്കുന്ന കാര്യത്തിൽ. ഇവിടെ ഹൈവേ ആക്ടെല്ലാം വന്നു, നിലവിലുള്ള ഉദ്യോഗസ്ഥന്മാർക്ക് responsibility fix ചെയ്തിരുന്നു. പക്ഷേ അതൊന്നും പ്രാവർത്തികമാകുന്നില്ല. അപ്പോൾ ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട മന്ത്രി കൂടുതൽ താൽപര്യമെടുത്ത് ഊർജ്ജസ്വലമായി മുമ്പോട്ട് വരികയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വലിയ മാറ്റമുണ്ടാക്കാൻ കഴിയും. കേരളത്തിൽ മൊത്തത്തിലുണ്ടാകുന്ന വികസനത്തിൽ ഏറ്റവും പ്രധാനമായ പങ്കുവഹിക്കേണ്ടത് റോഡ് വികസനമാണ്. പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ, നല്ല റോഡുകളുണ്ടായാൽ മറ്റു മേഖലകളിൽ വികസനമുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ സംസ്ഥാനത്തുള്ളത്—ഇവിടെ സിറ്റിയും പഞ്ചായത്തുകളും എന്നുള്ള വ്യത്യാസമില്ല. എല്ലാം സിറ്റിപോലെ കിടക്കുകയാണ്. അപ്പോൾ എല്ലാ റോഡുകളും വികസിപ്പിക്കേണ്ടിയിരിക്കുന്നു. അവിടെയാണ് നേരത്തെ ബഹുമാനപ്പെട്ട പല അംഗങ്ങളും പറഞ്ഞതുപോലെ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി Other District Roads ജില്ലാ പഞ്ചായത്തുകളെ

LIBRARY ARCHIVES Kerala Legislative Assembly

ഏൽപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ! പഞ്ചായത്തുകളാണെങ്കിൽ റോഡുകൾ ഏറ്റെടുത്ത് അവിടെ വർക്ക് നടത്തുന്നില്ല. അതിനുവേണ്ടി ലഭിക്കുന്ന തുക അവർ മറ്റു മേഖലകളിൽ ചെലവഴിക്കുന്നു. അതുകൊണ്ടുതന്നെ ആ റോഡുകൾ നമുക്ക് നല്ലനിലയിൽ കൊണ്ടുപോകാൻ കഴിയുന്നില്ല. നിർബന്ധമായും ഒന്നുകിൽ Other District Road-കളുടെ വർക്ക് പി.ഡബ്ല്യു.ഡി. നേരിട്ടു നടത്തുക, അല്ലെങ്കിൽ അത് Major District Roads ആയി മാറ്റുക. ഈ കാര്യത്തിൽ വ്യക്തമായ ഒരു നയസമീപനം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. അതു പോലെ തന്നെ ഇവിടെ കെ.എസ്.റ്റി.പി. റോഡിനെക്കുറിച്ചൊക്കെ പറഞ്ഞു, അതു പോലെ ദേശീയപാത റോഡുകളെക്കുറിച്ച് പറഞ്ഞു, ദേശീയപാത നിലവാരത്തിൽ പണിയുന്ന റോഡുകളെക്കുറിച്ച് പറഞ്ഞു. പക്ഷേ കഴിഞ്ഞ കുറെകാലങ്ങളായി പല സന്ദർഭങ്ങളിലും മികച്ച നിലയിലുള്ള റോഡുകളുണ്ടാക്കിയെങ്കിലും ഗുണമേന്മയുടെ കാര്യത്തിൽ ഇപ്പോഴും നാം പുറകോട്ടുപോകുന്നു എന്നതാണ് യാഥാർത്ഥ്യം. നമ്മളെല്ലാവരും യാത്ര ചെയ്യുന്ന റോഡാണ് കായംകുളത്തുനിന്നും ഹരിപ്പാട് വരെ യുള്ള റോഡ്, വളരെ പെട്ടെന്ന് വികസിപ്പിച്ച റോഡാണ്, നിലവാരത്തിൽ വികസിപ്പിച്ച റോഡാണ്. ഇപ്പോൾ പണി കഴിഞ്ഞിട്ട് 6 മാസം മാത്രമേ ആയിട്ടുള്ളൂ. ആ റോഡിൽക്കൂടി യാത്ര ചെയ്യാൻ കഴിയില്ല, വളരെ മോശമായ നിലയിലാണ് കിടക്കുന്നത്. കരാറുകാരെ സംബന്ധിച്ചിടത്തോളം ഇത്രനാൾവരെ അത് മെയിന്റെയിൻ ചെയ്തുകൊണ്ടുപോകേണ്ട ചുമതല കൂടിയുള്ളതാണ്. ഗുണമേന്മയുടെ കാര്യത്തിൽ ഉറച്ച നിലപാട് സ്വീകരിക്കുന്നതിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പാളിച്ചകൾ വരാൻ പാടില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഗുണമേന്മ വളരെ നിർബന്ധമായുമുണ്ടാകണം. അതുപോലെ തന്നെ ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് നമ്മളിന്ന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യയിൽ മാറ്റങ്ങളുണ്ടാകണം എന്നാണ്. പഴയകാലം മുതൽ തുടർന്നുവരുന്ന രീതിയിൽ അതേ ഡിസൈനുകളും സാങ്കേതിക വിദ്യകളുമുപയോഗിച്ചാണ് നാമിപ്പോൾ പാലങ്ങളും മറ്റും നിർമ്മിക്കുന്നത്, അതിലൊക്കെ മാറ്റമുണ്ടാകണം. താൽപര്യമുള്ള, അഭിരുചിയുള്ള നമ്മുടെ ചെറുപ്പക്കാരായ എഞ്ചിനീയർമാരെ വിദേശത്തുവിട്ടാണെങ്കിലും പരിശീലിപ്പിക്കണം. ഇപ്പോൾ റിട്ടയർ ചെയ്യാൻ മൂന്നു മാസവും 6 മാസവുമുള്ള ഉദ്യോഗസ്ഥന്മാരെയാണ് പരിശീലനത്തിനായി വിദേശത്തേക്ക് വിടുന്നത്. അതിൽ മാറ്റംവരുത്തി ചെറുപ്പക്കാരായ പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാരെ പുറത്തുവിട്ട് പാലങ്ങളുടെ കാര്യത്തിലായാലും ബിൽഡിംഗുകളുടെ നിർമ്മാണ കാര്യത്തിലായാലും ആധുനിക സാങ്കേതികവിദ്യ പരിചയപ്പെടുത്തിക്കൊടുക്കണം. മികച്ച പരിശീലനം കൊടുക്കാനുളള ഒരു സാഹചര്യമുണ്ടാക്കിയെങ്കിൽ മാത്രമേ പുതിയ രീതിയിൽ ഇന്ന് ലോകത്തൊട്ടാകെ യുണ്ടായിരിക്കുന്ന മാറ്റങ്ങൾ നമ്മുടെ സംസ്ഥാനത്തും ഉണ്ടാക്കിയെടുക്കാൻ കഴിയുകയുള്ളൂ. നബാർഡിന്റെ സഹായത്തോടുകൂടിയും മറ്റുപല ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയും പല പാലങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങളും മറ്റും ഏറ്റെടുക്കുന്നുണ്ട്. പക്ഷേ ഗുണമേന്മയുടെ കാര്യത്തിൽ

2/936/2012—14a

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് നല്ലനിലയിൽ അവ പൂർത്തിയാക്കിയെന്ന് അവകാശപ്പെടാൻ കഴിയുന്നില്ല. കുറവുകൾ കണ്ടുകൊണ്ട്, അതിൽ കാര്യമായ മാറ്റം വരുത്തിക്കൊണ്ട്, ആധുനിക സാങ്കേതിക വിദ്യയും ആധുനിക ഡിസൈനും ഉപയോഗിച്ചുകൊണ്ട് നല്ല പാലങ്ങളുണ്ടാക്കുന്ന കാര്യത്തിലും അതിനുള്ള സാഹചര്യമുണ്ടാക്കുന്ന കാര്യത്തിലും ഗവൺമെന്റ് വളരെ, സത്വരമായി ശ്രദ്ധിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. നബാർഡിന്റെ സഹായത്തോടു കൂടിയുള്ള പാലങ്ങൾക്ക് അനുമതി നൽകുന്ന കാര്യത്തിൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എറണാകുളം ജില്ലയിൽ ഒരൊറ്റ പാലത്തിനും അനുമതി ലഭിച്ചിട്ടില്ല, അതെന്തുകൊണ്ടാണെന്ന് അറിയാൻ വയ്യ. അതിനുവേണ്ടിയുള്ള പ്രൊപ്പോസലുകൾ വരുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും നടപടിക്രമങ്ങളിലുള്ള കാലതാമസം ഒരിക്കലും അംഗീകരിക്കാൻ പറ്റാത്തതാണ്. അങ്ങനെയുള്ള ഉദ്യോഗസ്ഥരോട് എനിക്ക് പറയാനുള്ളത്, ഇങ്ങനെ കാലതാമസം വരുത്തി ഒന്നും ചെയ്യാതെയിരിക്കുന്നവർ, ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ വേറെ ഏതെങ്കിലും മേഖലയിലേക്ക് പോകുകയാണെങ്കിൽ ഈ സംസ്ഥാനം രക്ഷപ്പെടുമെന്നാണ്. കാര്യക്ഷമതയില്ലെന്നുള്ളതുകൊണ്ടാണ് കാലതാമസമുണ്ടാകുന്നത്. നടപടി ക്രമങ്ങൾ ദുരൂഹമാക്കിക്കൊണ്ട് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാക്കി പല വികസന പ്രവർത്തനങ്ങളും മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. പൊതുമരാമത്തു വകുപ്പിനെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ കാലങ്ങളിലൊക്കെത്തന്നെ വളരെയേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും നമുക്ക് വളരെയേറെ കാര്യങ്ങൾ ഈ മേഖലകളിൽ ഏറ്റെടുക്കാൻ കഴിയും, വളരെ മാറ്റങ്ങളുണ്ടാക്കാൻ കഴിയും. ആ നിലയിൽ ഉണർന്നു പ്രവർത്തിക്കാൻ ചെറുപ്പക്കാരനായ ഊർജ്ജസ്വലനായ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് കഴിയും, അതിനുള്ള ശ്രമങ്ങളുമായി അദ്ദേഹം മുന്നോട്ടുപോകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. കൊച്ചി നഗരത്തിന്റെ വികസനത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് Seaport-Airport Road. Seaport-Airport റോഡിന്റെ പകുതിഭാഗം പൂർത്തിയായിട്ടുണ്ട്, ബാക്കി പൊന്നുംവിലയ്ക്കെടുക്കുന്ന നടപടികളായിട്ടില്ല. ഞാൻ നേരത്തേ പറഞ്ഞ പ്രശ്നം അവിടെയുമുണ്ട്. Land Acquisition-ന് ഉള്ള കാലതാമസം വളരെയേറെ വരുന്നുണ്ട്. ബഹുമാനപ്പെട്ട അങ്ങയുടെ നിയോജകമണ്ഡലവുമായി ബന്ധപ്പെടുന്ന റോഡാണ്. കൊച്ചിയുടെ വികസനത്തിലും കൊച്ചി പോർട്ടിന്റെ വികസനത്തിലും കൊച്ചി എയർപോർട്ടിന്റെ വികസനത്തിലുമൊക്കെ വളരെ പ്രധാന പങ്കുവഹിക്കാൻ പോകുന്ന ഈ പദ്ധതി ബ്രിഡ്ജസ് കോർപ്പറേഷനാണ് നടത്തുന്നത്. ആ പദ്ധതി വളരെ വേഗത്തിൽ നടക്കണമെങ്കിൽ അതിന്റെ Land Acquisition വളരെ വേഗത്തിൽ നടത്തണം. ഇനി പൂർത്തീകരിക്കേണ്ട മേഖലകളിൽ Land Acquisition വളരെ വേഗത്തിൽ നടത്താൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ആലോചിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ എറണാകുളം സിറ്റി റോഡുകൾ............

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സർ, അങ്ങ് പൊതുമരാമത്തു വകുപ്പിനെ സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചു. പക്ഷേ ഈ ധനാഭ്യർത്ഥന ചർച്ച ട്രാൻസ്പോർട്ട് വകുപ്പിനെക്കൂടി ബാധിക്കുന്നതാണ്, അതേക്കുറിച്ച് അങ്ങ് എന്താണ് ഒന്നും പറയാത്തത്?

ശ്രീ. കെ. മുഹമ്മദാലി: റോഡ് ഇല്ലെങ്കിൽ ഗതാഗതം ഉണ്ടാകില്ലല്ലോ. റോഡ് ഉണ്ടാകുമ്പോൾ സ്വാഭാവികമായും ഗതാഗതം ഉണ്ടാകുമല്ലോ. തിരുവനന്തപുരം സിറ്റിയിലെ റോഡുകൾക്കൊക്കെ പ്രത്യേകമായ പരിഗണന നൽകി സഹായിക്കുന്നത് നല്ല കാര്യമാണ്. തലസ്ഥാന നഗരിയെ സഹായിക്കണം. കൊച്ചി നഗരത്തിലേയും അതുമായി ബന്ധപ്പെട്ട വിശാല കൊച്ചി മേഖലയിലേയും റോഡുകളുടെ വികസന കാര്യങ്ങളിൽ പ്രത്യേകമായ താൽപര്യം കാണിക്കുക എന്നുള്ളതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിന്റെ വികസന കാര്യങ്ങളിൽ മുമ്പിൽ നിൽക്കുന്ന ഒരു പ്രദേശമാണ് കൊച്ചി നഗരം. വികസന കാര്യങ്ങളിൽ ഏറ്റവും കൂടുതൽ സാമ്പത്തിക സൗകര്യമുണ്ടാക്കുന്ന പ്രദേശമാണ് കൊച്ചി മേഖല. കൊച്ചിയിൽ ഇന്ന് വളരെ ഗതാഗത കുരുക്കുള്ള റോഡുകളാണ്. കൊച്ചി നഗരത്തിലെ പ്രധാനപ്പെട്ട റോഡുകളായ ഇടപ്പള്ളി-ഗൂഡല്ലൂർ പോലെയുള്ള, ദേശീയ പാതകൾ കടന്നുപോകുന്ന പാലാരിവട്ടം പോലുള്ള, പ്രധാന മേഖലകളിൽ ഫ്ളൈ ഓവറുകൾ വളരെ അനിവാര്യമാണ്. അതിനാവശ്യമായ അടിയന്തിര നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം. തിരുവനന്തപുരം സിറ്റിക്കു നൽകുന്ന പ്രത്യേകമായ പരിഗണന കൊച്ചി നഗരത്തിനും നൽകി, കൊച്ചി നഗരത്തെ രക്ഷപ്പെടുത്തണം എന്നാണ് എനിക്കു വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഊർജ്ജസ്വലനായ പൊതുമരാമത്തു വകുപ്പുമന്ത്രി ഉൾപ്പെടെ ഇവിടെ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഒരു സർക്കാരിന്റെ പ്രതിച്ഛായ ആളുകൾക്ക് ബോദ്ധ്യപ്പെടുന്നത് റോഡുകളുടെ നിലവാരത്തിന്റെ അടിസ്ഥാനത്തിലാണ്. റോഡുകൾ വളരെ നന്നായി മെയിന്റെയിൻ ചെയ്യാൻ കഴിഞ്ഞാൽ സ്വാഭാവികമായും ആളുകൾക്ക് ഗവൺമെന്റിനെക്കുറിച്ച് നല്ല അഭിപ്രായമുണ്ടാക്കാൻ, പ്രതിച്ഛായ സൃഷ്ടിച്ചെടുക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ജനങ്ങൾക്ക് വളരെയേറെ ആവശ്യമുള്ള ഒരു ഘടകമെന്നുള്ള നിലയിൽ, റോഡുകളുടെ വികസനം വളരെയേറെ അനിവാര്യമാണ്. ഡോ. എം. കെ. മുനീറിന്റെ മുഖംപോലെതന്നെ സുന്ദരമായി റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നു സന്തോഷത്തോടുകൂടി അനുസ്മരിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. നല്ല റോഡുകൾ സംസ്ഥാനത്തുടനീളം നിലനിർത്തണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ജോസഫ് എം. പുതുശ്ശേരി പറഞ്ഞ് കുഴപ്പമാക്കരുത്. റോഡുകൾ മുഴുവൻ കുണ്ടും കുഴിയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: റോഡുകൾ മുഴുവൻ കുണ്ടും കുഴിയുമാണെന്നുള്ളത് അങ്ങയുടെ ധാരണ മാത്രമാണ്. ഇടതുമുന്നണിയുടെ ഭരണകാലത്തെ വിഖ്യാതമായ ഹംസക്കുണ്ടുകളെ ഓർത്ത്, അന്നത്തെ റോഡുകളുടെ കുണ്ടും കുഴിയും ഓർത്ത് പഴയ ഓർമ്മയിൽ അദ്ദേഹം പറഞ്ഞതായിരിക്കും. പി.ഡബ്ല്യു.ഡി. റോഡുകൾ, വളരെ നന്നായി മെയിന്റെയിൻ ചെയ്യാൻ കഴിയുന്നു എന്നുള്ള കാര്യം അഭിമാനത്തോടുകൂടി ഞാൻ ഓർമ്മിക്കുകയാണ്. വളരെ നല്ല നിലയിൽ ഈ റോഡുകളെ മുന്നോട്ടു കൊണ്ടുപോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പി.ഡബ്ല്യു.ഡി.-യെ സംബന്ധിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ലോകബാങ്കിന്റെ തിരിച്ചടവിന് 200 കോടി രൂപ വേണം. അതുകഴിഞ്ഞാൽ 38 കോടി രൂപ മാത്രമാണ് ഈ പ്രാവശ്യം ബഡ്ജറ്റ് അലോക്കേഷനുള്ളത്. നന്നായി ഈ റോഡുകൾ മെയിന്റെയിൻ ചെയ്തു കൊണ്ടുപോകുവാൻ പി.ഡബ്ല്യു.ഡി.-ക്ക് ആ സംഖ്യ മതിയാകുകയില്ല. അതുകൊണ്ട് പദ്ധതി വിഹിതം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ആ കാര്യം ശ്രദ്ധിക്കണമെന്നും നടപടി ഉണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. 27 മാസമായി കോൺട്രാക്ടർമാർക്ക് പണം കൊടുക്കുന്നില്ല. ബിൽ കുടിശ്ശിക നൽകാനുണ്ട്. പദ്ധതി വിഹിതം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. 200 കോടി രൂപയെങ്കിലും ഇതിനുവേണ്ടി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ശ്രീ. അടൂർ പ്രകാശ് അടക്കമുള്ള ആളുകൾ ഒ.ഡി.ആർ. എം.ഡി.ആർ. ആക്കുന്ന കാര്യം സൂചിപ്പിക്കുകയുണ്ടായി. വികസനത്തിൽ ഏറ്റവും അടിസ്ഥാനപരമായിട്ടുള്ളത് റോഡുകളുടെ വികസനമാണ്. മറ്റു വികസന പരിപാടികൾ കടന്നു വരണമെങ്കിൽ റോഡുകൾക്കു വികസനമുണ്ടാകണം. വിപണി ഉണരണമെങ്കിൽ, ഗതാഗത സൗകര്യം വർദ്ധിപ്പിക്കണം. അതു റോഡുകളെ ആശ്രയിച്ചാണിരിക്കുന്നത്. പഞ്ചായത്ത് റോഡുകളൊക്കെ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കണമെന്ന് കഴിഞ്ഞ കാലങ്ങളിലൊക്കെ ആവശ്യപ്പെട്ടിരുന്നതാണ്. പഞ്ചായത്തിരാജ് നിയമം വന്നതിന്റെ അടിസ്ഥാനത്തിൽ മറ്റു റോഡുകളെയൊക്കെ ഉപേക്ഷിക്കുന്ന ഒരു നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. പഞ്ചായത്തുകൾക്ക് വിഹിതം കൊടുത്തിരിക്കുന്നു എന്നുള്ള ന്യായം പറഞ്ഞുകൊണ്ടാണ് ഇക്കാര്യങ്ങൾ നിർവ്വഹിക്കുന്നത്. പക്ഷേ പഞ്ചായത്തുകൾക്ക് അതിനുതക്ക സാമ്പത്തിക സഹായം നൽകുന്നതുമില്ല. ചുരുക്കത്തിൽ സംസ്ഥാന പ്ലാനിംഗ് ബോർഡാണ് ഇക്കാര്യത്തിന്റെയൊക്കെ മുകളിൽ നിഷേധാത്മകമായ ഒരു സമീപനം സ്വീകരിക്കുന്നത്. പി.ഡബ്ല്യു.ഡി.-യുടെ കൈവശമുണ്ടായിരുന്ന റോഡുകൾ പി.ഡബ്ല്യു.ഡി.-യുടെ കൈവശം തന്നെ നിലനിർത്തണം. ഒ.ഡി.ആർ. റോഡുകളൊക്കെ പഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഒരു അനിശ്ചിതാവസ്ഥയും പ്രതിസന്ധിയും ഉണ്ടാക്കിയിരിക്കുകയാണ്. പി.ഡബ്ല്യു.ഡി.-യുടെ കയ്യിൽ നിലവിലുണ്ടായിരുന്ന ഒ.ഡി.ആർ. എം.ഡി.ആർ. ആയി രൂപാന്തരപ്പെടുത്തിക്കൊണ്ട് പി.ഡബ്ല്യു.ഡി.-യിൽ തന്നെ നിലനിർത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ പ്ലാനിംഗ് ബോർഡ് എടുത്തിരിക്കുന്ന യാഥാർത്ഥ്യബോധമില്ലാത്ത സമീപനം ഉപേക്ഷിക്കാൻ തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന റോഡുകൾ, പി.ഡബ്ല്യു.ഡി. ഏറ്റെടുത്തെങ്കിൽ മാത്രമേ ഇതിന്റെ മെയിന്റനൻസ് ഫലപ്രദമായി നടത്തിക്കൊണ്ട്, റോഡുകൾ ഗതാഗതയോഗ്യമാംവണ്ണം സൂക്ഷിക്കാൻ കഴിയൂ. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു നടപടി വേണമെന്ന് അഭ്യർത്ഥിക്കുന്നു. വളരെ ഫലപ്രദമായി ഈ ഡിപ്പാർട്ടുമെന്റ് മുന്നോട്ടു കൊണ്ടുപോകുന്ന പ്രിയപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രിക്ക് എല്ലാ വിധ ആശംസയും അർപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. വി. കെ. ചന്ദ്രൻ]

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഗതാഗത മേഖലയിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇന്നു ഇന്ത്യയിൽ നാലാം സ്ഥാനമാണ് കേരളത്തിനുള്ളത്. നമുക്കു മുന്നിലുള്ളത് മഹാരാഷ്ട്രയും തമിഴ്നാടും പഞ്ചാബും മാത്രമാണ്. ഏതാണ്ട് ഒരു ലക്ഷത്തി മുപ്പത്തിയെണ്ണായിരം കിലോമീറ്റർ റോഡും 1148 കി.മീറ്റർ റെയിൽവേയും 1687 കി.മീറ്റർ ഉൾനാടൻ ജലഗതാഗതവും 111 സ്റ്റാറ്റ്യൂട്ട് മൈൽ വ്യോമമാർഗ്ഗവും 17 തുറമുഖങ്ങളും ചേർന്നതാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഗതാഗതമാർഗ്ഗം. മുമ്പുണ്ടായിരുന്നതിനേക്കാൾ മനോഹരമായ റോഡുകൾ നിർമ്മിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. രാത്രി കാലങ്ങളിൽ റോഡിലൂടെ സഞ്ചരിക്കുമ്പോൾ നമ്മുടെ റോഡുകൾ എത്ര മനോഹരമാണെന്നു കാണാൻ സാധിക്കും. ആ റോഡുകൾക്കൊക്കെ മെയിന്റനൻസിന്റെ സമയമായി. എത്രയും വേഗം മെയിന്റനൻസ് വർക്കുകൾ നടത്തണം. റോഡുകൾക്ക് ശാസ്ത്രീയമായി ഒരു കൽപനാരീതി ഉണ്ടാകണം. ഫുട്പാത്തുകാർക്കും സൈക്കിൾ യാത്രക്കാർക്കും സഞ്ചരിക്കുന്നതിന് ഉപയുക്തമാകത്തക്ക രീതിയിൽ റോഡുകൾ ശാസ്ത്രീയമായി സംവിധാനം ചെയ്യേണ്ടതുണ്ട്. ഈ ഗവൺമെന്റ് 21 മേൽപ്പാലങ്ങൾ പണിയുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്. വളരെയധികം അഭിമാനിക്കത്തക്ക രീതിയിൽ ഏതാണ്ട് 506 കി.മീറ്റർ നീളമുള്ള എക്സ്പ്രസ്സ് ഹൈവേയുടെ പഠനം പൂർത്തീകരിച്ചിരിക്കുകയാണ്. എനിക്കു പ്രത്യേകിച്ചു പറയാനുള്ളത്, കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പന്ത്രണ്ടരക്കോടി രൂപ ചെലവഴിച്ച് നിർമ്മിച്ചിരിക്കുന്ന അഴീക്കൽ തുറമുഖത്തെക്കുറിച്ചാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് പണി തുടങ്ങി. 65 ശതമാനം പണികൾ പൂർത്തീകരിച്ചതാണ്. അതിനു ശരിയായ പ്രയോജനമുണ്ടാകണമെന്നുണ്ടെങ്കിൽ അഴീക്കൽ ആയിരം തെങ്ങുംപാലം പൂർത്തീകരിക്കണം. കഴിഞ്ഞ തെരഞ്ഞെടുപ്പിനു മുമ്പ് വളരെയേറെ ധൃതിപിടിച്ച് അഴീക്കൽ പാലത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചതാണ്. യാതൊരു ഫോളോ അപ്പ് ആക്ഷനും എടുക്കാതെ, മണ്ണു പരിശോധന പോലും കഴിയാതെ തെരഞ്ഞെടുപ്പു കാലത്തുവന്ന് കല്ലിട്ടു പോയതല്ലാതെ യാതൊരു നടപടിയും എടുത്തിരുന്നില്ല. റഫ് എസ്റ്റിമേറ്റ് കൊടുത്തിട്ടാണ് മുഖ്യമന്ത്രി അന്നു പാലത്തിന് കല്ലിട്ടത്. ഈ ഗവൺമെന്റ് വന്നതിനുശേഷം മണ്ണു പരിശോധന നടത്തി. അന്ന് ഏഴരക്കോടി രൂപയുടെ റഫ് എസ്റ്റിമേറ്റ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ നബാർഡ് ഏഴരക്കോടി രൂപ മാത്രം

LIBRARY ARCHIVES Kerala Legislative Assembly

സാംഗ്ഷൻ ചെയ്യുകയും ചെയ്തു. എന്നാൽ മണ്ണു പരിശോധനയെല്ലാം നടത്തിയതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് 13 കോടി രൂപയിൽ എത്തിയിരിക്കുകയാണ്. ഏഴരക്കോടി രൂപ മാത്രമാണ് നബാർഡ് തന്നിരിക്കുന്നത്. അതിനു മാത്രമാണ് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയിരിക്കുന്നത്. ഞാൻ മനസ്സിലാക്കുന്നത്, ഇവിടെ ആരംഭിച്ചിട്ടുള്ള പദ്ധതികളിലെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഏതാണ്ട് 16 കോടി രൂപ വരെ നബാർഡിന്റെ സാംഗ്ഷൻഡ് എമൗണ്ട് ഉണ്ട് എന്നാണ്. മുനമ്പം പാലത്തിനൊക്കെ സാംഗ്ഷൻഡ് എമൗണ്ട് പകുതിയാക്കി കുറച്ചിട്ടുണ്ട്. നബാർഡിന്റെ സാംഗ്ഷൻഡ് എമൗണ്ടുള്ളതുകൊണ്ട് അതുകൂടി ഈ തുറമുഖത്തിനു പ്രയോജനപ്പെടത്തക്ക രീതിയിൽ മാറ്റിത്തരണ മെന്ന് ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ആർ.ടി,സി.-യെ സംബന്ധിച്ചിടത്തോളം പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഹഡ്ക്കോയിൽ നിന്നും 100 കോടി രൂപ വാങ്ങി 800 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. രണ്ടു എയർ കണ്ടീഷൻഡ് വോൾവോ ബസ്സുകൾ ഇറക്കിയിട്ടുണ്ട്. അതുപോലെ re-treading സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എനിക്കു പറയാനുള്ളത് കെ.എസ്.ആർ.ടി.സി.-ക്ക് ഇന്നുള്ള സംവിധാനം തന്നെ ഉപയോഗിച്ച് body building കൂടി നടത്തണം എന്നാണ്. രണ്ട് Lightning Express സർവ്വീസുകൾ ഉണ്ട്. 30 സീറ്റുകളുള്ള മിനി ബസ് ഈ ഗവൺമെന്റിന്റെ സംഭാവനയാണ്. ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ ഉപയോഗിച്ചു ടിക്കറ്റു കൊടുത്തു തുടങ്ങിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. ഇന്ത്യയിൽ ആദ്യമായി Public Transport Vehicle സൗകര്യം ഈ ഗവൺമെന്റിന്റെ കാലത്താണ് ഉണ്ടായത്. MACT അദാലത്തുകൾ നടത്തിയിരുന്നു. എന്റെ നിയോജകമണ്ഡലത്തിൽ വളരെ ഹൃദയവേദനയുണ്ടാക്കിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന നാലാമത്തെ സ്റ്റേഷനാണ് കരുനാഗപ്പള്ളി സ്റ്റേഷൻ അവിടെ എ.റ്റി.ഒ. ഉണ്ടായിരുന്നതാണ്. അതിന്റെ പകുതിപോലും വരുമാനമില്ലാത്ത അടൂർ കെ.എസ്.ആർ.ടി.സി. സ്റ്റേഷനിലേക്ക് അവിടെ ഇരുന്ന എ.റ്റി.ഒ.-യെ മാറ്റിയിട്ട് വളരെ മാസങ്ങളായി. ഞാൻ പല പ്രാവശ്യം നിവേദനം കൊടുത്തിട്ടുണ്ട്. ഒരു കണ്ടക്ടർക്ക് ആ സ്റ്റേഷനിലെ ചാർജ് കൊടുത്തിരിക്കുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്രയും നാളായിട്ടും കേരളത്തിലെ നാലാമത്തെ ലാഭമുണ്ടാക്കുന്ന ഒരു സ്റ്റേഷനായിട്ടുപോലും കരുനാഗപ്പള്ളിയിൽ ഒരു എ.റ്റി.ഒ.-യെ നിയമിക്കുന്നതിനുള്ള നടപടിയുണ്ടായിട്ടില്ലെയെന്നുള്ളത് ദുഃഖത്തോടുകൂടി ഞാൻ മന്ത്രിയെ അറിയിക്കുകയാണ്. അതിനെത്രയും വേഗം പരിഹാരമുണ്ടാക്കണമെന്നു പറഞ്ഞു കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. വി. ജെ. പൗലോസ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ ഭാവി സ്വപ്നം കാണുന്നവരാണ് Lap top. മുഖ്യമന്ത്രിയായ ശ്രീ. എ. കെ. ആന്റണിയും ബ്ലാക്ക് ടോപ്പ് മന്ത്രിയായിട്ടുള്ള ശ്രീ. എം. കെ. മുനീറുമെന്നുള്ള കാര്യം കേരളത്തിൽ എല്ലാപേർക്കും അറിയാം. നമ്മുടെ നാട്ടിൽ വികസനം നടക്കുന്നുണ്ടെന്നുള്ള കാര്യം ജനങ്ങൾക്കറിയാം. മുഖം മനസ്സിന്റെ കണ്ണാടിയാണെന്നു പറയുന്നതുപോലെ റോഡാണ്

LIBRARY ARCHIVES Kerala Legislative Assembly

വികസനത്തിന്റെ കണ്ണാടി. ഇപ്പോൾ നമ്മുടെ നാട്ടിൽ വികസനമുണ്ടെന്നുള്ള ഒരു പ്രതീതിയുണ്ടായിട്ടുണ്ട്. ഇതിന്റെ മുഖ്യ കാരണം യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം black top മന്ത്രി ശ്രീ. എം. കെ. മുനീർ നമ്മുടെ റോഡുകളുടെ കുണ്ടും കുഴിയുമെല്ലാം മാറ്റി നല്ല നിലയിലാക്കിയിട്ടുണ്ട് എന്നതാണ്. റോഡിന്റെ പണികൾ സംസ്ഥാനത്തിന്റെ പല ഭാഗത്തും നടന്നു കൊണ്ടിരിക്കുകയാണ്. റോഡുകളെ സംബന്ധിച്ചുള്ള ആളുകളുടെ ധാരണയൊക്കെ ഇപ്പോൾ മാറിയിട്ടുണ്ട്. റോഡ് നന്നായാലേ നമ്മുടെ നാട് രക്ഷപ്പെടുകയുള്ളൂ. റോഡപകടങ്ങളുടെ നാടായി കേരള സംസ്ഥാനം മാറിക്കൊണ്ടിരിക്കുകയാണ്. ട്രാഫിക് ദുരന്തങ്ങളും ഗതാഗതക്കുരുക്കുകളും കേരളത്തിൽ വർദ്ധിച്ചു വരുന്നതായി റിപ്പോർട്ടുകളുണ്ട്. ഇതിനുള്ള പരിഹാരമെന്നു പറയുന്നത് പുതിയ റോഡുകൾ നിർമ്മിക്കുകയും നിലവിലുള്ള പാതകൾ വീതി കൂട്ടുകയുമാണ്. നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന റോഡപകടങ്ങളുടെ ഗൗരവത്തെക്കുറിച്ച് വായിക്കാനിടയായ സാഹചര്യത്തിൽ എനിക്ക് കിട്ടിയ കണക്ക് ഞാൻ സൂചിപ്പിക്കാം. 2003 വർഷത്തിലുണ്ടായ റോഡപകടങ്ങളിൽ മരിച്ചവർ 2905 ആണ്. വാഹനാപകടങ്ങളുടെ എണ്ണം 39,496. ഇതിൽ ഇരുചക്രവാഹനാപകടം 17,970. കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ മരിച്ചവരുടെ എണ്ണം 13,600-ൽ ഏറെ വരും. ഇത്രമാത്രം റോഡപകടങ്ങളും ഇരുചക്ര വാഹനാപകടങ്ങളും സംസ്ഥാനത്തുണ്ടാകുകയാണ്. ആയിരക്കണക്കിന് ആളുകൾ മരണപ്പെടുകയാണ്. വാഹനങ്ങൾ വർദ്ധിക്കുന്നതനുസരിച്ചുള്ള റോഡ് വികസനം നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുമുണ്ടാകണം. നമ്മുടെ നാട്ടിലെ റോഡപകടങ്ങളുടെ പ്രധാന കാരണങ്ങൾ പരിശോധിക്കുമ്പോൾ ഒന്നാമത്തെ കാര്യം റോഡുകളുടെ തകരാറുകളാണ്. രണ്ടാമതായി അപകടങ്ങളുണ്ടാകാൻ സാദ്ധ്യതയുള്ള മുന്നറിയിപ്പ് ബോർഡുകളും റിഫ്ളക്റ്ററുകളും സ്ഥാപിക്കാതിരിക്കുന്നതാണ്. കഴിഞ്ഞ പത്തു വർഷങ്ങൾക്കുമുമ്പ് റോഡിൽ അപകടങ്ങൾ പതിയിരിക്കുന്നതിനെ സംബന്ധിച്ചുള്ള അറിയിപ്പുകൾ എഴുതി വച്ചിട്ടുണ്ടായിരുന്നു. ആ ബോർഡുകൾ ഇന്നില്ല. അതെല്ലാം നശിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെ സൂചന കിട്ടാത്തതുകൊണ്ടും ധാരാളം റോഡപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. മൂന്നാമത്തെ കാരണം ഡ്രൈവർമാരുടെ അയോഗ്യതായണ്. നാലമാമത്തേത് സഞ്ചാരയോഗ്യമല്ലാത്ത വാഹനങ്ങൾ, അഞ്ചാമത്തേത് അമിതവേഗം, ആറാമത്തേത് അശ്രദ്ധമായിട്ടോ മദ്യപിച്ചോ വാഹനമോടിക്കുന്നതുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ. അങ്ങനെ നിരവധി കാരണങ്ങളുണ്ടെങ്കിലും റോഡുകളുടെ തകരാറുതന്നെയാണ് മുഖ്യകാരണ മെന്നുള്ളത് നിഷേധിക്കാൻ കഴിയില്ല. റോഡുകളുടെ പണി തീർന്നു കഴിഞ്ഞാൽ ഒരു മാസത്തിനകംതന്നെ തകരുന്ന റോഡുകൾ പല പ്രദേശത്തും നമുക്ക് കാണാൻ കഴിയും. നിലവാരം കുറഞ്ഞ റോഡുകൾ നിർമ്മിക്കുന്നതിന് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥന്മാരെ കണ്ടെത്തി ശിക്ഷിക്കണം. മഴക്കാലമാകുമ്പോൾ റോഡുകൾ മുഴുവൻ കുണ്ടും കുളവുമാണ്. ഈ സന്ദർഭത്തിലാണ് കൂടുതൽ റോഡപകടങ്ങൾ ഉണ്ടാകുന്നത്. മഴക്കാലത്ത് പൊളിയുന്ന റോഡുകൾ വേനൽക്കാലത്ത് നന്നാക്കാമെന്നുള്ള പ്രവണത അവസാനിപ്പിക്കുമെന്നുള്ള മന്ത്രിയുടെ പ്രസ്താവനഞാൻ പത്രത്തിൽ വായിച്ചതു വച്ചുകൊണ്ട് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. റോഡിലെ കുഴികൾ മഴക്കാലത്തുതന്നെ നികത്തുന്നതിനാവശ്യമായ നിർദ്ദേശം ഉദ്യോഗസ്ഥന്മാർക്ക് കൊടുത്തു. അങ്ങനെയുള്ള ഒരു സമീപനം കേരള സംസ്ഥാനത്ത് ആദ്യമായി സ്വീകരിച്ച ഒരു മന്ത്രിയാണ് അദ്ദേഹം. മഴക്കാലത്താണെങ്കിലും റോഡ് കേടു വരുകയാണെങ്കിൽ അത് ഉടനെതന്നെ നന്നാക്കാനാവശ്യമായ സാങ്കേതിക വിദ്യയുപയോഗിച്ച്, അതിനുള്ള മെറ്റീരിയൽസ് കണ്ടെത്തി നന്നാക്കാണമെന്ന് കർശനമായ നിർദ്ദേശം ഉദ്യോഗസ്ഥന്മാർക്ക് കൊടുത്തിട്ടുണ്ട്. അങ്ങനെയുള്ള ഒരു കാഴ്ചപ്പാടുണ്ടാക്കിയതിന് അദ്ദേഹത്തെ അഭിനന്ദിക്കാതിരിക്കാൻ പറ്റില്ല. മഴക്കാല മായാലും വേനൽക്കാലമായാലും റോഡിനുണ്ടാകുന്ന അറ്റകുറ്റപ്പണികൾ ശരിയായ രീതിയിൽ യഥാസമയത്ത് നടത്തണം. അതുപോലെ മഴക്കാലത്ത് ഒരു റോഡും വെട്ടിപ്പൊളിക്കാൻ ആരെയും അനുവദിച്ചുകൂടാ. റോഡുകൾ വെട്ടിപ്പൊളിക്കുന്നതാണ് റോഡപകടങ്ങളുണ്ടാകാനുള്ള പ്രധാനപ്പെട്ട ഒരു കാരണം. മഴക്കാലത്ത് റോഡുകൾ മോശമായിക്കൊണ്ടിരിക്കുന്ന സമയത്തുതന്നെ വെട്ടിപ്പൊളിക്കണമെന്നുള്ള കാര്യത്തിൽ ഡിപ്പാർട്ടുമെന്റുകൾക്ക് വളരെ നിർബന്ധമാണ്. അതുകൊണ്ട് മഴക്കാലത്ത് ആരേയും റോഡ് വെട്ടിപ്പൊളിക്കാൻ അനുവദിച്ചുകൂടാ. അതിനുള്ള പകരം സംവിധാനം അവർ തന്നെ ചെയ്യണം. ടെലഫോൺ ഡിപ്പാർട്ടുമെന്റായാലും വാട്ടർ അതോറിറ്റിയായായാലും പകരം സംവിധാനങ്ങൾ അവർ ചെയ്യണം. കേരള സംസ്ഥാനം വളരെവേഗം വികസിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാവിയിലുണ്ടാകാവുന്ന വാഹനത്തിരക്കും, വാഹനപ്പെരുപ്പവും എല്ലാം മുന്നിൽ കണ്ടുകൊണ്ട് ഈ സർക്കാർ കൊണ്ടുവരുന്ന എക്സ്പ്രസ് ഹൈവേ സ്വാഗതാർഹമാണ്. അത് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനും, ടൂറിസം, ചരക്കു ഗതാഗതം ഇവയിലൊക്കെ വൻ വികസനമുണ്ടാക്കാനും ഉപയുക്തമായിരിക്കും. നമ്മുടെ സംസ്ഥാനത്തിൽ എക്സ്പ്രസ് ഹൈവേ തുടങ്ങാനുള്ള എല്ലാ നടപടികളും വളരെ വേഗത്തിൽ നടന്നുകൊണ്ടിരി ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ നഗരമായ, മെട്രോ നഗരമായ, കൊച്ചിയിൽ ദ്വീപുകളെ വൻകരയുമായി ബന്ധിപ്പിക്കുന്ന പാലങ്ങളുണ്ടാക്കി (ഗോശ്രീ പാലങ്ങൾ) ഗതാഗതത്തിനു തുറന്നുകൊടുത്തു. യു.ഡി.എഫ്. സർക്കാരിന്റെ ഒരു പരിപാടിയെന്ന നിലയിൽ, സമയബന്ധിതമായി അതിന്റെ പണികൾ പൂർത്തിയാക്കാനും ഗതാഗതത്തിനു തുറന്നുകൊടുക്കാനും കഴിഞ്ഞുയെന്നു പറയുന്നത് ഒരു ചെറിയ കാര്യമല്ല. ഇത് പൊതുമരാമത്തു വകുപ്പിനും, കേരള ഗവൺമെന്റിനും അഭിമാനിക്കാൻ വകനൽകുന്ന ഒരു കാര്യമാണ്. അതുപോലെതന്നെ നമ്മുടെ നാഷണൽ ഹൈവേയുടേയും, ഇന്റർസ്റ്റേറ്റ് ഹൈവേയുടേയും, സ്റ്റേറ്റ് ഹൈവേയുടേയും മുഴുവൻ ഭാഗവും അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കണം. കെ.എസ്.ടി.പി. പദ്ധതി പ്രകാരമുള്ള പുതിയ ഗുണനിലവാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉത്തരവാദിത്വത്തോടുകൂടി പൂർത്തിയാക്കണം. പണ്ടൊക്കെ കേരളത്തിൽനിന്നും അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന ആളുകൾ അവിടത്തെ റോഡുകൾ കണ്ടിട്ട് ഇവിടെവന്ന് പറയുമായിരുന്നു. അവിടെത്ത റോഡ് എത്ര നല്ല റോഡ്, നമ്മുടെ റോഡ് എന്തു

LIBRARY ARCHIVES Kerala Legislative Assembly

റോഡ്, എന്ന്. ആ സ്ഥിതിയൊക്കെ ഇപ്പോൾ മാറി. കേരളത്തിലുള്ള റോഡുകളെല്ലാം നല്ല നിലവാരം പുലർത്തുന്ന റോഡുകളാക്കി അപകടങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ഊന്നൽ കൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ശ്രീ. പി. ജയരാജൻ: അങ്ങ് നമ്മുടെ സംസ്ഥാനത്തെ വാഹനങ്ങളുടെ പെരുപ്പവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന റോഡപകടങ്ങളും മറ്റു കാര്യങ്ങളുമൊക്കെയാണ് വിവരിച്ചത്. അത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിൽ തീർച്ചയായും പൊതുമരാമത്ത് വകുപ്പിന് ഉത്തരവാദിത്വം ഉണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പാണ് ആവശ്യമായിട്ടുള്ള നടപടികൾ എടുക്കേണ്ടത്. അതിനെക്കുറിച്ച് താങ്കൾ എന്താണ് ഒന്നും പ്രതികരിക്കാതിരിക്കുന്നത്?

ശ്രീ. വി. ജെ. പൗലോസ്: ഗതാഗത വകുപ്പിന്റെ ചുമതല ആ വകുപ്പ് തീരുമാനിക്കും. അപകടങ്ങൾ ഉണ്ടാകുന്നത് റോഡിലാണ്. റോഡിലൂടെയാണ് വാഹനങ്ങൾ ഓടുന്നത്. റോഡിന്റെ അപര്യാപ്തതകൾ അതിൽ പ്രധാനമായി കാണുന്നുണ്ട്. ഇന്ന് നമ്മുടെ റോഡുകൾ കുണ്ടും കുഴിയുമായി കിടക്കുകയാണ്. വേണ്ടത്ര വീതിയില്ല. റോഡ് ഭൂമി (പുറമ്പോക്ക്) പലരും കൈവശം വച്ചിരിക്കുന്നു. ജനപ്പെരുപ്പം കൊണ്ട് നടക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു. വാഹനങ്ങൾക്ക് ഓടാൻ സൗകര്യമില്ലാതെ പ്രശ്നങ്ങളാണ്. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നുള്ള രീതിയിലാണ് ഞാൻ പറഞ്ഞത്. ഈ സർക്കാർ വികസന കാര്യത്തിൽ വളരെ മുന്നോട്ടുപോയിട്ടുണ്ട്. പക്ഷേ നടക്കുന്ന വികസനങ്ങൾ ഏറെയും നഗരങ്ങളിലാണ് എന്നുള്ള പരാതിയുണ്ട്. തിരുവനന്തപുരം നഗരത്തിൽ മാത്രം ധാരാളം വികസനം നടക്കുന്നുണ്ട്. അത് നടക്കേണ്ടതാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ തിരുവനന്തപുരത്ത് അവശ്യം ഉണ്ടാകേണ്ട വികസന പ്രവർത്തനങ്ങൾ ശ്രദ്ധിക്കാതെ പോയിട്ടുണ്ട് എന്ന പരാതിയുള്ളതിൽ കഴമ്പുണ്ട്. തലസ്ഥാനത്തിന്റെ അന്തസ്സ് നിലനിർത്തത്തക്ക രീതിയിലുള്ള പരിഷ്ക്കാരങ്ങൾ ഉണ്ടാക്കുന്നതിന് നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അത് കൊച്ചിയിലും കോഴിക്കോടും എല്ലാം ഉണ്ടായിട്ടുണ്ട്. വരാൻ പോകുന്ന നമ്മുടെ എക്സ്പ്രസ്സ് ഹൈവേ നാഷണൽ ഹൈവേയുടെ പാലരൽ ആയിട്ടാണു വരുന്നത്. അപ്പോൾ വികസനം വളരെയേറെ ഉണ്ടായ ഭാഗത്തുതന്നെ കൂടുതൽ കൂടുതൽ വികസനം ഉണ്ടാക്കുന്നു എന്നുള്ള ഒരു ആക്ഷേപം ഇന്ന് പല കേന്ദ്രങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. എക്സ്പ്രസ് ഹൈവേയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതോടൊപ്പം തന്നെ മലയോര ഹൈവേയും ആരംഭിക്കണം. തിരുവനന്തപുരത്ത് നെയ്യാർ ഡാമിൽനിന്ന് ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ പെരളശ്ശേരിവരെ മലയോര പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന ഹിൽവേയുടെ പ്രവർത്തനങ്ങളും ഇതോടൊപ്പം ഒരുമിച്ച് ആരംഭിച്ച് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ എല്ലാ ഭാഗത്തേയ്ക്കും എത്തി എന്നുള്ളത് ആളുകൾക്ക് ബോദ്ധ്യമാകുന്ന ഒരു സ്ഥിതിയുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ: ബഹുമാനപ്പെട്ട മെമ്പർ മലയോര വികസനം കൂടി ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞു. അതുപോലെ പ്രത്യേകം നബാർഡ് ഫണ്ട് വാങ്ങി ടൂറിസ്റ്റ് മേഖലകളിലേയ്ക്ക് വിനിയോഗിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചിട്ടുണ്ട്. എങ്കിലും അതിൽ മിക്കതും പ്രത്യേകിച്ച് നെല്ലിയാംപതി റോഡ് സമയബന്ധിതമായി തീർക്കാൻ കഴിയാത്ത ഒരു അവസ്ഥ വന്നുചേർന്നിട്ടുള്ള വിവരം ബഹുമാനപ്പെട്ട മെമ്പറുടേയും ബഹുമാനപ്പെട്ട മന്ത്രിയുടേയും ശ്രദ്ധയിൽവന്നിട്ടുണ്ടോ?

ശ്രീ. വി. ജെ. പൗലോസ്: 1993-ൽ ആദ്യമായി മലയോരഹൈവേ എന്നുള്ള ആശയം ശ്രീ. ഉമ്മൻചാണ്ടി ധനമന്ത്രി ആയിരുന്നപ്പോൾ അന്നത്തെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് വച്ചതാണ്. "മലയോര ഹൈവേ കേരളത്തിൽ കൊണ്ടുവരും, അത് പ്രാവർത്തികമാക്കും, അത് നെയ്യാർഡാമിൽ തുടങ്ങി പെരളശ്ശേരിവരെയാണ്" എന്ന് പറഞ്ഞു. മൂന്നാറിലെ പൂപ്പാറയിൽനിന്നും പാലക്കാട് ജില്ലയിലെ പോത്തുണ്ടി വരെയുള്ള ഒന്നാം ഘട്ടത്തിനുള്ള 50 ലക്ഷം രൂപയും വകകൊള്ളിച്ചു. അതിന്റെ പ്രത്യേകത എന്തെന്ന് വച്ചാൽ മൂന്നാർ, തട്ടേക്കാട്, മലയാറ്റൂർ, അതിരപ്പിള്ളി, നെല്ലിയാംപതി തുടങ്ങിയ ടൂറിസ്റ്റ് മേഖലകളെ ബന്ധിപ്പിക്കുന്നതാണ് ഒന്നാം ഘട്ടം. ആ ഒന്നാം ഘട്ടമാണ് ആദ്യമായിട്ട് ഏറ്റെടുക്കുന്നതെങ്കിൽ കേരളത്തിലെ ഏറ്റവും വലിയ ടൂറിസ്റ്റു കേന്ദ്രമായിട്ടുള്ള മൂന്നാറിലേയ്ക്ക് അന്താരാഷ്ട്ര വിമാനത്താവളമായ നെടുമ്പാശ്ശേരിയിൽ നിന്നും ഒരു റോഡ് ഉണ്ടാകും. അതിന് വളരെയേറെ പ്രാധാന്യമുണ്ട്. എനിക്ക് മറ്റൊരു കാര്യം പറയാനുള്ളത്, മൂന്നാർ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമാണ്. മൂന്നാറിനേയും കൊടൈക്കനാലിനേയും കൂടി ബന്ധിപ്പിക്കുന്ന ഒരു പദ്ധതിയെ സംബന്ധിച്ച കുറിപ്പ് കണ്ടു. പക്ഷേ അത് പറയാൻ എനിക്ക് സമയമില്ല. ഏതായാലും മൂന്നാറും കൊടൈക്കനാലും ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടണം. കൊച്ചിയിൽനിന്നും മൂന്നാറിലേയ്ക്ക് പോകുന്ന ടൂറിസ്റ്റുകൾക്കും അതുപോലെ വളർന്നു വികസിച്ചു കൊണ്ടിരിക്കുന്ന കോതമംഗലം, മൂവാറ്റുപുഴ, പെരുമ്പാവൂർ തുടങ്ങിയ പ്രദേശങ്ങളിലുള്ള ആളുകൾക്കും ഭാവിയിൽ കൂടുതൽ സൗകര്യപ്രദമാകത്തക്ക രീതിയിൽ ആയിരിക്കണം പ്രവർത്തനങ്ങൾ. കോതമംഗലത്തുനിന്നും എറണാകുളത്തേക്കുള്ള ദൈർഘ്യം 55 കിലോമീറ്ററാണ്. അത് പെരുമ്പാവൂർ വഴിയാണെങ്കിലും മൂവാറ്റുപുഴ വഴിയാണെങ്കിലും 23 കി.മീറ്റർ കുറയ്ക്കാൻ കഴിയുന്ന രീതിയിൽ പാലാരിവട്ടം-കോതമംഗലം റൂട്ടിനുള്ള ഒരു പ്രൊപ്പോസൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പരിഗണനയ്ക്ക് കൊടുത്തിട്ടുണ്ട്. അദ്ദേഹം അത് വളരെ സജീവമായി പരിഗണിക്കേണ്ടതുണ്ട്. അതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് വളരെ പെട്ടെന്ന് തന്നെ നടപടികൾ സ്വീകരിക്കുകയും ഭരണാനുമതി കൊടുക്കുകയും ചെയ്യണം. കോതമംഗലത്തുനിന്നും 22 കി.മീറ്റർ കുറച്ച് എറണാകുളത്ത് എത്തുക എന്ന് പറഞ്ഞാൽ മൂന്നാറിലേയ്ക്ക് പോകുന്ന ടൂറിസ്റ്റുകൾക്കും കൊടൈക്കനാലിലേക്കു പോകുന്ന ടൂറിസ്റ്റുകൾക്കും കൊടൈക്കനാലിൽനിന്നും കൊച്ചിയിലേയ്ക്ക് വരുന്നവർക്കുമൊക്കെ എത്രമാത്രം പ്രയോജനം കിട്ടും എന്നുള്ള കാര്യത്തെക്കുറിച്ച് നമുക്ക് മനസ്സിലാകും.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..................അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. വി. ജെ. പൗലോസ്: സർ, ഞാൻ ഇവിടെ പറയുന്നത് എല്ലാവരുടേയും കാര്യമാണ്. നമ്മുടെ പഞ്ചായത്തുകളും മറ്റും ആവശ്യപ്പെട്ട പ്രകാരമുള്ള ധാരാളം റോഡുകൾ കഴിഞ്ഞ കാലങ്ങളിൽ പി.ഡബ്ല്യു.ഡി. ഏർപ്പെടുത്തിയിട്ടുണ്ട്. ആ റോഡുകൾ ക്ലാസിഫൈ ചെയ്തിട്ടുള്ളത് ഒ.ഡി.ആറും വില്ലേജ് റോഡുകളും ആയിട്ടാണ്. റവന്യൂ വരുമാനത്തിന് സാദ്ധ്യതയില്ലാത്ത ജില്ലാ പഞ്ചായത്തുകൾക്ക് പ്രസ്തുത റോഡുകൾ വിട്ടു കൊടുത്തതുമൂലം ഓരോ മേഖലയിലും ഗുരുതരമായിട്ടുള്ള പ്രശ്നങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഇപ്പോൾ ഇവിടെ സംസാരിച്ച എം.എൽ.എ.-മാർ അത് പറഞ്ഞു. സംസാരിക്കാത്ത ആളുകളുടേയും അഭിപ്രായം ഇതാണ്. ഒ.ഡി.ആർ. റോഡുകൾ യാതൊരു കാരണവശാലും വിട്ടുകൊടുക്കരുത്. അത് മെയിന്റെയിൻ ചെയ്യാനുള്ള പണത്തിന്റെ ബുദ്ധിമുട്ടാണെങ്കിൽ ഞങ്ങൾ എല്ലാവരും ശക്തിയായി പറയുന്നു, നമ്മുടെ പൊതുമരാമത്ത് വകുപ്പിൽ വെസ്റ്റ് ചെയ്തിട്ടുള്ള റോഡുകളെല്ലാം ഓരോ വർഷവും അഭിവൃദ്ധിപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ള പണം പൊതുമരാമത്ത് വകുപ്പിന് കൊടുക്കണം എന്ന്. അങ്ങനെ പണം കൊടുക്കേണ്ട സ്ഥാനത്ത് റോഡുകൾ വിട്ടു കൊടുത്താൽ എന്താണ് സംസ്ഥാനത്തെ റോഡിന്റെ സ്ഥിതി? പി.ഡബ്ല്യു.ഡി. റോഡുകൾ താഴോട്ട് വിട്ടുകൊടുക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കിക്കൊണ്ടുള്ള ഉറപ്പ് ബഹുമാന്യനായ മന്ത്രിയുടെ മറുപടിയിൽനിന്നും ഉണ്ടാകണം എന്നുകൂടി ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കട്ടെ; ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഊർജ്ജസ്വലനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഭരണതന്ത്രജ്ഞനായ ഗതാഗത വകുപ്പുമന്ത്രിയും ഈ നാടിന്റെ നന്മയെ ലക്ഷ്യമാക്കിക്കൊണ്ട് ഒട്ടേറെ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ, പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ വേണ്ടി, ധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ വളരെ സന്തോഷത്തോടുകൂടി അവയെ ഞാൻ പിൻതാങ്ങുകയാണ്. കേരളത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റോഡുകളും ഗതാഗതവും ആർക്കും ഒഴിവാക്കി നിർത്താൻ പറ്റാത്ത രണ്ട് മേഖലകളാണ്. ഇത് രണ്ടും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. ഇവിടെ സംസാരിച്ച ബഹുമാന്യനായ അംഗങ്ങളൊക്കെത്തന്നെ റോഡുകൾ നന്നായാൽ, ഗതാഗതം സുഗമമാകും എന്ന രീതിയിൽ സംസാരിക്കുകയുണ്ടായി. എന്റെ അഭിപ്രായവും അത് തന്നെയാണ്. നമ്മുടെ സംസ്ഥാനത്തെ റോഡുകളുടെ കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞു. ഒന്നുരണ്ട് കാര്യങ്ങൾ മാത്രം ബഹുമാന്യനായ മന്ത്രിയുടെ മുമ്പിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരം ഏറ്റ സന്ദർഭത്തിൽ 1300 കോടി രൂപയോളം കരാറുകാർക്ക് കുടിശ്ശിക ഉണ്ടായിരുന്നു. കഴിഞ്ഞ വർഷം 1217 കോടി രൂപ കൊടുത്തുകഴിഞ്ഞു. അതിന്റെ നേട്ടം ഈ ഗവൺമെന്റിന്റേതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. 627 കോടി രൂപയുടെ ബാദ്ധ്യത ഇപ്പോഴും നിലനിൽക്കുകയാണ്. അടിയന്തിരമായി അത് കൊടുത്തു തീർക്കാനുള്ള നടപടിയിലേയ്ക്ക് നീങ്ങണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. സർ, കെ.എസ്.റ്റി.പി.-യുടെ നേതൃത്വത്തിൽ ഇവിടെ റോഡ് വികസനം നടക്കുന്നു. എം. സി. റോഡ് അടക്കമുള്ള റോഡുകളുടെ വികസനം വളരെ നല്ല പദ്ധതിയാണ്. ജനങ്ങളുടെ മുഴുവൻ അംഗീകാരവും അഭിപ്രായവും

12 Noon] നേടിയെടുത്ത ഒരു പദ്ധതിയാണെന്നുണ്ടെങ്കിൽ പോലും ഇന്ന് ഒച്ചിന്റെ വേഗതയിലാണ് ആ പണി നടക്കുന്നത്. അതൊന്ന് സ്പീഡ് അപ് ചെയ്യുവാനും വളരെവേഗം കെ.എസ്.റ്റി.പി.-യുടെ നിർമ്മാണ മേഖലകൾ പൂർത്തീകരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ആ കാര്യത്തിൽ കുറേക്കൂടി ശ്രദ്ധിക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ ഉണ്ടാകുന്ന വലിയ കാലതാമസം—നെഗോഷ്യേറ്റ് ചെയ്ത സ്ഥലം പെട്ടെന്ന് എടുക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽപോലും അനാവശ്യമായ തടസ്സവാദങ്ങൾ ഉന്നയിച്ചുകൊണ്ട് സ്ഥലമെടുപ്പ് നടപടികൾക്ക് കാലതാമസം ഉണ്ടാക്കുന്ന കീഴ്വഴക്കം എങ്ങനെ മറികടക്കാൻ കഴിയും എന്ന് ആലോചിക്കണം. റോഡുകൾക്ക് ആവശ്യമെങ്കിൽ അല്ലെങ്കിൽ മറ്റ് വികസന കാര്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി കോടതിയിലേക്ക് പോകാതെ നിയമനിർമ്മാണത്തിൽക്കൂടി പരിഹരിക്കാൻ കഴിയുമോയെന്നുള്ള കാര്യവും ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം എന്നു മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒ.ഡി.ആർ. റോഡുകൾ എം.ഡി.ആർ. റോഡുകളാക്കുന്ന കാര്യം പറഞ്ഞു, എത്രയോ കാലമായി ഈ നിയമസഭയിൽ പറയുന്ന കാര്യമാണ്. സർ, ഒ.ഡി.ആർ. റോഡുകൾ സത്യത്തിൽ ഇന്ന് അനാഥമാണ്. അതുപോലെതന്നെ വില്ലേജ് റോഡുകളും സംസ്ഥാനത്ത് ഇന്ന് അനാഥമാണ്. ഈ കാര്യത്തിൽ ദീർഘവീക്ഷണമുള്ള ബഹുമാന്യനായ മന്ത്രി അടിയന്തിരമായി ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് അവ നടപ്പിലാക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. പൊതുമരാമത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക വളരെ കുറവാണ്. ഓരോ വർഷവും നീക്കിവയ്ക്കുന്ന തുക പരിശോധിക്കുമ്പോൾ വളരെയധികം വേദന തോന്നുകയാണ്. പി.ഡബ്ല്യു.ഡി. പോലെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പിന്റെ ആവശ്യത്തിന് പണം കൊടുക്കാതെ വികസന കാര്യങ്ങൾക്ക് തടസ്സം വരുത്തുന്ന രീതി ഒരിക്കലും നമുക്ക് അംഗീകരിക്കാൻ ആകില്ല. കഴിഞ്ഞ അഞ്ചു കൊല്ലങ്ങളിലെ ധനാഭ്യർത്ഥനയുമായി ഒരു താരതമ്യപഠനം ഞാൻ നടത്തി നോക്കിയപ്പോൾ കെട്ടിടങ്ങളുടെ ചെലവുകൾക്ക് വേണ്ടിയുള്ള തുക 9010 കോടി രൂപയുണ്ടായിരുന്നത് ഈ വർഷം വർദ്ധിപ്പിച്ചിട്ടുണ്ട്. റോഡുകളുടേയും പാലങ്ങളുടേയും പണിയ്ക്ക് 1999-2000-ാമാണ്ടിൽ 24760 കോടി രൂപ ചെലവഴിച്ചുവെങ്കിൽ ഇപ്പോൾ 524 കോടി രൂപയായി കുറഞ്ഞിരിക്കുന്നു. ഈ നാട്ടിൽ റോഡ് നന്നാക്കണ്ടേ? എല്ലാപേരും പറഞ്ഞത് റോഡ് നന്നാക്കണമെന്നാണ്. റോഡ് നന്നാക്കാൻ ആവശ്യമായ പണം വേണ്ടേ സർ? ചില രംഗങ്ങളിൽ വളരെ അസൂയാർഹമായ പുരോഗതി കൈവരിച്ചു കഴിഞ്ഞുവെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യവും ഞാൻ വിസ്മരിക്കുന്നില്ല. റോഡുകൾ ടാർ ചെയ്യുന്ന കാര്യത്തിൽ മുമ്പെല്ലാം വാങ്ങിയിട്ടുള്ളതിലധികം ബിറ്റുമിൻ വാങ്ങി അത് റോഡു നിർമ്മാണത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിഞ്ഞു. ദീർഘവീക്ഷണത്തോടുകൂടി പോകുന്ന ഈ വകുപ്പിനെ ഞാൻ അങ്ങേയറ്റം ശ്ലാഘിക്കുകയാണ്. ഗതാഗത കുരുക്കുകൾ ഒഴിവാക്കാൻ പരമാവധി ബൈപാസുകൾ ഉണ്ടാക്കുന്ന കാര്യം സജീവമായി ഗവൺമെന്റ് പരിഗണിക്കുന്നു എന്ന് ഇന്നലെ ബഹുമാന്യനായ പൊതുമരാമത്തു വകുപ്പുമന്ത്രി എന്റെ സബ്മിഷന് മറുപടിയായിട്ട് പറയുകയുണ്ടായി. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. ഇനിയും ആ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് പോകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രധാനപ്പെട്ട മറ്റൊരു വകുപ്പാണ് ഗതാഗത വകുപ്പ്. ഗതാഗത വകുപ്പിൽ കെ.എസ്.ആർ.ടി.സി.-യുടെ നവീകരണം ലക്ഷ്യമിട്ടുകൊണ്ട് ഐക്യ ജനാധിപത്യമുന്നണി ഒരു സബ് കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ആ സബ് കമ്മിറ്റിയുടെ കൺവീനർ എന്നുള്ള നിലയിൽ പ്രവർത്തിക്കാനുള്ള ഭാഗ്യം എനിക്ക് ഉണ്ടായി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. എ. എൻ. രാജൻ ബാബുവും, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും, ഈ നിയമസഭയിലെ അംഗങ്ങളായ ഞങ്ങളെല്ലാപേരും കൂടി ചേർന്ന് എല്ലാ കാര്യങ്ങളും പരിശോധിച്ച് 32 നിർദ്ദേശങ്ങൾ അടങ്ങിയ ശുപാർശകൾ കെ.എസ്.ആർ.ടി.സി.-ക്കും ഗവൺമെന്റിനും സമർപ്പിക്കുകയുണ്ടായി. ആ ശുപാർശയിൽ 31 ശുപാർശകളും അതേപടി പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് നടപ്പിലാക്കാനുള്ള ഉത്തരവ് 5-5-2003-ൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പുറത്തിറക്കി. പക്ഷെ ആ ഉത്തരവ് നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു പുരോഗതി കൈവരിച്ചിട്ടുണ്ടോയെന്ന് സംശയമാണ്. എല്ലാപേരാലും ശ്ലാഘിക്കപ്പെട്ട ഒരു ശുപാർശയുണ്ട്. അപകടങ്ങളിൽപ്പെട്ട് അനേകമാളുകൾ ഗുരുതരമായി പരിക്കേൽക്കുകയും, മരണപ്പെടുകയും ചെയ്യുന്നത് നിത്യ സംഭവമാണ്. അങ്ങനെയുള്ളവർക്ക് നഷ്ടപരിഹാരം കിട്ടാനുള്ള സാദ്ധ്യത ഇന്നു വളരെ കുറവാണ്. ഇതു മനസ്സിൽ കണ്ടുകൊണ്ടാണ് ഞങ്ങൾ ഏകോദരസഹോദരങ്ങളെപ്പോലെ കൂടിയിരുന്ന് ആലോചിച്ച് ഒരു നിർദ്ദേശം മുന്നോട്ടുവച്ചത്. കെ.എസ്.ആർ.ടി.സി. യാത്രക്കാരുടെ ക്ഷേമകാര്യങ്ങൾക്ക് കെ.എസ്.ആർ.ടി.സി.-യിൽ പ്രത്യേകമായി ഒരു ഡെഡിക്കേറ്റഡ് ഫണ്ട് രൂപീകരിക്കണമെന്ന നിർദ്ദേശമാണത്. അധിക ബാദ്ധ്യതയുണ്ടാകാതെ എങ്ങനെ ആ ഫണ്ട് സ്വരൂപിക്കാം എന്നുള്ള കാര്യത്തിലും ഞങ്ങൾ നിർദ്ദേശം കൊടുത്തു. 15 രൂപയ്ക്ക് മുകളിലുള്ള ഓരോ ടിക്കറ്റിന് 50 പൈസയും 100 രൂപയ്ക്ക് മേലുള്ള ടിക്കറ്റിന് ഒരു രൂപയും എന്ന ക്രമത്തിൽ ഈടാക്കിയാൽ ഈ ഫണ്ട് സ്വരൂപിക്കാൻ കഴിയുമെന്നും അതൊരു പ്രത്യേക ഹെഡ്ഡിൽ അർഹിക്കുന്ന ആളുകൾക്ക് അപകട നഷ്ടപരിഹാരം കൊടുക്കാൻ വിനിയോഗിക്കണമെന്നും പറഞ്ഞിരുന്നു. അത് അംഗീകരിച്ചുവെങ്കിൽപോലും, ബഹുമാന്യനായ ട്രാൻസ്പോർട്ട് മന്ത്രിയോടുള്ള എന്റെ വിനീതമായ അഭ്യർത്ഥന, അടിയന്തിരമായി, യുദ്ധകാലാടിസ്ഥാനത്തിലേതുപോലെ, ഈ ഫണ്ട് സ്വരൂപിക്കുന്ന നടപടികൾ ആരംഭിക്കണമെന്നാണ്. മറ്റൊരു കാര്യം, നമ്മുടെ കെ.എസ്.ആർ.ടി.സി. ഇന്ന് 4398 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. 3780 ഷെഡ്യൂളുകൾ ഓപ്പറേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നുണ്ട്. 30,765 ജീവനക്കാരുള്ള ഒരു വലിയ പൊതുമേഖലാ സ്ഥാപനമാണ്, ആ പൊതുമേഖലാ സ്ഥാപനം ഇന്ന് വിജകരമായി പോകുന്നത് തീർച്ചയായും തൊഴിലാളികളുടെ കൂടി ആത്മാർത്ഥമായ സഹകരണം കൊണ്ടു മാത്രമാണെന്നുള്ള കാര്യം ഞാൻ മറക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യുടെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അത് പോരായെന്നാണ് എന്റെ അഭിപ്രായം. കെ.എസ്.ആർ.ടി.സി. ഇന്ന് ഈ നാട്ടിലെ സാധാരണ ജനങ്ങളുടെ ഏറ്റവും വലിയ ഗതാഗത സൗകര്യമാർഗ്ഗമാണ്. ആ മാർഗ്ഗം വർദ്ധിപ്പിക്കാൻ വേണ്ടി, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിലേക്ക് വേണ്ടി, 5 കോടി രൂപ മാറ്റിവച്ചത് സ്വാഗതാർഹമാണെങ്കിലും കുറേക്കൂടി തുക മാറ്റിവയ്ക്കാൻ ശ്രമിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിവർഷം 130 കോടി രൂപയുടെ നഷ്ടം വന്നുകൊണ്ടിരിക്കുകയാണ്. സാമൂഹ്യ ബാദ്ധ്യത നിറവേറ്റുന്നതുമൂലമുള്ള നഷ്ടമാണ് ഇത്. വിദ്യാർത്ഥികൾക്കുള്ള സൗജന്യം, യാത്രാ സൗകര്യങ്ങൾ, പാസുകൾ ഇതൊക്കെക്കൊണ്ടുള്ള നഷ്ടമാണ്. 130 കോടി രൂപയുടെ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. സാമൂഹ്യ ബാദ്ധ്യതകൾ ഭംഗിയായി നിറവേറ്റുവാൻ കെ.എസ്.ആർ.ടി.സി.-ക്ക് ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. 850 ബസ്സുകൾ ഇറക്കാൻ പരിപാടിയിട്ടുവെങ്കിലും 450 ബസുകൾ മാത്രമേ ഇറക്കിയിട്ടുള്ളൂ. ബാക്കി ബസ്സുകൾ അടിയന്തിരമായി ഇറക്കുവാൻ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും, സൂപ്പർഫാസ്റ്റ് ബസ്സുകളും എത്രയോ മനോഹരമാണ്. ആ ബസ്സുകൾ ഇറക്കിയപ്പോൾ ടൂറിസം വകുപ്പിന്റെ വാഹനമാണോയെന്ന് തെറ്റിദ്ധരിച്ച ആളുകളുണ്ട്. പക്ഷെ ഇപ്പോഴെന്താണ് സ്ഥിതി? ആ വാഹനങ്ങൾ കഴുകി സംരക്ഷിക്കുവാൻ യാതൊരു നടപടിയും നമ്മുടെ കെ.എസ്.ആർ.ടി.സി.-യിൽ ഇല്ല. മസ്ദൂർ വിഭാഗമുണ്ട്. പക്ഷെ അവർ അത് ചെയ്യുന്നില്ല. ചെയ്യിപ്പിക്കാൻ കഴിയുന്നില്ല. എനിക്ക് വിനീതമായി മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ കഴുകി വൃത്തിയാക്കി സൂക്ഷിക്കാനുള്ള സത്വരമായ നടപടി സ്വീകരിക്കണം എന്നാണ്. വേണ്ടിവന്നാൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഇതിന് ഏർപ്പാട് ഉണ്ടാക്കിയിട്ടാണെങ്കിലും വേണ്ടില്ല ചെയ്യണം. അങ്ങും ഞാനും യാത്ര ചെയ്യുന്ന കെ.എസ്.ആർ.ടി.സി. ബസ്സിൽ നമ്മുടെ വെള്ള വസ്ത്രത്തിൽ അഴുക്കു പറ്റാതെ യാത്ര ചെയ്യാൻ വാഹനങ്ങൾ കഴുകി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് എപ്പോഴും ആക്ഷേപമാണ്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ വ്യാപകമായി അഴിമതി നടക്കുന്നു എന്ന ആക്ഷേപം ഇല്ലാതാക്കാൻ വേണ്ടി കഴിഞ്ഞകാലത്ത് ചില തീരുമാനങ്ങൾ എടുത്തു. ഫാസ്റ്റ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ തീരുമാനമെടുത്തു. ഫാസ്റ്റ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ താരുമാനമെടുത്തു എങ്കിൽപോലും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എവിടെനിന്ന് ധനസഹായം ലഭ്യമാക്കിയിട്ടാണെങ്കിലും മോട്ടോർ വെഹിക്കിൾ ഓഫീസുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കണം. ആന്ധ്ര സംസ്ഥാനത്ത് കമ്പ്യൂട്ടറൈസേഷൻ വന്നതോടുകൂടി 75 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

അഴിമതി ഇല്ലാതായി എന്ന് രേഖകൾ സൂചിപ്പിക്കുന്നു. കേരളത്തിലും അടിയന്തിരമായി അത് നടപ്പിലാക്കണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് 190 മിനി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇത് അധികം ആളുകൾക്കും പ്രയോജനകരമായി മാറുന്നുണ്ട്. പാരലൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-യെ തകർക്കുന്ന സാഹചര്യത്തിൽ കൂടുതൽ മിനി ബസ്സുകൾ വാങ്ങി ആ മേഖലയിൽ സർവ്വീസ് നടത്തി പാരലൽ സർവ്വീസുകൾ അവസാനിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ആത്മാർത്ഥമായി ശ്രമിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്. വാഹനങ്ങളുടെ പൊല്യൂഷനാണല്ലോ ഇപ്പോൾ ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്ന വിഷയം. സംസ്ഥാനത്ത് ഇന്ന് പുകനിയന്ത്രണ കാര്യങ്ങൾക്ക് വ്യാജ സർട്ടിഫിക്കറ്റ് കൊടുക്കുന്നുണ്ടെന്ന വ്യാപകമായ പരാതിയുണ്ട്. ഇതെങ്ങനെ പരിഹരിക്കാൻ കഴിയും? വാഹനങ്ങളുടെ ഫോട്ടോ പതിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് അംഗീകൃത പുകപരിശോധന സ്ഥാപനങ്ങൾ വഴി നൽകുന്നതിനുള്ള നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കണം. മൂവാറ്റുപുഴയിൽനിന്നും ആളുകൾ പഠനാവശ്യത്തിനും മറ്റ് ആവശ്യങ്ങൾക്കും ബാംഗ്ലൂരിലേക്കും കോയമ്പത്തൂരിലേക്കും പോകുന്നുണ്ട്. അതുകൊണ്ട് മൂവാറ്റുപുഴയിൽനിന്ന് ബാംഗ്ലൂർ, കോയമ്പത്തൂർ, തെങ്കാശി തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസുകൾ ആരംഭിക്കണം. അന്തർ സംസ്ഥാന സർവ്വീസിന്റെ കാര്യത്തിൽ കെ.എസ്.ആർ.ടി.സി. കുറേക്കൂടി മുന്നോട്ടു പോകണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, കെ.എസ്.ആർ.ടി.സി.-ക്ക് സംസ്ഥാന ഗവൺമെന്റ് നൽകുന്ന സാമ്പത്തിക സഹായം വർഷംതോറും കുറഞ്ഞു വരികയാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-ക്കുള്ള സാമ്പത്തികസഹായം വർദ്ധിപ്പിക്കണം. സംസ്ഥാനത്തെ കുറേ വർക്ക്ഷോപ്പുകളിൽ ബോഡി ബിൽഡിംഗ് നടത്തുന്നതിനുപകരം മറ്റ് സംസ്ഥാനങ്ങളിൽനിന്നു ബോഡി ബിൽഡ് ചെയ്ത് ഇവിടെ കൊണ്ടുവന്ന് അസംബിൾ ചെയ്യുന്ന നടപടി ഉപേക്ഷിക്കണം. പ്രത്യേകിച്ച്, ബസ് ബോഡി ഇവിടെ ഉണ്ടാക്കിയാൽ കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളികൾക്ക് ജോലി നൽകി നല്ല ബസ്സുകൾ ഇറക്കാൻ സാധിക്കും. ആവശ്യമെങ്കിൽ അവർക്ക് ട്രെയിനിംഗ് നൽകി നമ്മുടെ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലെ ബോഡി ബിൽഡിംഗ് യൂണിറ്റുകളിൽ ബോഡി ബിൽഡിംഗ് നടത്തിക്കണം. ഇവിടെ പ്രത്യേകിച്ച് മലബാർ ഭാഗത്ത്, ടൗൺ ടു ടൗൺ സർവ്വീസായി ധാരാളം ബസ്സുകളുണ്ടായിരുന്നു. സാമാന്യം നല്ല രീതിയിൽ കളക്ഷൻ ലഭിച്ചിരുന്നു. അതിൽ പലതും ഇന്ന് നിറുത്തലാക്കിയിരിക്കുന്നു. അതുകൊണ്ട് ഈ സർവ്വീസുകൾ പുനരാരംഭിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. അമ്പത്തിനാലു കോടി രൂപ വേണം പെൻഷൻ കൊടുക്കുന്നതിന്. ഇതൊക്കെ രാജ്യത്തിന്റെ സാമൂഹ്യ ബാദ്ധ്യതയാണ്. സംസ്ഥാന ഗവൺമെന്റിനും കേന്ദ്ര ഗവൺമെന്റിനും ഇന്നുള്ളതിന്റെ ഇരട്ടി

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ കൊടുക്കാനുള്ള ബാദ്ധ്യത വരുംവർഷങ്ങളിലുണ്ടാകും. ഈ നിയമസഭ അംഗീകരിച്ച് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ തീരുമാനത്തിനുശേഷം പെൻഷന്റെ പേരിൽ ബാദ്ധ്യത പറഞ്ഞുകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ വൈപുല്യത്തെ തകർക്കരുത്. കെ.എസ്.ആർ.ടി. സി.-ക്കു പുതിയ ബസ്സുകൾ വാങ്ങുന്നതിനായി ഹഡ്കോയിൽനിന്നും 100 കോടി രൂപ വായ്പ എടുക്കുന്നതിനെകുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് എത്രത്തോളമായെന്ന് അറിയില്ല. പി.എസ്.സി. മുഖേന നിയമിച്ച കണ്ടക്ടർമാരായാലും മെക്കാനിക്കൽ സ്റ്റാഫായാലും അവർക്ക് പി.എസ്.സി. എത്ര ശമ്പളമാണോ കൊടുക്കാമെന്ന് പറഞ്ഞിട്ടുള്ളത്, ആ തുക നൽകാതെ അതിൽനിന്നും വ്യത്യസ്തമായി അവരെ ഡെയ്‌ലി വേജസിൽ എടുക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇന്ന് കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാരും പ്രക്ഷോഭണത്തിലാണ്. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനം! ആ സ്ഥാപനത്തിലെ ജീവനക്കാർ അവർക്ക് ലഭിക്കേണ്ട ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി പ്രക്ഷോഭണ ത്തിന്റെ പാത തുടരുന്നു എന്നുള്ളത് വേദനാജനകമായ വസ്തുതയാണ്. അതു കൊണ്ട് അടിയന്തിരമായി അവരുമായി സംസാരിച്ച് അവർക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ നൽകണം. ബഹുമാനപ്പെട്ട മന്ത്രി അതിനുള്ള പണം എവിടെയാണെന്ന് ചോദിക്കുമായിരിക്കും. എനിക്ക് പറയാനുള്ളത്, ഇവിടെ അഞ്ചു കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി തരുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ എത്ര കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റിന്റെ വകയായി കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത്? കെ.എസ്.ആർ.ടി.സി.-യെ എങ്ങനെ മുന്നോട്ട് കൊണ്ടുപോകാമെന്നും, പ്രശ്നങ്ങൾ പരിഹരിക്കാമെന്നും, എങ്ങനെ പരമാവധി ലാഭത്തിൽ എത്തിക്കാമെന്നും ആലോചിക്കണം. അതിനാവശ്യമായ രൂപത്തിലുള്ള സംവിധാനങ്ങൾ ആവിഷ്ക്കരിക്കണം. അതിന് തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ടോ, ബസ്സുകളുടെ എണ്ണം കുറച്ചുകൊണ്ടോ, വർക്ക്ഷോപ്പുകളുടെ ചുമതല നിർവ്വഹിക്കാത്ത രീതിയോ സ്വീകരിക്കരുതെന്നാണ് ഞാൻ പറയുന്നത്. വടകരയിലെ ഒന്നാം റെയിൽവേ ഓവർ ബ്രിഡ്ജ് പണിയിൽ കുറച്ച് താമസം വരുന്നുണ്ട്. അത് എത്രയും വേഗം ഉദ്ഘാടനം ചെയ്യാൻ ആവശ്യമായ രൂപത്തിലുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം. ഒന്നാം റോഡ് വരുന്നതോടുകൂടി വടകരയിലെ താഴെ അങ്ങാടി ഭാഗത്തുനിന്നും ടൂറിസ്റ്റ് കേന്ദ്രത്തിലേക്കും, അഴിത്തല സാൻഡ് ബാങ്കിലേക്കും പോകുന്നതിനുള്ള സൗകര്യമുണ്ടാകും. അവിടത്തെ റോഡ് മുനിസിപ്പാലിറ്റിയേയോ മറ്റ് ഏജൻസികളേയോ ഏൽപിച്ചാൽ നടക്കില്ല. ഒന്നാം ഓവർ ബ്രിഡ്ജിന്റെ പണി ഉദ്ഘാടനം ചെയ്യുമ്പോൾത്തന്നെ ഈ സാൻഡ് ബാങ്കിന്റെ വകയായിട്ടുള്ള സ്ഥലംകൂടി ഏറ്റെടുക്കാൻ നടപടിയുണ്ടാകണം. ചില പ്രദേശങ്ങളിൽ പഞ്ചായത്തുകൾക്കോ ജില്ലാ പഞ്ചായത്തുകൾക്കോ ഏറ്റെടുത്ത് നടത്താൻ പറ്റാത്ത ചില റോഡുകളുണ്ട്. റോഡുകൾ ഏറ്റെടുക്കാൻ മരാമത്തു വകുപ്പിനോട് ആവശ്യപ്പെടുന്ന അവസരത്തിൽ മറ്റ് റോഡുകൾ ഏറ്റെടുക്കില്ലെന്ന്

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പ് പറയുന്നു. പൊതുമരാമത്തിന് അനുവദിക്കുന്ന സംഖ്യ കുറഞ്ഞു വരുന്നു എന്ന് മനസ്സിലാക്കുന്നു. നമ്മൾ ഇപ്പോൾ നല്ല ഒരു കാലവർഷത്തെ പിന്നിട്ടിരിക്കുന്നു. വില്ലേജ് റോഡുകൾ മാത്രമല്ല, പി.ഡബ്ല്യു.ഡി. റോഡുകൾ വരെ നമ്മൾ പ്രതീക്ഷിച്ചതിനേക്കാൾ മോശമായ അവസ്ഥയിലാണുള്ളത്. നമ്മൾ പോകുമ്പോൾ ആളുകൾ ആക്ഷേപം ഉന്നയിക്കുന്നു. റോഡുകൾ നിർമ്മിക്കുന്നതിനോ റോഡുകൾ റിപ്പയർ ചെയ്യുന്നതിനോ ഇന്ന് ഇവിടെ പറഞ്ഞിരിക്കുന്നതിലും കൂടുതൽ സംഖ്യ പൊതുമരാമത്ത് വകുപ്പിന് ആവശ്യമാണ്. ആ സംഖ്യ പൊതുമരാമത്ത് വകുപ്പിന് കൊടുത്തില്ലെങ്കിൽ മറ്റ് ഏത് കാര്യം നാട്ടിൽ ചെയ്തിട്ടും ഫലമില്ല. റോഡുകൾ മോശമാണെങ്കിൽ ആ ഭാഗത്തുള്ള ആളുകൾക്ക് കഠിനമായ ആക്ഷേപമുണ്ടാകും. അതുകൊണ്ട് രാജ്യത്തെ ജനങ്ങൾക്ക് ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിച്ചു കൊടുക്കേണ്ടതിന്റെ ഭാഗമായി ചില റോഡുകൾകൂടി പൊതുമരാമത്തു വകുപ്പ് ഏറ്റെടുക്കേണ്ടതുണ്ട്. ആ രൂപത്തിൽ ഏറ്റെടുക്കുന്നില്ലെങ്കിൽ ആ വകുപ്പ് ഒഴിയണമെന്ന് ഞാൻ പറയുന്നു. ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. എ. എ. അസീസ്: ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പൊതുമരാമത്തു വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇഴഞ്ഞു നീങ്ങുകയാണ്. അതിന്റെ കാരണം, കോൺട്രാക്ടർമാർ ടെണ്ടർ എക്സസ് റേറ്റ് നേടിയെടുക്കുന്നതിനുവേണ്ടി നടത്തുന്ന കൃത്രിമമായ മാർഗ്ഗമാണ്. യഥാർത്ഥത്തിൽ ജനപ്രതിനിധികൾക്ക് പങ്കാളിത്തമുള്ള ഒരു പരിശോധനയോ അവലോകനമോ ഇപ്പോൾ നടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അധികാരം ഏറ്റെടുത്തപ്പോൾ ആദ്യം തന്നെ സംസ്ഥാനത്തെ ജനപ്രതിനിധികളെ വിളിച്ചുകൂട്ടി ഇത്തരത്തിലുള്ള ഒരു അവലോകനം നടത്തിയിരുന്നു. അന്ന് അദ്ദേഹം നിർദ്ദേശിച്ച കാര്യങ്ങൾ പിന്നീടൊന്നും നടന്നില്ല. അദ്ദേഹം അന്ന് പറഞ്ഞത്, "ഇപ്പോൾ ഇറിഗേഷൻ വകുപ്പിൽ നിലവിലുള്ളതുപോലെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു അവലോകനം നടത്തും; ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളേയും ഉൾപ്പെടുത്തി ഇതിനായി കമ്മിറ്റി രൂപീകരിക്കും" എന്നാണ്. അതുണ്ടായില്ല. ആറ് മാസത്തിലൊരിക്കൽ മന്ത്രിതന്നെ സംസ്ഥാനാടിസ്ഥാനത്തിൽ അവലോകനം നടത്തുമെന്നും പറഞ്ഞിരുന്നു. അങ്ങനെ ഒരു തീരുമാനം എടുത്തതിന്റെ മിനിട്ട്സ് എം.എൽ.എ.-മാർക്ക് അയച്ചുകൊടുത്തു. എന്തുകൊണ്ടോ പിന്നീടത് നടപ്പിലായില്ല. നിയോജകമണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾ മുടങ്ങുന്നത് പരിശോധിക്കുന്നതിന് ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള അവലോകനം പിന്നീടുണ്ടായില്ല. എന്റെ നിയോജകമണ്ഡലത്തിലെ മയ്യനാട്ട്, യശശ്ശരീരനായ സി. കേശവന്റെ (മുൻ മുഖ്യമന്ത്രി) നാടായ മയ്യനാടും കൊല്ലം കോർപ്പറേഷനും തമ്മിൽ ബന്ധിപ്പിക്കുന്ന താന്നി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം മുടങ്ങിയിട്ട് മൂന്ന് കൊല്ലമായി. ഒരു സ്റ്റേ കോടതിയിലുണ്ട്. ആ സ്റ്റേ വെക്കേറ്റ് ചെയ്ത് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി ആവശ്യപ്പെട്ടതാണ്. ഡിപ്പാർട്ടുമെന്റ് എക്സിക്യൂഷൻ വഴി വർക്ക് ഡിപ്പാർട്ടുമെന്റ് നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly

നടത്തണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ ഒരു തീരുമാനം എടുത്തിട്ട് നടത്തുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇന്നലെ നൽകിയ മറുപടി അനുസരിച്ച് കോടതിയുടെ സ്റ്റേ നീങ്ങിക്കിട്ടിയതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമെന്നാണ്. ഒന്നര കൊല്ലമായി കോടതിയുടെ സ്റ്റേ വന്നിട്ട് സ്റ്റേ നിലനിൽക്കേ തന്നെ പല നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളത് ചൂണ്ടിക്കാണിച്ച് ഡിപ്പാർട്ടുമെന്റ് എക്സിക്യൂഷൻ വഴി ഈ വർക്കും ഏറ്റെടുത്ത് നടത്താൻ കഴിയുമെന്ന് ഞാൻ ചൂണ്ടിക്കാണിച്ചു. ആ വർക്ക് നടത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി അനുകൂലമായ തീരുമാനം എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്റെ മണ്ഡലത്തിലൂടെ ഓടിക്കൊണ്ടിരുന്ന 5 മിനി ബസ്സുകൾ എം.പാനൽ സ്റ്റാഫുമായുണ്ടായ തർക്കം മൂലം നിർത്തൽ ചെയ്തു. പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ യശശ്ശരീരനായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ ജന്മനാട്ടിൽനിന്നും, (നെയ്യാറ്റിൻകരയിൽനിന്നും) ഒരു സൂപ്പർ ഫാസ്റ്റ് പയ്യാമ്പലത്തേക്കുണ്ടായിരുന്നു. അതിപ്പോൾ നിർത്തിയിരിക്കുകയാണ്. ആ ബസ് സർവ്വീസ് പുനരാരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

ശ്രീ. യു. സി. രാമൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. എൽ.ഡി.എഫ്. ഭരണകാലത്ത് ഹംസക്കുണ്ടും ഹംസക്കുളവും ജോസഫ് കുണ്ടും ജോസഫ് കുളവും റോഡിൽ നിറഞ്ഞുനിന്നിരുന്നു. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഒരാൾപോലും മുനീർ കുണ്ടെന്നോ മുനീർ കുളമെന്നോ പറയുന്നില്ല. അകലെ കാസർഗോഡ് നിന്നും ഒരു കോഴിമുട്ട ഉരുട്ടിവിട്ടാൽ ഒരു തടസ്സവും കൂടാതെ അത് തിരുവനന്തപുരം വരെ എത്തും വിധം റോഡുകളെ വളരെ സുന്ദരക്കുട്ടപ്പനാക്കിയ ശ്രീ. എം. കെ. മുനീർ, അദ്ദേഹം അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനയെ ആർക്കും പിൻതുണയ്ക്കാതിരിക്കാൻ സാധിക്കില്ല. എൽ.ഡി.എഫ്. ഭരണകാലത്ത് ഞങ്ങളുടെയൊക്കെ നാട്ടിലെ ഗർഭിണികളായ സ്ത്രീകൾ ഹോസ്പിറ്റലിൽ പോകുന്ന സമയത്ത് വാഹനത്തിൽ വച്ച് പ്രസവിച്ചു പോകുന്ന അവസ്ഥവരെയുണ്ടായിട്ടുണ്ട്. അന്ന് റോഡുകളിലെ കുണ്ടും കുഴിയും ഗർത്തങ്ങളും ചാടി വാഹനങ്ങൾ പോകുമ്പോൾ, വാഹനത്തിലിരിക്കുന്ന ഗർഭിണികൾ വാഹനത്തിൽത്തന്നെ പ്രസവിച്ചുപോകുന്ന ഒരവസ്ഥ മുമ്പുണ്ടായിരുന്നു. ഇന്ന് ആ അവസ്ഥ മാറി. ഇന്ന് യാതൊരു കുലുക്കവുമില്ലാതെ മനോഹരമായ യാത്രയാണ് നമ്മുടെ നാട്ടിലുള്ള റോഡിലൂടെ ഉണ്ടാകുന്നത്. അത് ഈ രൂപത്തിൽ എത്തിച്ച യു.ഡി.എഫ്. സർക്കാരിനെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങളുടെയൊക്കെ നാട്ടിൽ എത്രയോ ഗൾഫ് മലയാളികളായ സുഹൃത്തുക്കളുണ്ട്. അവരൊക്കെ ഗൾഫിൽനിന്നും മടങ്ങി വരുമ്പോൾ ഞങ്ങളോട് പറയാറുള്ളത്, ഇത്രയും സുന്ദരമായ റോഡ് ഗൾഫിൽ മാത്രമേ കാണാൻ കഴിയൂ എന്നാണ്. നമ്മുടെ സംസ്ഥാനത്തുള്ള റോഡുകളുടെ അത്രയും ഭംഗിയും വൃത്തിയും ഗുണനിലവാരവുമുള്ള റോഡുകൾ കാണണമെങ്കിൽ ഗൾഫിലേക്ക് പോകണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഗൾഫ് മലയാളികളായ സുഹൃത്തുക്കൾ സൂചിപ്പിക്കുന്നത്. ഈ സംസ്ഥാനത്തിലെ ലോറി, ബസ്സ് ഉടമകൾ എന്റെ നാട്ടിലാണ് ഏറ്റവും കൂടുതലുള്ളത്. ഇഷ്ടംപോലെ വാഹനങ്ങൾ ഉള്ളതുകൊണ്ട് തന്നെ ഇഷ്ടം പോലെ വർക്ക്ഷോപ്പുകളുമുണ്ട്. ഇപ്പോൾ വർക്ക്ഷോപ്പ് ഉടമകളൊക്കെ ഞങ്ങളോട് പരിഭവത്തിലാണ്. ഇവരൊക്കെ പറയുന്നത്, യു.ഡി.എഫിന്റെ ഭരണം വന്നതുകൊണ്ട് അവർക്ക് പണിയില്ലാതായി എന്നാണ്. വർക്ക്ഷോപ്പിലൊന്നും പണിയില്ല; വളരെ മോശമാണ്. ഇതിനുകാരണം വൃത്തിയും ഭംഗിയുമുള്ള നല്ല റോഡ് ആയതുകൊണ്ട് വാഹനങ്ങൾക്ക് യാതൊരു വിധ കേടുപാടും ഉണ്ടാകുന്നില്ല എന്നതാണ്. അതുകൊണ്ട് അവരൊക്കെ പറയുന്നത്, യു.ഡി.എഫിന്റെ ഭരണം എത്രയും പെട്ടെന്ന് പോയി എൽ.ഡി.എഫിന്റെ ഭരണം വന്നാലേ വർക്ക്ഷോപ്പുകാർക്ക് പണിയുണ്ടാകൂ വെന്നാണ്. ഈ രൂപത്തിൽ അവർ ചിന്തിക്കുകയാണ്. നമ്മുടെ എക്സ്പ്രസ്സ് ഹൈവേ കേരളത്തിന്റെ വർത്തമാനകാല പ്രതീക്ഷയാണ്. എൽ.ഡി.എഫിന്റെ ഭരണകാലത്താണ് ഇതിന്റെ പ്രാരംഭ ചർച്ചയും പ്രവർത്തനങ്ങളും ആരംഭിച്ചത്. ഇന്ന് അവർ ഇതിനെ എതിർക്കുകയാണ്. എൽ.ഡി.എഫിനെ സംബന്ധിച്ചിടത്തോളം വൈകി ബുദ്ധി ഉദിക്കുന്ന കൂട്ടത്തിലാണ്. ടൂറിസ്റ്റ് മേഖല ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ മേഖലകളിലും വലിയ മാറ്റമുണ്ടാകുന്നു. വികസനമുണ്ടാക്കുന്ന എക്സ്പ്രസ്സ് ഹൈവേ വന്നാൽ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറും. സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റി വികസന രംഗത്ത് പുത്തൻ ഉണർവ്വും ഉൻമേഷവും നൽകി ഈ സർക്കാർ മുന്നോട്ട് പോയാൽ ഇവിടെ സി.പി.എം. എന്ന പാർട്ടിയുണ്ടാകില്ല. അതുകൊണ്ടാണ് അവർ ഇതിനെ എതിർക്കുന്നത്. വികസനമുള്ള ഭാഗത്ത്, പുരോഗതിയുള്ള ഭാഗത്ത്, സി.പി.എം. ദ്രവിച്ചുപോകുന്ന കാഴ്ച നമ്മൾ കാണുന്നതാണ്. എക്സപ്രസ്സ് ഹൈവേയുടെ പ്രവൃത്തി എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കണമെന്നാണ് ഞാൻ പറയുന്നത്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള യാത്ര എളുപ്പമാകുമെന്ന് മാത്രമല്ല വാഹനത്തിന്റെ കേടുപാട് കുറയുന്നുണ്ട്; ഇന്ധന ലാഭമുണ്ടാകുന്നുണ്ട്. അങ്ങനെ ഒരുപാട് ഗുണങ്ങളുണ്ടാകുന്നുണ്ട്. അതോടൊപ്പംതന്നെ കേരളത്തിന്റെ വികസന രംഗത്ത് വൻ വിപ്ലവത്തിന് ഇത് തുടക്കം കുറിക്കുകയാണ്. അതുകൊണ്ട് എക്സപ്രസ്സ് ഹൈവേയുടെ നിർമ്മാണം വളരെ പെട്ടെന്ന് ആരംഭിക്കാനാവശ്യമായ പ്രവർത്തനം നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരള വികസനത്തിന്റെ ആയുർരേഖയായി തീരണം നിർദ്ദിഷ്ട എക്സ്പ്രസ്സ് ഹൈവേ. അതോടൊപ്പം ഇതിനുവേണ്ടി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ റീസർവ്വേ നമ്പറുകൾ എത്രയും പെട്ടെന്ന് പുറത്തുവിടണം. നമ്മുടെയൊക്കെ പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താനുള്ള സാമ്പത്തിക ഭദ്രത ഇന്ന് പഞ്ചായത്തുകളുടെ കൈവശമില്ല. അതുകൊണ്ട് ഇനിയും പഞ്ചായത്തുകളെ റോഡുകൾ ഏൽപ്പിക്കുന്നതിന് പകരം പി.ഡബ്ല്യു.ഡി.-യുടെ കൈവശമുള്ള മുഴുവൻ റോഡുകളും ഏറ്റെടുത്ത് നിലനിർത്തി സംരക്ഷിക്കാനാവശ്യമായ സൗകര്യം പി.ഡബ്ല്യു.ഡി. ചെയ്യുകയും പഞ്ചായത്തുകൾക്ക് റോഡുകൾ കൈമാറാനുള്ള ഗവൺമെന്റിന്റെ നീക്കം ഉപേക്ഷിക്കുകയും ചെയ്യണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് സൂചിപ്പിക്കാനുള്ളത്. റോഡ് നിർമ്മിച്ചതുകൊണ്ടും റിപ്പയർ ചെയ്തതുകൊണ്ടും മാത്രം കാര്യമില്ല. അത് സംരക്ഷിക്കാനാവശ്യമായ ബൃഹത് പദ്ധതി കൂടി ഇക്കൂട്ടത്തിൽ ആരംഭിക്കേണ്ടതുണ്ട്. കുന്ദമംഗലത്ത് എം.എൽ.എ. റോഡിന്റെ പണി പൂർത്തിയാക്കിയിട്ട് വളരെ കുറച്ച് സമയമേ ആയിട്ടുള്ളൂ. ആ ഭാഗത്ത് കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ റോഡിന്റെ മുകളിൽ വെള്ളം കയറി, ഡ്രെയിനേജ് ഇല്ലാത്തതുകൊണ്ട് ആ റോഡിന്റെ നല്ലൊരു ഭാഗം ഇപ്പോൾ തകർന്നു പോയിരിക്കുകയാണ്. ആ എം.എൽ.എ. റോഡിൽ ഡ്രെയിനേജ് ഉണ്ടാക്കണം. അതുപോലെ തന്നെ കോഴിക്കോട് മാവൂർ റോഡും, മെഡിക്കൽ കോളേജ്, കാരന്തൂർ റോഡും വെള്ളംകെട്ടി നിന്നിട്ട് കുറേ ഭാഗങ്ങൾ തകർന്നു. കുന്ദമംഗലം ടൗണിന്റെ പരിസരഭാഗത്തും കാലവർഷം മൂലം റോഡു തകർന്നു. ഞാൻ സൂചിപ്പിച്ചുവരുന്നത്, വൻതുകകൾ നൽകിക്കൊണ്ട് റോഡുകളുടെ നിർമ്മാണവും റിപ്പയറിംഗും നടത്തുന്നതിനോടൊപ്പം അതിന് (ഓട നിർമ്മിച്ച്) ഡ്രെയിനേജ് നിർമ്മിച്ച് റോഡ് സംരക്ഷിക്കാനാവശ്യമായ പ്രവൃത്തി കൂടി ഇക്കൂട്ടത്തിലുണ്ടാകണം എന്നാണ്. NH-212-ൽ കുന്ദമംഗലം അങ്ങാടിയിലും മെഡിക്കൽ കോളേജിൽനിന്നും മാവൂരിലേക്ക് പോകുന്ന മാവൂർ റോഡിൽ മാവൂർ അങ്ങാടി വരെയുള്ള റോഡിന്നിരുവശത്തും ഡ്രെയിനേജ് നിർമ്മിക്കാനാവശ്യമായ പ്രവൃത്തി നടത്തണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കുന്ദമംഗലം ഭാഗത്താണ് ഞാൻ താമസിക്കുന്നത്. വയനാട് ഭാഗത്തേക്കൊക്കെ പോകുന്ന എത്രയോ ടൂറിസ്റ്റുകൾ വയനാട്ടേക്ക് പോകുന്ന വഴി ഏതാണെന്ന് വാഹനം നിർത്തി ഞങ്ങളോടൊക്കെ പലപ്പോഴും ചോദിക്കാറുണ്ട്. കാരണം ഏത് ഭാഗത്തേക്ക് പോകണമെന്ന് ദിശ അറിയാതെ ടൂറിസ്റ്റുകൾ കഷ്ടപ്പെടുന്ന ഒരു അവസ്ഥയുണ്ടായിരുന്നു. ഒരു ഭാഗത്തും സൈൻ ബോർഡില്ലായിരുന്നു. ഇപ്പോൾ വളരെ മനോഹരമായ സൈൻ ബോർഡുകൾ എല്ലാ പ്രധാനപ്പെട്ട ഭാഗങ്ങളിലും വച്ചിരിക്കുകയാണ്. മുൻകാലത്തെ പരിമിതമായ സൈൻ ബോർഡുകൾ വളരെ മോശപ്പെട്ടതാണ്. അതുമാറ്റി അന്താരാഷ്ട്ര നിലവാരമുള്ള ഡിസൈൻ ബോർഡുകളാണ് ഇപ്പോൾ എല്ലാ ഭാഗത്തും വച്ചിട്ടുള്ളത്. ടൂറിസ്റ്റുകൾക്ക് മാത്രമല്ല എല്ലാ യാത്രക്കാർക്കും ഇത് വളരെയേറെ പ്രയോജനപ്രദമാണ്. അതുകൊണ്ട് ഇനിയും ഇത്തരത്തിലുള്ള ആകർഷകമായ സൈൻ ബോർഡുകൾ ആവശ്യമുള്ള, പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സ്ഥാപിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണമെന്ന് സൂചിപ്പിക്കുന്നു. പാലങ്ങളുടെയും റോഡുകളുടെയും പണി ഈ സർക്കാർ വന്നതിനുശേഷം വളരെ മനോഹരമായി ദ്രുതഗതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ കുന്ദമംഗലം-ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പെരുവഴിക്കടവ് പാലത്തിനെ ഈ സർക്കാർ വന്നതിനുശേഷമാണ് നബാർഡിന്റെ ഫണ്ടിൽ ഉൾപ്പെടുത്തിയത്. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം താൽപര്യമെടുത്തതുകൊണ്ടാണ് ഈ സഹായം എന്റെ മണ്ഡലത്തിലേക്ക് അനുവദിച്ചുകിട്ടിയത്. എന്നാൽ ഇതിന്റെ പ്രവൃത്തി നടക്കുന്നത് വളരെ മന്ദഗതിയിലാണ്. എത്രയും പെട്ടെന്ന് അതിന്റെ പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അവിടെയുള്ള സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്, എല്ലാ അനുകൂല സാഹചര്യങ്ങളും അവിടെയുണ്ട്. വയനാട് ഭാഗത്തേക്കും മറ്റു ടൂറിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രങ്ങളിലേക്കും യാത്ര ചെയ്യുന്ന ആളുകൾക്ക് കോഴിക്കോടിനും താമരശ്ശേരിക്കും ഇടയ്ക്ക് വിശ്രമിക്കാൻ ആകെയുള്ള ഒരു സങ്കേതം കുന്ദമംഗലത്തെ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസാണ്. ഈ മന്ത്രിസഭയിലുള്ള ഒട്ടുമുക്കാൽ മന്ത്രിമാരും ആ റെസ്റ്റ് ഹൗസ് സന്ദർശിക്കുകയും അവിടെ വരികയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി തന്നെ പല സമയങ്ങളിലും അവിടെ വരാറുണ്ട്. അതിന്റെ ഒന്നാം നില പണിയണമെന്ന് വളരെ നാളുകളായി ആവശ്യപ്പെടുന്നതാണ്. അതിനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. പി.ഡബ്ല്യു.ഡി.-യുടെ കയ്യിലുള്ള പല പ്രദേശങ്ങളും മറ്റ് സ്വകാര്യ വ്യക്തികൾ കയ്യേറുന്നതായിട്ടുള്ള അനുഭവം ഉണ്ടാകുന്നുണ്ട്. എന്റെ മണ്ഡലത്തിൽ തന്നെ പയ്യടിമേത്തൻ എന്ന ഭാഗത്ത് പി.ഡബ്ല്യു.ഡി.-യുടെ കയ്യിലുള്ള സ്ഥലം സ്വകാര്യ വ്യക്തികൾ റോഡ് ഉണ്ടാക്കുന്നതിന് വേണ്ടി കയ്യേറിയിരിക്കുകയാണ്. അത് സംരക്ഷിക്കണം. വളരെ പെട്ടെന്ന് അതിനെതിരെ നടപടിയെടുക്കാനാവശ്യമായ പ്രവർത്തനം ഈ രംഗത്തുണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. എന്റെ മണ്ഡലത്തിലെ മുക്കത്തെ പാലവും, ചെത്തുകടവ് പാലവും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് മണ്ണ് ഇടുന്നതിന് വേണ്ടി പി.ഡബ്ല്യു.ഡി. നേരത്തെ വാങ്ങിച്ചിട്ടുള്ള മുക്കം അഗസ്ത്യൻ മുഴിയിലെ സ്ഥലത്ത് പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിന് സ്ഥലവും കുന്ദമംഗലം വരിദ്യാകിൽ S.T. ഹോസ്റ്റൽ ഉണ്ടാക്കുന്നതിന് സ്ഥലവും വിട്ടു നൽകാനുമുള്ള നടപടി ഉണ്ടാകണം. ഫയർ സ്റ്റേഷന്റെ ഓഫീസ് ഉണ്ടാക്കുന്നതിനുവേണ്ടി രണ്ട് പ്രൊപ്പോസലുകൾ പി.ഡബ്ല്യു.ഡി.-യുടെ കൈവശം കെട്ടിക്കിടക്കുകയാണ്. എത്രയും പെട്ടെന്ന് ഈ രണ്ട് മന്ദിരങ്ങളും, (റെസ്റ്റ് ഹൗസും ഫയർ സ്റ്റേഷന്റെ ഓഫീസും) നിർമ്മിക്കാനാവശ്യമായ രൂപത്തിൽ ആ സ്ഥലം വിട്ടുകിട്ടുന്നതിന് ആവശ്യമായ പ്രവർത്തനം കൂടി ഉണ്ടാകണം. ഈ സർക്കാർ വന്നതിനുശേഷം ഒരുപാട് വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് വേണ്ടി ഫണ്ട് അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ കുന്ദമംഗലത്തെ പാറക്കടവ് ബ്രിഡ്ജ്, മുക്കത്തെ തെയ്യത്തുംകടവ്, കൂളിമാട്, പടന്നില എന്നീ പാലങ്ങളുടെ പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രാരംഭ നടപടിക്രമങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ അത് ഇന്ന് വളരെ വേഗത കുറഞ്ഞ അവസ്ഥയിലാണ് നീങ്ങുന്നത്. ബഹുമാനപ്പെട്ട സി. ടി. അഹമ്മദ് അലി പൊതുമരാമത്ത് വകുപ്പു മന്ത്രിയായിരുന്ന സന്ദർഭത്തിൽ പാറക്കടവു പാലം നിർമ്മാണവുമായി ബന്ധപ്പെട്ട കടലാസ് പണികൾ ആരംഭിച്ചതാണ്. ഇന്നുവരെ അത് യാഥാർത്ഥ്യമായിട്ടില്ല. കക്ഷി രാഷ്ട്രീയത്തിനതീതമായി അവിടെയുള്ള എല്ലാ വിഭാഗം ആളുകളും ഒരേ സ്വരത്തിൽ ആവശ്യപ്പെടുന്ന ആ കാര്യം യാഥാർത്ഥ്യമാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ സഹായം സജീവമായിട്ടുണ്ടാകണം. പാലങ്ങളുടെ പണി യാഥാർത്ഥ്യമാക്കുന്നതിന് കൂടി അങ്ങയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകണം. അതിന്റെ കടലാസ് പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് വളരെ പെട്ടെന്ന് ആരംഭിക്കാനാവശ്യമായ സഹായം കൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിൻതുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. 15,000 കിലോമീറ്റർ റോഡുകൾ പി.ഡബ്ല്യു.ഡി.-യുടെ അധീനതയിലുണ്ട്. അവയുടെ പുനർനിർമ്മാണത്തിനും മെയിന്റനൻസിനുമായി ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത് 33.83 കോടി രൂപയാണ്. ആ തുക ഉപയോഗിച്ചുകൊണ്ട് എങ്ങനെ ഇവിടത്തെ റോഡിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും കഴിയുമെന്നുള്ളത് നാം പരിശോധിക്കണം. ഇവിടെ പ്രത്യേക പദ്ധതികൾ തയ്യാറാക്കുമ്പോൾ, അവ വേൾഡ് ബാങ്ക് സ്കീം ആകട്ടെ മറ്റ് ഏതെങ്കിലും പദ്ധതികളാകട്ടെ, അത്തരം പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സ്റ്റേറ്റ് ഷെയർ കണ്ടെത്താൻ പ്രത്യേകമായ ഫണ്ട് കണ്ടെത്തുന്ന ഒരു സംവിധാനം ഉണ്ടെങ്കിൽ മാത്രമേ ഇവിടുത്തെ റൂട്ടീൻ വർക്കുകൾ നടത്തിക്കൊണ്ടുപോകുന്നതിന് കഴിയൂ. ഇപ്പോൾ അത് കഴിയാത്ത ഒരു സ്ഥിതി വിശേഷമുണ്ട് എന്നുള്ളത് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ കെ.എസ്.റ്റി.പി. റോഡുകൾ ഇപ്പോൾ കരാറുകാരെ ഏൽപ്പിച്ചു കൊടുത്തതോടുകൂടി മെയിന്റനൻസ് നടത്തുന്നതിനുള്ള ചുമതല അവർക്ക് തന്നെയാണ്. പ്രോപ്പറായി മെയിന്റനൻസ് നടത്തപ്പെടുന്നു എന്നുള്ളതിന് ഗ്യാരന്റിയൊന്നും ഇല്ല. ജനപ്രതിനിധികൾ ആണെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആണെങ്കിലും മെയിന്റനൻസ് നടക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ പര്യാപ്തമായ സംവിധാനമില്ല. അതിന് കൺസൾട്ടൻസ് ആരാണ് ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം റോഡുകളുടെ ഗുണനിലവാരം നിലനിർത്തിക്കൊണ്ടുപോകാൻ കഴിയത്തക്കവിധമുള്ള സംവിധാനം കെ.എസ്.റ്റി.പി. ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ കാര്യത്തിൽ ഉണ്ടാകണമെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് ഇപ്പോൾ ഏതാണ്ട് 28 മാസത്തെ കുടിശ്ശികയാണ് പി.ഡബ്ല്യു.ഡി. വരുത്തിയിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുപോലും 27 മാസമാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്. 2002 മാർച്ച് മാസം 31-ാം തീയതിക്ക് മുമ്പുള്ള ബില്ലുകൾ മാത്രമാണ് ഈ ഗവൺമെന്റ് കൊടുത്തു തീർത്തിട്ടുള്ളത്. 28 മാസത്തെ ബില്ലുകൾ ഇനിയും കരാറുകാർക്ക് കൊടുക്കാൻ ബാക്കി നിൽക്കുന്നു. വോട്ട് ഓൺ അക്കൗണ്ട് കഴിഞ്ഞ 4 മാസത്തേത് പാസ്സാക്കി കൊടുത്തതിനുശേഷം മൂന്ന് മൂന്നര മാസക്കാലത്തിനിടയിൽ ഒരു നയാ പൈസ പോലും പി.ഡബ്ല്യു.ഡി.-യിൽ കരാറുകാർ നടത്തിയ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടില്ലയെന്നുള്ളത് ഏറ്റവും ഖേദകരമാണ്. എന്തിനാണ് ബഡ്ജറ്റ് പാസ്സാക്കി കൊടുക്കുന്നത്? ഇപ്പോൾ 1400 കോടി രൂപയിൽ കൂടുതലുണ്ട്. ഞങ്ങളുടെ കാലത്ത് 27 മാസത്തെ കുടിശ്ശിക ഉണ്ടായിരുന്നെങ്കിൽ ഇന്ന് 28 മാസത്തെ കുടിശ്ശികയായി എന്നാണ് ഞാൻ പറയുന്നത്. 28 മാസം കുടിശ്ശികയുണ്ട്. നിങ്ങൾ നന്നാക്കാൻവേണ്ടി കയറിയവരാണല്ലോ, അതുകൊണ്ട് ആ നിലയിൽ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തണമെന്നൊക്കെ പറഞ്ഞു. ഇവിടെ പി.ഡബ്ല്യു.ഡി.-യുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയിലേക്ക് സർക്കാരിന്റെ നിലപാട് തന്നെ എത്തുന്നു. ഭരണാനുമതി കൊടുക്കുന്ന വർക്കുകൾ ടെൻഡർ ചെയ്യുന്നതിന് ടെക്നിക്കൽ സാങ്ഷൻ കൊടുക്കാൻവേണ്ടി നിയോഗിക്കപ്പെട്ടിരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറെയാണ്. അടുത്ത കാലത്ത് ധനകാര്യ വകുപ്പ് ഉത്തരവ് ഇറക്കിയിരിക്കുന്നു. "പി.ഡബ്ല്യൂ.ഡി.-യിലെ ചീഫ് എഞ്ചിനീയർക്ക് രണ്ട് കോടി രൂപവരെയേ ടി. എസ്. കൊടുക്കാൻ അനുവാദമുള്ളൂ"; അതിന് മുകളിലുള്ളത് വേറെ ഒരു കമ്മിറ്റി കൊടുക്കണം. 5 കോടി രൂപയ്ക്ക് മുകളിൽ ടെക്നിക്കൽ സാങ്ഷൻ കൊടുക്കുന്നത് ഇറിഗേഷൻ സെക്രട്ടറിയും ഫിനാൻസ് എക്സ്പെൻഡിച്ചർ സെക്രട്ടറിയും കൂടിയാണ് എന്ന്. ഇങ്ങനെയായാൽ പി.ഡബ്ല്യൂ.ഡി. വർക്ക് എങ്ങനെ നടത്താൻ സാധിക്കും? സാങ്കേതികമായ ഒരു കാര്യത്തെ സംബന്ധിച്ച്—സാങ്കേതിക വിദഗ്ദ്ധർ അല്ലാത്ത ഫിനാൻസ് സെക്രട്ടറിക്കും ഇറിഗേഷൻ സെക്രട്ടറിക്കും പി.ഡബ്ല്യൂ.ഡി. വകുപ്പിന്റെ പ്രവർത്തനത്തിന് സാങ്കേതിക അനുമതി കൊടുക്കാൻ..............ഇതാണ് ഉത്തരവ്, ജി.ഒ.(പി.) നമ്പർ 656/2003. ശ്രീ. എം. കെ. മുനീർ വലിയ പാർട്ടിയുടെ ആളായതുകൊണ്ട് നേരിട്ട് കയ്യേറ്റം ചെയ്യാൻ കഴിയാതെ ഇങ്ങനെ രഹസ്യമായ ഉത്തരവിലൂടെ, പ്രവർത്തനം നടത്താൻ കഴിയാത്തവിധം, പി.ഡബ്ല്യൂ.ഡി.-യെ മരവിപ്പിച്ചിരിക്കുന്നു. അവിടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്നില്ല എന്നുള്ള നിലയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. അതിന് മാറ്റം വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസുകൾ ഫലപ്രദമായി നടത്തുന്നതിന് ഏറ്റവും വലിയ പിന്തുണ കൊടുക്കുന്ന ഒരു പ്രദേശമാണ് കുട്ടനാട് മേഖല. അവിടെ കെ.എസ്.ആർ.ടി.സി. ബസ്സിനും യാത്രക്കാർക്കും സംരക്ഷണം കൊടുക്കുന്നതിന് നടപടി സ്വീകരിച്ച നൂറുകണക്കിന് ആൾക്കാർ പ്രതികളായി ഇപ്പോഴും കേസ് നിലനിൽക്കുകയാണ്. സ്വകാര്യ ബസ്സുകൾക്ക് അവിടെ കടന്നെത്താമെന്നുള്ള ഒരു സ്ഥിതിയാണുള്ളത്. കാവാലം-കൃഷ്ണപുരം, കൈനടി റൂട്ട് ദേശവൽക്കരിക്കണമെന്ന് നിരന്തരമായ ആവശ്യം ഉണ്ടായിട്ട് ഇതുവരെ ഉത്തരവ് ഇറക്കിയിട്ടില്ല. ഏറ്റവും വേഗം ഉത്തരവ് ഇറക്കി അതു നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വാട്ടർ ട്രാൻസ്പോർട്ട് സർവ്വീസുകൾ കാര്യക്ഷമമാക്കണം. മറ്റ് ഗവൺമെന്റ് ഗതാഗത സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ ബോട്ടുകൾ കൃത്യമായി ഓടിക്കുന്നതിനും ബോട്ട് ജെട്ടികൾക്ക് താങ്ങുകുറ്റികൾ ഉണ്ടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യാന്തര നിലവാരമുള്ള റോഡുകൾ കേരളത്തിന് സംഭാവന ചെയ്ത ആദ്യത്തെ പൊതുമരാമത്ത് മന്ത്രിയാണ് ബഹുമാന്യനായ എം. കെ. മുനീർ. കെ.എസ്.റ്റി.പി.-യുടെ നേതൃത്വത്തിൽ 1,360 കോടിയിൽ അധികം രൂപയുടെ റോഡുകൾ കേരളത്തിൽ നിർമ്മിക്കുന്നു; അത് തുടർന്നുകൊണ്ടിരിക്കുകയാണ്. എം. സി. റോഡ് ഉൾപ്പെടെയുള്ള നിരവധി റോഡുകൾ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർന്നു എന്നതുതന്നെ മരാമത്ത് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു എന്നുള്ളതിന്റെ വ്യക്തമായ തെളിവാണ്. ഈ ഫണ്ട് വിനിയോഗിച്ചുകൊണ്ട് ഇപ്പോൾ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ പദ്ധതിയിൽ വളരെ കുറച്ച് ബൈപ്പാസ്സുകൾ മാത്രമേ എടുത്തിട്ടുള്ളൂ എന്നത്

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകം ശ്രദ്ധിക്കപ്പെടണം. നമുക്ക് പുതിയ റോഡുകൾ നിർമ്മിക്കാനുള്ള സാധ്യത വളരെ വളരെ പരിമിതമാണ്. ആ സാഹചര്യം പരിഗണിച്ച് ഇനി കെ.എസ്.റ്റി.പി.-യിൽ പുതിയ പദ്ധതികൾ ഉൾപ്പെടുത്തുമ്പോൾ പുതിയ ഒരു സ്കീം വരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ പദ്ധതിയിൽ കൂടുതൽ ബൈപ്പാസ്സുകൾ ഉൾപ്പെടുത്തേണ്ടതുണ്ട്. ഏറ്റുമാനൂരിൽ ബൈപ്പാസ്സ് വേണം; ചങ്ങനാശ്ശേരിയിൽ ബൈപ്പാസ്സ് വേണം. തിരുവല്ലയ്ക്ക് ബൈപ്പാസ്സ് വേണം അങ്ങനെ കേരളത്തിലെ നിരവധി പട്ടണങ്ങളിൽ ബൈപ്പാസ്സുകളുണ്ടായാൽ മാത്രമേ ഗതാഗത കുരുക്ക് ഒഴിവാക്കാൻ കഴിയൂ. അതുകൊണ്ട് കെ.എസ്.റ്റി.പി. പ്രോഗ്രാമിൽ ബൈപ്പാസ്സുകൾക്ക് മുൻഗണന കൊടുത്തുകൊണ്ട് റോഡുകൾ നന്നായി നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കെ.എസ്.റ്റി.പി. തന്നെ നേതൃത്വം കൊടുത്ത് ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നാഷണൽ വാട്ടർവേയുമായി ബന്ധപ്പെട്ടു കൊണ്ട് കോട്ടയം-വൈക്കം, കോട്ടയം-ആലപ്പുഴ, ആലപ്പുഴ-ചങ്ങനാശ്ശേരി എന്നീ മൂന്ന് ജലപാതകൾ വളരെ ഭംഗിയായി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിരിക്കുന്ന തുകയുടെ പരിമിതിയെക്കുറിച്ച് പല അംഗങ്ങളും സൂചിപ്പിച്ചു. നമ്മുടെ സാധാരണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ഈ വർഷം ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നത് 38 കോടി രൂപ മാത്രമാണ്. 200 കോടി രൂപയും വേൾഡ് ബാങ്കിന്റെ കെ.എസ്.റ്റി.പി.-യുടെ വായ്പ തിരിച്ചടയ്ക്കുന്നതിനു വേണ്ടിയിട്ടാണ് മാറ്റിവച്ചിരിക്കുന്നത്. മറ്റ് പാലങ്ങളും റോഡുകളും നിർമ്മിക്കുന്നതിന് സാധാരണയായി ഇന്ന് വിനിയോഗിച്ചു കൊണ്ടിരിക്കുന്നത് നബാർഡിൽ നിന്ന് ലഭിക്കുന്ന ആർ.ഐ.ഡി.എഫ്. ഫണ്ടാണ്. കഴിഞ്ഞ ബി.ജെ.പി. ഗവൺമെന്റ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽനിന്ന് നമ്മുടെ റോഡുകളും പാലങ്ങളുമൊക്കെ നീക്കിയിട്ട് അത് കാർഷിക മേഖലക്ക് മാത്രമായിട്ടുള്ള ഒരു പദ്ധതിയായിട്ട് പുതിയ പേര് കൊടുത്ത് ജെ.പി. ഫണ്ട് എന്ന ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടാണ് കടന്നു പോയത്. കേരളത്തെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയുടെ ഉദ്ധാരണത്തിന് പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ആ ഫണ്ട് ഉപയോഗിക്കുകയില്ല. നമുക്ക് കാര്യക്ഷമമായി നമ്മുടെ നാടിന് പ്രയോജനകരമായി, വിനിയോഗിക്കാൻ കഴിയുന്നത് പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണത്തിനാണ്. ഈ കാലമത്രയും നമുക്ക് ലഭിച്ചുകൊണ്ടിരുന്ന ഫണ്ട് ഇല്ലാതാകുന്ന ഒരു സാഹചര്യം ഒഴിവാക്കാൻ കേരള ഗവൺമെന്റ് അടിയന്തിരമായ നടപടികൾ സ്വീകരിക്കണം. ആർ.ഐ.ഡി.എഫിൽ ഉൾപ്പെട്ടിരിക്കുന്ന ആ പദ്ധതികൾ തന്നെ ജെ.പി. ഫണ്ട് വരുമ്പോഴും ഗ്രാമീണ കാർഷിക മേഖലയിലെ റോഡുകളുടെ പുനരുദ്ധാരണത്തിനായി വിനിയോഗിക്കാനുള്ള നടപടികൾക്ക് ഗവൺമെന്റ് മുൻകൈ എടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട ഡോക്ടർ കെ. സി. ജോസഫ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി, കുടിശ്ശിക കൊടുത്തു തീർക്കുന്നതിൽ നമ്മുടെ ഗവൺമെന്റ് പിന്നോട്ടുപോയി എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

1,300 കോടി രൂപ ഉണ്ടായിരുന്നിടത്ത് കഴിഞ്ഞ മൂന്നു വർഷക്കാലമായി അഞ്ഞൂറു കോടി രൂപയേ കുടിശ്ശികയുള്ളൂ എങ്കിലും ഇരുപത്തിയേഴു മാസത്തെ കുടിശ്ശികയുണ്ട്. അത് എത്രയും വേഗം കൊടുത്തു തീർക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. കോൺട്രാക്ടർമാർക്ക് പണം കിട്ടുന്നതുകൊണ്ട് ടെൻഡർ എക്സസ് വളരെ വളരെ കുറഞ്ഞുവന്നു. നബാർഡ് പോലെയുള്ള പദ്ധതികളിൽ ഉൾപ്പെടുത്തിയുള്ള ഫണ്ടുകളിൽ ബിലോ ഷെഡ്യൂൾ റേറ്റിലാണ് ഇപ്പോൾ പോകുന്നത്. ആ നിലയ്ക്ക് അവരുടെ പണം എത്രയും വേഗം കൊടുത്തു തീർക്കുവാൻ നടപടികൾ സ്വീകരിക്കണം. നമ്മൾ വലിയ പദ്ധതികളെ കുറിച്ചൊക്കെ സംസാരിക്കാറുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോട്ടയത്തു നിന്ന് ചേർത്തലയ്ക്ക് 250 കോടി രൂപയുടെ ഒരു റോഡ് നിർമ്മിക്കാനുള്ള പദ്ധതിയെക്കുറിച്ച് ആലോചനയിട്ടിരുന്നു. പിന്നെ ആ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഇന്നുവരെ ആരും മുന്നോട്ടു വന്നിട്ടില്ല. ടോൾ പിരിച്ച് ഇങ്ങനെയുള്ള വലിയ പദ്ധതികൾ പ്രായോഗികമാക്കുവാൻ കഴിയുകയില്ല. അതിനു പകരമായി, അതിനു തുല്യമായി ഗുണം ലഭിക്കുന്ന ചീപ്പുങ്കൽ-മണിയാപറമ്പ്-മെഡിക്കൽ കോളേജ് റോഡ്, ബഹുമാനപ്പെട്ട മന്ത്രി അവിടെ ഒരു പാലത്തിന്റെ ഉദ്ഘാടന വേളയിൽ പ്രഖ്യാപിച്ചിട്ടു പോന്നതാണ്. എട്ടു കോടി രൂപ മുടക്കിയാൽ 250 കോടി രൂപയുടെ പദ്ധതിക്ക് ബദലായി, (അതിനു പകരമായി) ഉപയോഗിക്കുവാൻ കഴിയുന്ന ഒരു പദ്ധതി എന്ന നിലയിൽ ഈ പദ്ധതി കൂടി (ചീപ്പുങ്കൽ-മണിയാപറമ്പ്-മെഡിക്കൽ കോളേജ് റോഡ്) എത്രയും വേഗം ഏറ്റെടുത്ത് നടപ്പാക്കുവാൻ നടപടികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചു കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. കെ. ബാബു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുകയും സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന കാര്യത്തിൽ ഏറ്റവും മികച്ച പ്രവർത്തനങ്ങൾ ആണ് ഈ മൂന്നു വർഷക്കാലംകൊണ്ട് നടന്നത്. ഇവിടെ ബഹുമാന്യനായ ഡോ. കെ. സി. ജോസഫ് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഉണ്ടായ കുടിശ്ശികയെ കുറിച്ച് സംസാരിക്കുകയുണ്ടായി. യഥാർത്ഥത്തിൽ കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പ്രധാനമായി നമ്മുടെ നാട്ടിൽ ഉണ്ടായിരുന്ന ചർച്ചാ വിഷയം കോൺട്രാക്ടർമാരുടെ ആത്മഹത്യയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കോൺട്രാക്ടർമാരുടെ ആത്മഹത്യ ഒരു സ്ഥിരം വാർത്തയായിരുന്നു. അവസാനം ആത്മഹത്യ വാർത്തയല്ലാതായി. അത്രയേറെ കുടിശ്ശിക കൊടുത്തു തീർക്കുവാൻ ഉണ്ടായിരുന്നു. ഈ ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവരുന്നതിൽ കഴിഞ്ഞ ഗവൺമെന്റിന്റെ പി.ഡബ്ല്യു.ഡി. വകുപ്പിന്റെ പ്രവർത്തനവും സഹായകരമായിട്ടുണ്ട്. ഏതായാലും ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു കോൺട്രാക്ടറും ആത്മഹത്യ ചെയ്തതായി പറയാൻ കഴിയുകയില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം കുടിശ്ശിക ഉണ്ടായിട്ടില്ല എന്നല്ല ഞാൻ പറയുന്നത്, ഇവിടെ 550 കോടി രൂപയുടെ കുടിശ്ശിക ഇപ്പോഴുമുണ്ട്, റോഡ്സ് ബ്രിഡ്ജസ് വിഭാഗത്തിൽ. ബിൽഡിംഗ് വിഭാഗത്തിൽ ഏറെക്കുറെ

LIBRARY ARCHIVES Kerala Legislative Assembly

അപ്-ടു-ഡേറ്റാണ്. ഒരു കാര്യം പറയട്ടെ: നിങ്ങൾ രാഷ്ട്രീയമായ കാരണം കൊണ്ട് എന്തു പറഞ്ഞാലും കോൺട്രാക്ടർമാരുടെ ഇടയിൽ വലിയ ആക്ഷേപമില്ല. പല വർക്കുകളും, നബാർഡിന്റെ വർക്ക് ആയാലും, പി.ഡബ്ല്യു.ഡി. വർക്കുകൾ ആയാലും എസ്റ്റിമേറ്റ് റേറ്റിനേക്കാൾ ബിലോ റേറ്റിൽ പോകുന്നുണ്ട്. ബിലോ റേറ്റിൽ വർക്ക് എടുക്കുന്നു എന്നു പറഞ്ഞാൽ അർത്ഥം എന്താണ്? കോൺട്രാക്ടർമാർക്ക് പേമെന്റ് കിട്ടുന്നതിന് വലിയ താമസം ഉണ്ടാകുന്നില്ല. പക്ഷേ ഒരു കാര്യം പറയട്ടെ, നമ്മുടെ പി.ഡബ്ല്യു.ഡി.-യുടെ ആവശ്യങ്ങളും ബഡ്ജറ്റ് അലോക്കേഷനും തമ്മിൽ പൊരുത്തമില്ല. സംസ്ഥാനത്തിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിൽ മറ്റെല്ലാ മേഖലകളിലും വികസനം ത്വരിതപ്പെടുത്തുന്നതിൽ റോഡുകൾക്ക് പ്രധാനപ്പെട്ട പങ്കുണ്ടെന്ന് അംഗീകരിച്ചു കൊണ്ടുതന്നെ ബഡ്ജറ്റ് അലോക്കേഷൻ പി.ഡബ്ല്യു.ഡി.-യുടെ കാര്യത്തിൽ എങ്ങനെ വർദ്ധിപ്പിക്കുവാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഒ.ഡി.ആർ., എം.ഡി.ആർ., റോഡുകൾക്കുവേണ്ടി ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കാൻ ഒരു ഏജൻസിക്ക് രൂപം നൽകാൻ ഗവൺമെന്റ് തയ്യാറാകണം എന്നുള്ളതാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. എക്സ്പ്രസ് ഹൈവേയുടെ കാര്യത്തിൽ അപ്പുറത്തു നിന്നുള്ള മെമ്പർമാർ പലപ്പോഴും ആശങ്ക പ്രകടിപ്പിക്കുകയും കേരളം വെട്ടിമുറിക്കപ്പെടും എന്നൊക്കെ പറയുകയും ചെയ്യുന്നുണ്ട്. എക്സ്പ്രസ് ഹൈവേയെക്കുറിച്ച് ആലോചിച്ചത് നിങ്ങളാണ്. നിങ്ങൾ ആലോചിച്ച കാര്യങ്ങളെയെല്ലാം പിന്നീട് എതിർക്കുക എന്നുള്ളതാണ് നിങ്ങളുടെ പ്രധാന ദൗത്യം. ഏതു കാര്യം നിങ്ങൾ ആലോചിച്ചിട്ടുണ്ടോ അതിനെ എതിർക്കുക; സ്വന്തം കുട്ടിയെ കൊല്ലുക—എന്നുള്ള മനോഭാവത്തിലാണ് രാഷ്ട്രീയ തിമിരം ബാധിച്ച ഇടതുമുന്നണി ഇപ്പോൾ എത്തിച്ചേർന്നിട്ടുള്ളത്. ഏതു കാര്യത്തിലും ഇതാണ് സ്ഥിതി. എ.ഡി.ബി.-യുടെ കാര്യം; എ.ഡി.ബി.-യുടെ കാര്യം നിങ്ങളല്ലേ ആലോചിച്ചത്? ഞങ്ങൾ അതിനെ കുറിച്ച് ആലോചിച്ചിട്ടുണ്ടോ? നിങ്ങൾ ഞങ്ങളുടെ മന്ത്രിമാരിൽ ഓരോ മന്ത്രിയും മുഖ്യമന്ത്രിയാണെന്ന് ആക്ഷേപിക്കുന്നുണ്ടല്ലോ; നിങ്ങളുടെ കാലത്ത് ഓരോ മന്ത്രിയും ഓരോ മുഖ്യമന്ത്രി ആയിരുന്നു; വകുപ്പുകൾ അവരുടെ സാമ്രാജ്യങ്ങളായിരുന്നു എന്നുള്ളത് ഏറ്റവും വലിയ തെളിവാണ്, നിങ്ങളുടെ കാലത്ത് നടപ്പിലാക്കിയ, അല്ലെങ്കിൽ ആലോചിച്ച ഓരോ പദ്ധതിയും ഇപ്പോൾ നിങ്ങൾ എതിർത്തു കൊണ്ടിരിക്കുകയാണ്. ആ കൂട്ടത്തിലാണ് ഇപ്പോൾ എക്സ്പ്രസ് ഹൈവേ. എക്സ്പ്രസ് ഹൈവേ കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു ദിവസംപോലും വൈകാതെ തുടങ്ങണം; അതുമായി മുന്നോട്ടു പോകണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. കാരണം ഇത്രയേറെ ഡെൻസിറ്റി ഓഫ് പോപ്പുലേഷൻ ഉള്ള സംസ്ഥാനത്ത് ഒരു ദിവസം വൈകിയാൽ അത്രയും തടസ്സം ഉണ്ടാകും. അതുപോലെ എക്സ്പ്രസ് ഹൈവേ കേരളത്തിന്റെ പ്രതിച്ഛായയിൽ വലിയ മാറ്റം ഉണ്ടാക്കുന്ന പദ്ധതിയായതുകൊണ്ട് അങ്ങ് ആ പദ്ധതിയുമായി മുന്നോട്ടു പോകണം. ഒരു ദിവസംപോലും അതിനുവേണ്ടി കാലതാമസം ഉണ്ടാക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

അഭികാമ്യമല്ല എന്നാണ് സൂചിപ്പിക്കുവാനുള്ളത്. മറ്റൊരു കാര്യം ക്വാളിറ്റിയാണ്. നമ്മുടെ സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി. വർക്കുകളുടെ ക്വാളിറ്റി മെച്ചപ്പെടുത്തുന്നതിന് ഒരു സിസ്റ്റം ഉണ്ടാകണം. റിസേർച്ചിന്റെ കാര്യത്തിലും ആലോചനകൾ ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്ത് ആറു മാസത്തിലേറെക്കാലം മഴക്കാലമാണ്. ഈ ആറുമാസക്കാലം, മഴക്കാലത്തെക്കൂടി അതിജീവിക്കത്തക്കവിധത്തിൽ, നമ്മുടെ റോഡുകളുടെ ക്വാളിറ്റിയുടെ കാര്യത്തിൽ ആലോചന ആവശ്യമാണ്. കാരണം ഇപ്പോൾ നമ്മൾ മഴക്കാലം വരുന്നതിനു മുമ്പ് എല്ലാ വർക്കുകളും അറേഞ്ച് ചെയ്യും. എല്ലാ റോഡും മെയിന്റനൻസ് നടത്തും. മഴക്കാലം വരുമ്പോഴേക്കും, ആറു മാസം മഴ കഴിയുമ്പോഴത്തേയ്ക്കും വീണ്ടും റോഡുകളെല്ലാം പഴയ സ്ഥിതിയിലേക്കു പോകും. അതുകൊണ്ട് കാലാവസ്ഥയ്ക്ക് അനുയോജ്യമായ നിലയിൽ നമ്മുടെ റോഡുകളുടെ ക്വാളിറ്റി എങ്ങനെ മെച്ചപ്പെടുത്താൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇപ്പോൾ ഗ്യാരന്റി പീരീഡ് ആണ് പ്രധാനപ്പെട്ട പ്രശ്നം. ഒരു വർക്ക് നടത്തിക്കഴിഞ്ഞാൽ ആ റോഡ് ഇത്ര കാലാവധി എങ്കിലും നിലനിൽക്കണമെന്നുള്ള ഒരു ഗ്യാരന്റി പീരീഡുണ്ട്. ഗ്യാരന്റി പീരീഡ് കാലഘട്ടത്തിനുള്ളിൽ ഏതെങ്കിലും കേടുപാടുണ്ടായാൽ അത് ചെയ്യുന്ന കോൺട്രാക്ടറുടെ സ്വന്തം കോസ്റ്റിൽ വീണ്ടും ചെയ്യുന്നതിനുവേണ്ടി നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് അങ്ങേയ്ക്ക് ആവശ്യപ്പെട്ടുകൂടേ?

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ടതാണ്. അതിന് ഒരു വ്യവസ്ഥ ഇപ്പോൾത്തന്നെ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് കുറേക്കൂടി കർശനമാക്കി ഇംപ്ലിമെന്റ് ചെയ്യണമെന്നുള്ളത് ആവശ്യമാണ്. അതുപോലെ ടാറിന്റെ കാര്യം ഒരു വർക്ക് അവാർഡ് ചെയ്തു കഴിഞ്ഞാൽ അത് നടത്തിക്കൊണ്ട് പോകുന്നതിന് ഏറ്റവും പ്രധാനപ്പെട്ട തടസ്സമെന്നു പറയുന്നത് ടാറിന്റെ ദൗർലഭ്യമാണ്. പ്രധാനമായും കൊച്ചിൻ റിഫൈനറി ആണ് ടാർ നമുക്ക് തരുന്നത്. പലപ്പോഴും കെ.ആർ.എൽ. ടാർ തരാതെ വരുമ്പോൾ പി.ഡബ്ല്യു.ഡി. മന്ത്രിയും അഡീഷണൽ ചീഫ് സെക്രട്ടറിയും ചീഫ് എഞ്ചിനീയർമാരുമെല്ലാം പ്രത്യേകം താൽപ്പര്യമെടുത്ത് അവരോട് യാചിച്ചാണ് ഇപ്പോൾ നമുക്ക് ടാർ ലഭ്യമാക്കുന്നത്. അത് നമുക്ക് വർക്ക് അറേഞ്ച് ചെയ്യുന്നതിന് തടസ്സമാണ്. ടാർ കൃത്യമായി വിതരണം ചെയ്യുന്നതിന് ഒരു സംവിധാനം ഉണ്ടാകണം. കിട്ടുന്ന ടാർ ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്താൻ നടപടികൾ ആവശ്യമാണ്. ആ കാര്യം ഒന്ന് ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കുകയാണ്. മറ്റൊരു കാര്യം നമ്മുടെ എഞ്ചിനീയർമാർക്കുള്ള ട്രെയിനിംഗിനെ സംബന്ധിച്ചാണ്. നമ്മുടെ എഞ്ചിനീയർമാരെല്ലാം വളരെ പ്രഗത്ഭന്മാരാണ്; ഒരു സംശയവുമില്ല. പക്ഷേ ആ എഞ്ചിനീയർമാർക്ക് നോളജ് അപ്-ഡേറ്റ് ചെയ്യാനുള്ള ഒരു സംവിധാനമില്ല. അതുകൊണ്ട് ട്രെയിനിംഗ് സംവിധാനം കൂടുതൽ സജീവമാക്കേണ്ടതുണ്ട്. പുതിയ ടെക്നോളജി ഉൾക്കൊള്ളുവാനും പുതിയ കാലഘട്ടത്തിനനുസരിച്ച് ലോകത്താകമാനം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി.-യുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പുതിയ സാങ്കേതിക വിദ്യ ഉൾക്കൊള്ളാനും, നമ്മുടെ എഞ്ചിനീയർമാരുടെ നോളജ് അപ്-ഡേറ്റ് ചെയ്യാനുമുള്ള സംവിധാനം വേണമെന്ന് സൂചിപ്പിക്കുകയാണ്. ഇവിടെ ചില ആക്ഷേപങ്ങൾ പറഞ്ഞു. വർക്ക് ചെയ്താൽ പൈസ കിട്ടാനുള്ള കാലതാമസം. ഞാൻ നേരത്തേ സൂചിപ്പിച്ചു. യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുത്ത സംഖ്യകൊണ്ട് പേമെന്റ് എല്ലാം അപ്-ടു-ഡേറ്റ് ആയേനെ. പക്ഷേ നിങ്ങളുടെ ഗവൺമെന്റ്, പിരിഞ്ഞു പോകുന്ന സന്ദർഭത്തിൽ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നിങ്ങളുടെ വകുപ്പുമായി ബന്ധപ്പെട്ട ആളുകൾ നടത്തിയ പരിശ്രമത്തിന്റെ ഫലമായി ആയിരം കോടി രൂപയുടെ വർക്ക് അവാർഡ് ചെയ്തു കൊടുത്തുപോയി. ആ കുടിശ്ശികയാണ് ഇപ്പോൾ റിക്കറിംഗ് ആയി വന്നുകൊണ്ടിരിക്കുന്നത്. ഏതായാലും ആ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനെക്കുറിച്ചും മൂന്നു മാസത്തിലൊരിക്കൽ പേമെന്റ് കൊടുക്കത്തക്ക വിധത്തിൽ ഒരു സംവിധാനത്തെക്കുറിച്ചും ആലോചിക്കണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. നാഷണൽ ഹൈവേയുടെ കാര്യമാണ് എൻ.ഡി.എ. ഗവൺമെന്റ് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്തെല്ലാം കൊട്ടിഘോഷിച്ചത്. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച എക്സ്പ്രസ് ഹൈവേയിൽ കേരളത്തിന് കാര്യമായ വിഹിതം കിട്ടിയിട്ടില്ല. അത് എങ്ങനെ നികത്താൻ പറ്റും എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. അതുപോലെ തന്നെ 2004-2005-ൽ നമുക്ക് കേന്ദ്ര ഗവൺമെന്റ് വിഹിതം കിട്ടിയിട്ടുള്ളത് 5.48 കോടി രൂപ മാത്രമാണ്. നമ്മൾ ആവശ്യപ്പെട്ടതാകട്ടെ 75 കോടി രൂപയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിഷേധാത്മകമായ നയത്തിന്റെ ഭാഗമാണിത്. കേന്ദ്രത്തിൽ പുതിയ ഗവൺമെന്റുണ്ടായ സാഹചര്യത്തിൽ ഇക്കാര്യത്തിൽ കേരളത്തിന് എങ്ങനെ പ്രയോജനമുണ്ടാക്കാൻ പറ്റും എന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതാണ്. നമ്മുടെ നാഷണൽ ഹൈവേയുടെ കാര്യത്തിലും, ബൈപ്പാസുകളുടെ കാര്യത്തിലും ചില അടിയന്തിര നടപടികൾ ആവശ്യമാണ്. കൊല്ലം ബൈപ്പാസ് വന്നാൽ എറണാകുളത്തു നിന്ന് തിരുവനന്തപുരത്തേക്കുള്ള യാത്രയ്ക്ക് ഇപ്പോഴുള്ളതുപോലെ നാലോ അഞ്ചോ മണിക്കൂർ വേണ്ട ഒരു മണിക്കൂർ കുറയ്ക്കാൻ സാധിക്കും. കൊല്ലം ബൈപ്പാസിന് ഒരു ശാപമോക്ഷമുണ്ടാകണം. ആലപ്പുഴ ബൈപ്പാസിന് ഇന്ന് കുറേ മാറ്റങ്ങൾ വന്നിട്ടുണ്ട്. കുറെ വർക്ക് ചെയ്തു കഴിഞ്ഞിട്ടുള്ളതായി ഞാൻ മനസ്സിലാക്കുന്നു. ആലപ്പുഴയിൽ റെയിൽവേ ഓവർ ബ്രിഡ്ജ് കൂടി നിർമ്മിച്ചുകൊണ്ട് ആലപ്പുഴ ബൈപ്പാസ് പൂർത്തീകരിക്കണം. ആലപ്പുഴ ബൈപ്പാസും, കൊല്ലം ബൈപ്പാസും പണി പൂർത്തിയായാൽ കൊച്ചി തിരുവനന്തപുരം യാത്ര ഒരുപക്ഷേ മൂന്ന് മണിക്കൂർ കൊണ്ട് തീരും. അതുകൊണ്ട് തടസ്സങ്ങൾ ഒഴിവാക്കി ടി പണികൾ പൂർത്തിയാക്കാൻ സാധിക്കണം. കൊച്ചി-മധുര ഹൈവേയുടെ തൃപ്പൂണിത്തുറ ബൈപ്പാസ്, കുണ്ടന്നൂർ മുതൽ തൃപ്പൂണിത്തുറവരെയുള്ള ഭാഗത്ത് അലൈൻമെന്റ് നിശ്ചയിച്ചിട്ടില്ല, കഴിഞ്ഞ കേന്ദ്രഗവൺമെന്റിന്റെ കാലഘട്ടത്തിൽ അതിനു ശേഷമുള്ള ഭാഗത്തെ അലൈൻമെന്റ് നിശ്ചയിക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിരിക്കുകയാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടാണ് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അലൈൻമെന്റ് നിശ്ചയിക്കലും ഫണ്ട് അനുവദിക്കലുമൊക്കെ ഉണ്ടായിരിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തൃപ്പൂണിത്തുറ ബൈപ്പാസ് വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കണം. എൻ.എച്ച്. 17-ൽ വരാപ്പുഴ പാലം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗം ലാന്റ് അക്വിസിഷൻ തടസ്സമായിരുന്നു. ഇപ്പോൾ തടസ്സം നീങ്ങി; ലാന്റ് അക്വിസിഷൻ പൂർത്തിയായി. അതിന് സാങ്ഷൻ കിട്ടി; ടെൻഡർ ചെയ്യണം. അതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പി.ഡബ്ല്യു.ഡി.-യിലെ പ്രവർത്തനങ്ങളും വേഗത്തിൽ വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ കഴിഞ്ഞ കുറച്ചു ദിവസങ്ങളായി അപ്പുറത്തിരിക്കുന്ന ആളുകൾ ഐക്യജനാധിപത്യമുന്നണിയിൽ ആകെ അങ്കലാപ്പാണ്, തർക്കമാണ്, ഐക്യജനാധിപത്യമുന്നണി പൊളിയാൻ പോകുന്നു എന്നു പറഞ്ഞു. ഐക്യജനാധിപത്യമുന്നണി കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ തെറ്റു തിരുത്തി മുന്നോട്ട് പോകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്................ബഹളം................ഈ മുന്നണിയുടെ അച്ചടക്കവും ഐക്യവും കാത്തുസൂക്ഷിക്കാൻ കഴിയാത്ത ആളുകൾ പുറത്തു പോകേണ്ടിവരും. നിങ്ങളുടെ കാലത്ത് (ഇടതുപക്ഷമുന്നണിയുടെ കാലത്ത്) രാജ്യസഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾ തമ്മിൽ ഐക്യമുണ്ടായിരുന്നോ? ഇടതുമുന്നണിയുടെ കാലത്ത് കേരള കോൺഗ്രസിന് രണ്ടരക്കൊല്ലം, ആർ.എസ്.പി.-ക്ക് രണ്ടരക്കൊല്ലം, ജനതാദളിന് രണ്ടരക്കൊല്ലം, സി.പി.ഐ.-ക്ക് രണ്ടരക്കൊല്ലം! ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടിയതുകൊണ്ട് സി.പി.ഐ. രക്ഷപ്പെട്ടു. ഞങ്ങൾക്ക് ഭൂരിപക്ഷം ഇല്ലാതിരുന്നുവെങ്കിൽ ഇപ്പോൾ ശ്രീ. വി. വി. രാഘവൻ രാജിവയ്ക്കേണ്ടി വരില്ലേ? ഇടതു മുന്നണിയുടെ ഭരണ കാലത്ത് നിങ്ങൾ തമ്മിലുണ്ടായിരുന്നത്രയും തർക്കം ഞങ്ങൾ തമ്മിലില്ല. രാജ്യസഭാ തെരഞ്ഞെടുപ്പ് കാലത്ത് സി.പി.ഐ. മുന്നണി വിട്ട് പോകുമെന്ന് ഭീഷണിപ്പെടുത്തിയില്ലേ? അങ്ങനെയല്ലേ രാജ്യസഭാ സീറ്റ് വാങ്ങിച്ചത്? ഐക്യ ജനാധിപത്യ മുന്നണി തെറ്റുകൾ തിരുത്തി മുന്നോട്ട് പോകുക തന്നെ ചെയ്യും................ ബഹളം....................ഇപ്പോൾ ഇടക്കിടയ്ക്ക് പ്രതിപക്ഷ നേതാവുൾപ്പെടെ അപ്പുറത്തിരിക്കുന്ന ആളുകൾ പറയുന്നുണ്ട്, ഞങ്ങൾ ഡൽഹിയിലുണ്ട്,............... അപ്പോൾ സ്വാശ്രയ ബില്ല്..............ഇവിടെ ഞങ്ങൾ ഇല്ലേ...........ഇങ്ങനെയുള്ള നാണംകെട്ട ഏർപ്പാടുകൾ നിർത്തണം. കാരണം നിങ്ങൾക്ക് കേന്ദ്രത്തിൽ ഞങ്ങളെ പിൻതുണയ്ക്കുകയല്ലാതെ വേറെ എന്താണ് മാർഗ്ഗം? ഡൽഹിയിലും ഞങ്ങളെ പിൻതുണക്കുകയല്ലാതെ മാർഗ്ഗമില്ല. മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടായിരുന്നെങ്കിൽ നിങ്ങൾ ഞങ്ങളെ പിൻതുണയ്ക്കുമോ? നിങ്ങൾ ബി.ജെ.പി.-യെ പിൻതാങ്ങിയവരാണ്. ഗതികേട് കൊണ്ടാണ് ഞങ്ങളെ പിൻതുണയ്ക്കുന്നത്............. ബഹളം..............ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. സംസ്ഥാനത്തെ റോഡുകൾ ഇന്ന് മനോഹരമാണ്. ഇതുകാരണം സ്പെയർപാർട്ട് കച്ചവടക്കാർക്ക് വിൽപ്പന വളരെയേറെ കുറഞ്ഞിരിക്കുകയാണ്. റോഡുകൾ നന്നായത് കാരണം സ്പെയർ പാർട്ടുകൾക്ക് ചെലവില്ലാതായി. ആ കാലഘട്ടമാണ് ഐക്യജനാധിപത്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

ഭരിക്കുന്ന കാലഘട്ടമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം തന്നെ കുണ്ടും കുഴിയും ഇല്ലാത്ത റോഡുകളുള്ള ഒരു കാലഘട്ടമാണ്. മഴക്കാലത്ത് പോലും ഇന്ന് റോഡുകളുടെ റിപ്പയർ വർക്കുകൾ നടക്കുകയാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ റോഡുകൾ കുണ്ടും കുഴിയും ഇല്ലാതെ മഴക്കാലത്ത് പോലും മനോഹരമാണ്. വാഹനങ്ങൾ കൂടിവരുന്നു. അതിനനുസരിച്ച് റോഡുകൾ വികസിപ്പിച്ചെടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് നമ്മുടെ റോഡുകൾ വികസിപ്പിക്കാൻ മേജർ പദ്ധതികൾ തയ്യാറാക്കുവാൻ കാലം അതിക്രമിച്ചിരിക്കുകയാണ്. സ്വാതന്ത്ര്യത്തിനു മുമ്പ് പണിത പാലങ്ങളുടെയും അപകടങ്ങൾ സംഭവിക്കാൻ തക്ക വിധത്തിൽ പഴകിയ പാലങ്ങളുടെയുമെല്ലാം സർവ്വേ നടത്തിക്കൊണ്ട് അത്തരം പാലങ്ങളുടെ പുനർ നിർമ്മാണം നടത്തുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി അത് നടപ്പാക്കാൻ അഭ്യർത്ഥിക്കുകയാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ തിരക്കു പിടിച്ച സമയത്ത് ഗതാഗതക്കുരുക്കിൽ എത്ര മണിക്കൂറുകളാണ് നഷ്ടപ്പെടുന്നത്! ബൈപ്പാസ് സ്ഥാപിച്ചുകൊണ്ട് അത്തരം റോഡുകളുടെ തിരക്കൊഴിവാക്കി നമ്മുടെ വിലപ്പെട്ട സമയം പാഴാക്കാതിരിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കാൻ അഭ്യർത്ഥിക്കുകയാണ്. പണി ആരംഭിച്ച് ചില സാങ്കേതിക കാരണങ്ങളാൽ പണി നിലച്ച നിരവധി റോഡുകളും പാലങ്ങളുമുണ്ട്. അതിന്റെയെല്ലാം കണക്ക് ശേഖരിച്ച് പ്രവർത്തനങ്ങൾ നിലച്ചു പോയ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം പുനരാരംഭിക്കുന്നതിനു പ്രത്യേക പരിഗണന നൽകിക്കൊണ്ട് പൂർത്തിയാക്കാൻ അഭ്യർത്ഥിക്കുകയാണ്. കരാറുകാരുടെ കുടിശ്ശിക എത്രയും വേഗം തീർക്കണം. 31-3-2004 വരെ റോഡ് വിഭാഗത്തിൽ 5024 കോടി രൂപയും മറ്റു വിഭാഗങ്ങളിൽ 95 കോടി രൂപയും നാഷണൽ ഹൈവേ വിഭാഗത്തിൽ 5 കോടി രൂപയും സി.ആർ.എഫിൽ 12 കോടി രൂപയും കരാറുകാർക്ക് കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്. ഈ കുടിശ്ശിക കൊടുക്കുന്നതിന് ധനകാര്യ വകുപ്പ് എത്രയും വേഗത്തിൽ നടപടി സ്വീകരിക്കണം. നമ്മുടെ കരാറുകാർ ബാങ്കു പലിശയും മറ്റും കണക്കാക്കിയാണ് കരാറുകൾ ക്വോട്ട് ചെയ്യുന്നത്. കരാറുകാരുടെ കുടിശ്ശിക എത്രയും വേഗത്തിൽ കൊടുത്തു തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പി.ഡബ്ല്യു.ഡി. മാനുവൽ വളരെ വർഷങ്ങൾക്കുമുമ്പ് പരിഷ്ക്കരിച്ചതാണ്. പി.ഡബ്ല്യു.ഡി. മാനുവൽ പരിഷ്ക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. വളരെ വർഷങ്ങളായി മലയോര ഹൈവേ യാഥാർത്ഥ്യമാകാൻ വേണ്ടി മലയോര പ്രദേശങ്ങളിലെ ആളുകളും, കർഷകരും കാത്തിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പായി അത് യാഥാർത്ഥ്യമാക്കാൻ ഊർജ്ജസ്വലനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. എം. കെ. മുനീറിനോട് അഭ്യർത്ഥിക്കുകയാണ്. റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പണി വളരെ ത്വരിത ഗതിയിൽ നടന്നുവരികയാണ്. കേരളത്തിൽ അങ്ങോളമിങ്ങോളം റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ...................................

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അങ്ങ് മലയോര ഹൈവേയെക്കുറിച്ച് പറഞ്ഞു. മലയോര ഹൈവേയുമായി ബന്ധപ്പെട്ട് എല്ലാ എം.എൽ.എ.-മാരേയും വിളിച്ചുചേർത്ത് അതിന്റെ അലൈൻമെന്റിനെ സംബന്ധിച്ച് ഒരു വിശദീകരണം നൽകുകയും ഒരു മാസത്തിനുള്ളിൽ മലയോര ഹൈവേയെ സംബന്ധിച്ചുള്ള അന്തിമ തീരുമാനം സർക്കാർ പ്രഖ്യാപിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിക്കുകയും ചെയ്തതാണ്. ഇപ്പോൾ മൂന്ന് മാസം കഴിഞ്ഞു. മലയോര ഹൈവേയെ സംബന്ധിച്ചുള്ള ഒരു പ്രഖ്യാപനം ഇനിയും വരാത്ത സാഹചര്യത്തിൽ അങ്ങ് കുറേക്കൂടി ശക്തമായി ഇത് ഉന്നയിക്കുമോ?

ശ്രീ. സി. ടി. അഹമ്മദ് അലി: ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ താൽപര്യമെടുക്കുന്നുണ്ട്. എത്രയും വേഗത്തിൽ ഇത് യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കും.

ശ്രീ. കളത്തിൽ അബ്ദുള്ള: കേരളത്തിന്റെ ചരിത്രത്തിൽ മലയോര നിവാസികളെ ആവേശഭരിതരാക്കുന്ന ഒരു തീരുമാനവും നടപടിക്രമവുമാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയിൽനിന്ന് ഉണ്ടായിട്ടുള്ളത്. അതിൽ അങ്ങേയ്ക്ക് അദ്ദേഹത്തെ അഭിനന്ദിക്കാമോ?

ശ്രീ. സി. ടി. അഹമ്മദ് അലി: തീർച്ചയായും അദ്ദേഹത്തെ അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. വകുപ്പിന്റെ കാര്യത്തിൽ ഏറ്റവുമധികം താൽപ്പര്യമെടുത്ത മന്ത്രിയാണ് ഡോ. മുനീർ. റോഡുകൾ കേടു

1.00 p.m.] വരുന്നത് ഇല്ലാതാക്കാൻ ഓവുചാൽ നിർമ്മിക്കണം. ഓവുചാലുകൾ ഇല്ലാത്തതുകാരണം റോഡുകൾ വളരെ വേഗം നശിച്ചു പോകുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ഓവുചാലുകൾ നിർമ്മിക്കുന്നതിൽ എന്തോ ചില തടസ്സങ്ങൾ ഉണ്ടായതായി മനസ്സിലാക്കുന്നു. റോഡുകൾ കുറേക്കാലം വളരെ നല്ല നിലയിൽ നിലനിൽക്കണമെങ്കിൽ ആദ്യം അതിനാവശ്യമായ ഓവുചാലുകൾ നിർമ്മിക്കേണ്ടതാണ്. അതിനാവശ്യമായ പ്രത്യേക പരിഗണന നൽകാൻ അഭ്യർത്ഥിക്കുകയാണ്. റോഡും റോഡ് പുറമ്പോക്കും പലരും കൈയേറിക്കൊണ്ടിരിക്കുകയാണ്. വാഹനങ്ങളുടെ ബാഹുല്യം കാരണം റോഡുകളും റോഡ് പുറമ്പോക്കുകളും കൈയേറുന്നത് കർശനമായി തടയാനുള്ള നടപടി ഉണ്ടാകണം. കൈയേറിയ സ്ഥലം മനസ്സിലാക്കാൻ റോഡുകളും റോഡ് പുറമ്പോക്കുകളും കല്ലിട്ട് പ്രത്യേകം മാർക്ക് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. അതിന് റവന്യൂ വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മുൻകൈ എടുക്കണം. ലോകബാങ്ക് സഹായത്തോടുകൂടിയുള്ള കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. 200 കോടി രൂപ അതിനുവേണ്ടി ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. ഇന്ന് വളരെയേറെ മേജർ പദ്ധതികൾ കെ.എസ്.റ്റി.പി.-യിലൂടെ നടപ്പാക്കിവരുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം ഈ പദ്ധതിയിൽപ്പെടുത്തി മേജർ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. ഒ.ഡി.ആർ., എം.ഡി.ആർ. ആക്കി ഉയർത്തുന്നതിനും

പ്രധാനപ്പെട്ട റോഡുകളെല്ലാം സ്റ്റേറ്റ് ഹൈവേയായി ഉയർത്തുന്നതിനുമുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. പഞ്ചായത്തുകൾ പി.ഡബ്ല്യു.ഡി.-ക്ക് വിട്ടുകൊടുക്കാൻ തയ്യാറായ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണം. പഞ്ചായത്തുകൾക്ക് മേജർ റോഡുകളൊന്നും തന്നെ ഏറ്റെടുത്ത് നടത്താൻ കഴിയാത്ത സാഹചര്യത്തിൽ നല്ല നിലവാരമുള്ള റോഡുകൾ നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പിന് സാധിക്കും. അതുകൊണ്ട് പഞ്ചായത്ത് ആവശ്യപ്പെടുന്ന മുറയ്ക്ക് അവ ഏറ്റെടുത്ത് നടത്താൻ പൊതുമരാമത്തുവകുപ്പ് പ്രത്യേകം താൽപ്പര്യം എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിലവിലുള്ള റോഡുകൾ വീതി കൂട്ടുക, നടപ്പാതകളും സൈക്കിൾ പാതകളും നിർമ്മിച്ച് റോഡ് വികസിപ്പിക്കുക, സിറ്റികളിൽ പ്രത്യേകം ടോൾ ഏർപ്പെടുത്തിക്കൊണ്ട് പാർക്കിംഗ് ഏരിയ ഏർപ്പെടുത്തുക എന്നിവയിൽ മരാമത്ത് വകുപ്പ് താൽപ്പര്യം കാണിക്കണം. എക്സ്പ്രസ്സ് ഹൈവേക്കുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കി എത്രയും വേഗം പണി ആരംഭിക്കണം. റോഡിന് മൊത്തം 6,400 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 507 കിലോമീറ്റർ ദൈർഘ്യമുള്ള റോഡാണിത്. 2012-ൽ നിർമ്മാണം പൂർത്തിയാകും. അതുകൊണ്ട് എത്രയും വേഗത്തിൽ പ്രവർത്തനം ആരംഭിച്ച് അത് നടപ്പാക്കണം. പൊതുമരാമത്ത് പണികളുടെ എസ്റ്റിമേറ്റ് വർദ്ധിപ്പിക്കണം. ഓരോ വർഷവും കുറവു വരുത്തുന്നത് ശരിയല്ല. 2002-2003-ൽ 153 കോടി രൂപയും 2003-04-ൽ 116 കോടി രൂപയും 2004-05-ൽ 43 കോടി രൂപയും മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അടിയന്തിരമായി ധനകാര്യ വകുപ്പ് ഇക്കാര്യത്തിലെ കുറവ് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്താങ്ങുകയാണ്.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ ഈ ഡിമാന്റുകളെ അനുകൂലിക്കുകയാണ്. ഒരു ഗവൺമെന്റിന്റെ മുഖമുദ്ര ആ സംസ്ഥാനത്തെ റോഡുകളുടെ അവസ്ഥയാണ്. കഴിഞ്ഞ മൂന്നു കൊല്ലക്കാലമായി കേരളത്തിന്റെ ചരിത്രത്തിൽ മുമ്പൊരിക്കലും ഉണ്ടാകാത്ത വിധത്തിൽ ഇവിടുത്തെ റോഡുകൾക്കുണ്ടായ അഭിവൃദ്ധി, (Level of improvement) അത് ഈ ഗവൺമെന്റിന്റെ വലിയ നേട്ടങ്ങളുടെ മുൻപന്തിയിലാണ്. ഊർജ്ജസ്വലനായ, ദീർഘ വീക്ഷണമുള്ള ഡോ. മുനീറിന്റെ നേതൃത്വത്തിലുള്ള ഈ വകുപ്പിൽ കഴിഞ്ഞ മൂന്നു കൊല്ലക്കാലമായി ഉണ്ടായിരിക്കുന്ന മാറ്റങ്ങൾ ജനാധിപത്യമുന്നണിക്കു തന്നെ വലിയ അഭിമാനകരമായ കാര്യമാണ്. ഞങ്ങൾ ഇവിടെ inherit ചെയ്തത് ഒരു വലിയ കടക്കെണിയുടെ ബാക്കിയാണ്. ഏതാണ്ട് 1,500 കോടി രൂപയുടെ കുടിശ്ശികയാണ് ഞങ്ങൾക്ക് ഏറ്റെടുക്കേണ്ടിവന്നത്. ശ്രീ. ഗോവിന്ദൻ മാസ്റ്റർക്ക് അറിയാം അദ്ദേഹത്തിന്റെ മണ്ഡലത്തിലുള്ള എന്റെ നാട്ടുകാരനായ പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ തോമസാണ് ചെക്ക് മാറിക്കിട്ടാതെ നടന്നുനടന്ന്, അവസാനം ആത്മഹത്യ ചെയ്തത്. മറ്റു കോൺട്രാക്ടർമാർ ആത്മഹത്യ ചെയ്തില്ല എന്നേയുള്ളൂ. അതാണ് കേരളത്തിലെ പി.ഡബ്ല്യു.ഡി. വകുപ്പിനെ പറ്റിയുള്ള എൽ.ഡി.എഫ്. ഭരണകാലത്തെ വളരെ വികലമായ ചിത്രം. വണ്ടിച്ചെക്ക് മാറിക്കിട്ടാൻ കോൺട്രാക്ടർമാർ ഇവിടെ നടന്ന കാലം മാറി. ഇന്ന് ഇവിടെയൊരു

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ടറെപ്പോലും അതിന് കാണാനില്ല. ആ രംഗത്ത് സാമ്പത്തിക ഭദ്രതയുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ഇവിടെ കഴിഞ്ഞ മൂന്നു കൊല്ലക്കാലം കൊണ്ട് 1217.26 കോടി രൂപ കോൺട്രാക്ടർമാരുടെ പെൻഡിംഗ് ബിൽസ് കൊടുത്തു തീർത്തു. ഇനിയും 31-3-2004 വരെ 622 കോടി രൂപ കൊടുക്കാൻ ബാക്കിയുണ്ട്. ഈ സഭയിൽ സംസാരിച്ച എല്ലാവരും പറഞ്ഞത് പി.ഡബ്ല്യു.ഡി.-യുടെ ബഡ്ജറ്റ് അലോക്കേഷന്റെ അപര്യാപ്തതയാണ്. 622 കോടി രൂപ കുടിശ്ശികയുള്ള ഒരു ഡിപ്പാർട്ടുമെന്റിന് 39 കോടി രൂപയുടെ അലോക്കേഷനാണ്. എവിടെ പോകും കാര്യങ്ങൾ? അതുകൊണ്ട് ഈ സഭയുടെ പൊതു വികാരം മാനിച്ച് ബഹുമാന്യനായ മുഖ്യമന്ത്രിയും ധനകാര്യം മന്ത്രിയും ശ്രദ്ധിച്ച് പി.ഡബ്ല്യു.ഡി. അലോക്കേഷൻ വർദ്ധിപ്പിക്കണം. അല്ലെങ്കിൽ ഈ സംസ്ഥാനത്തിന്റെ വികസനം വളരെ വലിയ തകരാറിലാകും. പി.ഡബ്ല്യു.ഡി. അലോക്കേഷൻ കഴിഞ്ഞ് എം.ഡി.ആർ.-നും സ്റ്റേറ്റ് ഹൈവേയ്ക്കുമായി മാറ്റിവച്ചത് 39.8 കോടി രൂപ. പെൻഡിംഗ് ബിൽസ് 622 കോടി രൂപ. ഇക്കാര്യത്തിൽ ഒരു വലിയ പരിഗണന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. കഴിഞ്ഞ ഇടയ്ക്ക് പ്ലാനിംഗ് ബോർഡ് ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. എല്ലാ ഒ.ഡി.ആർ.-ഉം ഉടൻ തന്നെ മടക്കി പഞ്ചായത്തിന് കൊടുക്കണം. പഞ്ചായത്തിനെക്കൊണ്ട് നിലവിലുള്ള ഗ്രാമീണ റോഡുകൾ പോലും ചെയ്യാൻ സാധിക്കുന്നില്ല. അവരുടെ കൈയിലേക്ക് ഒ.ഡി.ആർ. മടക്കി കൊടുത്താൽ കേരളത്തിലെ എല്ലാ റോഡുകളുടേയും അവസ്ഥ ദയനീയമാകും. അതുകൊണ്ട് കേരളത്തിൽ പഞ്ചായത്തിരാജ് നിയമം പാസാക്കുന്നതുവരെ പി.ഡബ്ല്യു.ഡി.-യുടെ കൈവശമുണ്ടായിരുന്ന എല്ലാ ഒ.ഡി.ആർ.-കളും അടിയന്തിരമായി എം.ഡി.ആർ. ആക്കി മാറ്റണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വലിയ രാഷ്ട്രീയ വിവേചനം കാണിച്ചു. അന്നത്തെ മന്ത്രി കണ്ണൂർ ജില്ലയിൽ 800 കിലോമീറ്റർ റോഡ് എം.ഡി.ആർ. ആക്കി. കണ്ണൂരിലെ ഏറ്റവും വലിയ മണ്ഡലം എന്റെ മണ്ഡലമാണ്. എന്റെ മണ്ഡലത്തിൽ ആകെ എം.ഡി.ആർ. ആക്കിയത് 15 കിലോമീറ്റർ റോഡാണ്. ഇന്ന് കണ്ണൂരിൽ ഏറ്റവും കുറവ് എം.ഡി.ആർ. ഉള്ള മണ്ഡലം ഇരിക്കൂർ മണ്ഡലമാണ്. ഏറ്റവും കൂടുതൽ ഒ.ഡി.ആർ. എന്റെ മണ്ഡലത്തിലാണ്. അതുകൊണ്ട് ദയവായി കഴിഞ്ഞ കാലത്ത് കാണിച്ച രാഷ്ട്രീയ വിവേചനത്തിന് പരിഹാരമുണ്ടാക്കാൻ അടിയന്തിരമായി കേരളത്തിലെ എല്ലാ ഒ.ഡി.ആർ-ഉം എം.ഡി.ആർ. ആക്കി മാറ്റാൻ പൊതുമരാമത്ത് വകുപ്പ് ശക്തമായ നടപടി സ്വീകരിക്കണം. പി.ഡബ്ല്യു.ഡി. വകുപ്പിന്റെ വലിയൊരു ശക്തിസ്രോതസ്സ് നബാർഡിന്റെ സഹായമാണ്. നബാർഡിന്റെ 2002-2003-ലെ അലോക്കേഷൻ 5,500 കോടി രൂപയാണ്. അടിസ്ഥാന സൗകര്യം ഉണ്ടാക്കാനുള്ള ഈ പദ്ധതിയിൽ കേരളത്തിന് 96-97 മുതൽ ആകെ കിട്ടിയത് 531 കോടി രൂപയാണ്. ഇൻഡ്യയിൽ ആകമാനം ആ കാലഘട്ടത്തിൽ 28,500 കോടി രൂപ ചെലവായപ്പോൾ കേരളത്തിലെ പി.ഡബ്ല്യു.ഡി.-ക്ക് കിട്ടിയത് ഏതാണ്ട് 531 കോടി രൂപയാണ്. ആർ.ഐ.ഡി.എഫ്.-9-ൽ കേരളം ഏതാണ്ട് 522.8 കോടി രൂപയുടെ പദ്ധതി കൊടുത്തു. അനുവദിച്ചത് 15.73 കോടി രൂപ. നബാർഡുമായി ബന്ധപ്പെട്ട് Rural Infrastructure Development Fund-ൽ നിന്ന് ആവശ്യമായ വിഹിതം കേരളത്തിലെ ഗ്രാമീണ റോഡുകൾക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

എടുത്തില്ലായെങ്കിൽ കേരളത്തിലെ പി.ഡബ്ല്യൂ.ഡി.-ക്കുവരെ മുന്നോട്ടുപോകാൻ സാധിക്കുകയില്ല. കഴിഞ്ഞ കാലംവരെ ഫണ്ട് കൊടുത്തിരുന്നു. ഇപ്പോൾ നയം മാറ്റി. അടിയന്തിരമായി മുഖ്യമന്ത്രിയും സംസ്ഥാന ഗവൺമെന്റും ആർ.ഐ.ഡി.എഫിന്റെ സാമ്പത്തിക സഹായം ലഭിക്കാനുള്ള പട്ടികയിലേക്ക് ഗ്രാമീണ റോഡുകൾ ഉൾപ്പെടുത്താനുള്ള നടപടിയുണ്ടാക്കണം. മറ്റൊന്ന് ഹിൽ ഹൈവേയുടെ കാര്യമാണ്. ഹിൽ ഹൈവേയ്ക്ക് ഇവിടെ മുന്നേറ്റമുണ്ടായത് ഡോ. മുനീറിന്റെ കാലത്താണ്. കഴിഞ്ഞ 50 വർഷക്കാലമായി പ്രശ്നങ്ങൾ മാത്രമായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം NATPAC-നെ പഠനത്തിന് നിയോഗിച്ചു. അവർ പ്രാഥമിക പഠനം നടത്തി. പിന്നീട് വിശദമായ പഠനം നടത്തി റിപ്പോർട്ട് കൊടുത്തു. ബഹുമാനപ്പെട്ട മന്ത്രി ഇലക്ഷനു മുമ്പ് ഒന്നാം ഘട്ടമായ കാസർകോട് മുതൽ പാലക്കാട് വരെയുള്ള എം.എൽ.എ.-മാരെ വിളിച്ചുകൂട്ടി. ചർച്ച നടത്തി. ഞങ്ങളോട് പറഞ്ഞത് ഒരു മാസം കഴിഞ്ഞ് വീണ്ടും ചേരാമെന്നാണ്. പിന്നീട് തെരഞ്ഞെടുപ്പുണ്ടായി. തെരഞ്ഞെടുപ്പുകാലത്ത് ഇത്തരം കാര്യങ്ങൾ തീരുമാനിക്കേണ്ട എന്നു പറഞ്ഞത് ആരാണ്? ഇലക്ഷൻ കമ്മീഷൻ. അതുകൊണ്ട് നീണ്ടുപോയി. തീർച്ചയായും ഹിൽ ഹൈവേയ്ക്ക് പരിഗണന കൊടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയും ആവർത്തിച്ച് പറഞ്ഞതുപോലെ ഈ ഗവൺമെന്റ് ടോപ്പ് പ്രയോറിറ്റി കൊടുക്കുന്ന മേഖല ഹിൽ ഹൈവേയാണ്. ഇവിടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇത്തവണത്തെ ബഡ്ജറ്റിൽ 10 കോടി രൂപ മാറ്റിവച്ചു. അതൊരു ടോക്കൺ പ്രൊവിഷനാണ്. സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്തുകൊണ്ട് നബാർഡിൽ നിന്നോ അല്ലെങ്കിൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ അടുത്ത ഘട്ടമായോ ആ പദ്ധതി കൊടുത്ത് പണം വാങ്ങി കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ഹിൽ ഹൈവേയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കണം. മറ്റൊരു കാര്യം കെ.എസ്.ടി.പി.-യാണ്. ഇവിടെ പലരും വിമർശിച്ചു. കേരളത്തിൽ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്താൻ സാധിച്ചത് കെ.എച്ച്.ഡി.പി പദ്ധതികൊണ്ടാണ്. കെ.എസ്.ടി.പി. രണ്ടാം ഘട്ടം പൂർത്തിയാക്കി. എന്റെ മണ്ഡലത്തിലുള്ള തളിപ്പറമ്പ്-ഇരിട്ടി റോഡിന്റെ പണി പൂർത്തിയായി. അതൊക്കെ ശ്രീ. ഗോവിന്ദൻ മാസ്റ്റർക്കറിയാം. ഒന്നാം ഘട്ടം റോഡ് പണി പൂർത്തിയായി. ചില ഒമിഷൻസുണ്ടായി. അതൊഴിച്ച് ബാക്കി പണിയെല്ലാം പൂർത്തിയായി. കെ.എസ്.ടി.പി. റോഡുകൾ ദീർഘകാലം നിലനിൽക്കുന്ന റോഡുകളാണ്. ആ പദ്ധതിമൂലം കേരളത്തിന്റെ ഓരോ മേഖലയിലും ഉള്ള റോഡുകളുടെ ഗുണനിലവാരത്തിലുണ്ടായ ഗുണകരമായ മാറ്റം ദയവായി കാണാതെ പോകരുത്. നിങ്ങൾക്ക് എല്ലാം വിമർശനമാണ്. ഡോ. കെ. സി. ജോസഫിന്റെ കുട്ടനാട് മണ്ഡലം, ചങ്ങനാശ്ശേരി, ആലപ്പുഴ റോഡ് അത് കെ.എസ്.ടി.പി. ചെയ്തുകൊണ്ടിരിക്കുന്നു. ഞങ്ങൾ രാഷ്ട്രീയം നോക്കിയല്ല ചെയ്യുന്നത്. രാഷ്ട്രീയ പരിഗണനയില്ല. കേരളത്തിന്റെ ഒരു മേഖലയിലും രാഷ്ട്രീയ പരിഗണന കാണിക്കാതെ എല്ലാ മേഖലയുടേയും സന്തുലിതമായ വികസനം നടപ്പിലാക്കാൻ ശ്രമിച്ചത് കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. അതുകൊണ്ട് എനിക്ക് അപേക്ഷിക്കാനുള്ളത് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ടിന്റെയോ നബാർഡിന്റേയോ സഹായം വാങ്ങിയെങ്കിലും മലയോര മേഖലയുടെ വലിയ ആഗ്രഹമായ ഹിൽ ഹൈവേ നടപ്പിലാക്കാനുള്ള നടപടിയുണ്ടാകണം എന്നാണ്. മറ്റൊരു കാര്യം ഇവിടെ പി.ഡബ്ല്യു.ഡി. റോഡുകളുടെ അവസ്ഥയെക്കുറിച്ചാണ്. ഇവിടെ പലരും അത് ചൂണ്ടിക്കാണിച്ചു. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. കാരണം എത്രയുംവേഗം നമ്മുടെ ഒ.ഡി.ആർ.-കൾ പി.ഡബ്ല്യു.ഡി. മടക്കി വാങ്ങണം. പ്ലാനിംഗ് ബോർഡിന്റെ ശുപാർശ അംഗീകരിക്കാനാവില്ല. പ്ലാനിംഗ് ബോർഡ് പറയുന്നത് സാമ്പത്തികമായ കാരണങ്ങളാണ്. 40 ശതമാനം പദ്ധതികളും പഞ്ചായത്തിന് കൈമാറിയെങ്കിൽപ്പോലും പഞ്ചായത്തിനെക്കൊണ്ട് ഗ്രാമീണ റോഡുകളുടെ ഒരു ചെറിയ ഭാഗം പോലും ചെയ്യാൻ സാധിക്കുന്നില്ല. അങ്ങനെയുള്ളവരെ കേരളത്തിന്റെ ഗണ്യമായ ഭാഗം വരുന്ന ഒ.ഡി.ആർ.-കൾ ഏൽപ്പിച്ചാൽ എന്തായിരിക്കും അവസ്ഥ?

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട ഇരിക്കൂർ അംഗം പറഞ്ഞത് ശരിയാണ്. ഇപ്പോൾത്തന്നെ പല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും അവരുടെ റോഡുകൾ അവർക്ക് നന്നാക്കാൻ കഴിയാത്തതുകൊണ്ട് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: അതാണ് അവസ്ഥ. അതൊന്നും പ്ലാനിംഗ് ബോർഡ് കാണുന്നില്ല. പ്ലാനിംഗ് ബോർഡ് പറയുന്നത് The Planning Board has criticized the PWD many times that PWD is acting against the Panchayat Raj Act and the pendency of arrear bills can be reduced to a considerable extent if the ODR roads and Village roads are transferred to the Panchayat.

ഡോ. കെ. സി. ജോസഫ്: പ്ലാനിംഗ് ബോർഡിന്റെ തീരുമാനം നമുക്ക് അംഗീകരിക്കാവുന്നതല്ല എന്ന് അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. അതേസമയം ഈ രാജ്യത്ത് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന പഞ്ചായത്ത് രാജ് നിയമത്തിൽ പറഞ്ഞതനുസരിച്ചാണ് ഒ.ഡി.ആറും വില്ലേജ് റോഡുകളും പഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുന്നത്. അതിന് പ്ലാനിംഗ് ബോർഡിനെ കുറ്റപ്പെടുത്തുന്നതിനു പകരം, നിയമത്തിൽ വ്യത്യാസം വരുത്തുകയോ ഒ.ഡി.ആർ കൺവർട്ട് ചെയ്ത് എം.ഡി.ആർ. ആക്കാൻ തീരുമാനിക്കുകയോ അല്ലേ ഗവൺമെന്റ് ചെയ്യേണ്ടത്?

ശ്രീ. കെ. സി. ജോസഫ്: ഡോ. കെ. സി. ജോസഫ്, ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി സ്ഥാനം ഒഴിഞ്ഞശേഷം നിങ്ങൾ 5 വർഷക്കാലം ഭരിച്ചില്ലേ? നിങ്ങൾ മാറ്റിയില്ലല്ലോ.

ശ്രീ. പി. കെ. കെ. ബാവ: പി.ഡബ്ല്യു.ഡി. വിട്ടുകൊടുക്കുന്ന റോഡ് എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. അല്ലാതെ ഏതെങ്കിലും റോഡ് പ്രത്യേകം കൊടുക്കണമെന്ന് പറഞ്ഞിട്ടില്ല. അതേസമയം പിന്നെ വന്ന ഗവൺമെന്റ് വിട്ടുകൊടുത്ത റോഡുകളൊന്നും തിരിച്ചെടുക്കാൻ പാടില്ല എന്നുള്ള രീതിയിൽ നിയമത്തിൽ ഭേദഗതി കൊണ്ടുവരികയാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. സി. ജോസഫ്:</u> നിങ്ങൾ ഈ സംസ്ഥാനത്ത് എല്ലാ ഒ.ഡി.ആർ.-ഉം മടക്കിത്തരാൻ പറഞ്ഞിട്ട് ഇപ്പോൾ കുറ്റപ്പെടുത്തുകയാണ്. എം.ഡി.ആർ.-ന്റെ പട്ടികയിലേക്ക് ഒ.ഡി.ആർ. പെടുത്തിയാൽ പരിഹാരമുണ്ടാകും. അതുകൊണ്ട് എത്രയുംവേഗം നടപടിയുണ്ടാകണം. എനിക്ക് വീണ്ടും പറയാനുള്ളത് അടിയന്തിരമായും പി.ഡബ്ല്യു.ഡി. അലോക്കേഷൻ വർദ്ധിപ്പിക്കണം എന്നാണ്. ഈ നിലയ്ക്ക് മുന്നോട്ടുപോകാൻ പി.ഡബ്ല്യു.ഡി.-ക്ക് സാധിക്കുകയില്ല. കഴിഞ്ഞ മൂന്നു വർഷക്കാലമായി ഈ രംഗത്തുണ്ടായ ശ്രദ്ധേയമായ പുരോഗതിയും മാറ്റവും കണക്കിലെടുത്തുകൊണ്ട് ഈ സഭയിലുണ്ടായ പൊതുവികാരം മാനിച്ച് എം.ഡി.ആർ.-ന്റെ കാര്യത്തിലും പി.ഡബ്ല്യു.ഡി.-യുടെ ബഡ്ജറ്റ് അലോക്കേഷന്റെ കാര്യത്തിലും നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ അനുകൂലിക്കുന്നു.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇവിടെ ഇന്ന് രണ്ട് പ്രധാനപ്പെട്ട വകുപ്പുകളെ അടിസ്ഥാനപ്പെടുത്തിയുള്ള ധനാഭ്യർത്ഥനകൾക്കുള്ള ചർച്ച നടക്കുകയാണ്. അസംബ്ലിയിൽ ഭൂരിപക്ഷമുള്ള പാർട്ടി എന്നു പറയുന്നത് കോൺഗ്രസ് (ഐ) ആണ്. ആ കോൺഗ്രസ് (ഐ) പാർട്ടിയിൽ നിന്ന് 5 ബഹുമാനപ്പെട്ട അംഗങ്ങൾ ഈ ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി. എല്ലാപേർക്കും റോഡിനെപ്പറ്റിയും പി.ഡബ്ല്യു.ഡി. കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ മുഖസ്തുതി സംബന്ധിച്ചുമാണ് പ്രസംഗിക്കാനുണ്ടായിരുന്നത്. വളരെ പ്രധാനമായ ഗതാഗതം, വാഹന നികുതി എന്നിവയെക്കുറിച്ച് ഒരൊറ്റ അക്ഷരം മിണ്ടാൻ കോൺഗ്രസ് (ഐ)-യിലെ എം.എൽ.എ.-മാർ തയ്യാറായില്ല എന്നുള്ളത് കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടിരിക്കുന്നു എന്നുള്ളതിന്റെ ശരിയായ ഉദാഹരണമാണ്. ഈ ഗവൺമെന്റിന് ഒരൊറ്റ നിമിഷംപോലും തുടരാൻ അവകാശമില്ല, രാജി വയ്ക്കണം. ശ്രീ. ബാലകൃഷ്ണപിള്ള രാജി വയ്ക്കണമെന്നല്ല പറയുന്നത്. ശ്രീ. എ. കെ. ആന്റണി, മുഖ്യമന്ത്രി, രാജി വയ്ക്കണം. എല്ലാ കോൺഗ്രസ്സുകാരും അപ്പുറം കുത്തിയിരുന്നിട്ട് വകുപ്പിനെ സംബന്ധിച്ചുള്ള ചർച്ചയിൽനിന്ന് പൂർണ്ണമായും ഒഴിഞ്ഞുനിന്ന് നാളെ 'മലയാള മനോരമ'യിലും 'മാതൃഭൂമി'യിലും വരാനുള്ള വാർത്ത സൃഷ്ടിച്ച്, സംഭവങ്ങളിൽനിന്ന് ബോധപൂർവ്വം ഒഴിഞ്ഞുമാറാനുള്ള ശ്രമം കൂടിയാണ് ഇവിടെ നടത്തിയിട്ടുള്ളത്. കൂട്ടുത്തരവാദിത്വം ഇല്ലാതെ നാണംകെട്ട ഒരു മന്ത്രിസഭയാണ് ഇവിടെ തുടരുന്നത് എന്നു പറയുകയാണ്. മുഖ്യമന്ത്രി പറയുന്നത് മന്ത്രിമാർ അംഗീകരിക്കുന്നില്ല, മന്ത്രിമാർ തമ്മിൽ അംഗീകരിക്കുന്നില്ല മന്ത്രിമാർ പറയുന്നത് യു.ഡി.എഫ്.-ലെ എം.എൽ.എ.-മാർ അംഗീകരിക്കുന്നില്ല. അങ്ങോട്ടും ഇങ്ങോട്ടും കോളർ പിടിക്കുന്ന, കുഴപ്പത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് ഈ അസംബ്ലിയിൽ കണ്ടുകൊണ്ടിരിക്കുന്നത്. നിങ്ങൾ എന്തു വ്യാഖ്യാനിച്ചിട്ടും കാര്യമില്ല. ശ്രീ. ബാബുവിനെപ്പോലെ ചില എം.എൽ.എ.-മാർ സംസാരിച്ചപ്പോൾ ഗവൺമെന്റിനെ സംബന്ധിച്ച് പറഞ്ഞു.

<u>ശ്രീ. എ. കെ. ബാലൻ:</u> ഭരണകക്ഷിയുടെ ഭരണ ഘടനാപരമായ ബാധ്യതയാണ് Demands for Grants-നെ അനുകൂലിച്ച് സംസാരിക്കുക എന്നുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ആ കടമ നിർവ്വഹിക്കുവാൻ കഴിയുന്നില്ലായെന്നതാണ് ഞാൻ പറഞ്ഞുവന്നതിന്റെ അർത്ഥം. ഇടതുപക്ഷ മുന്നണിയുടെ പിന്തുണയോടുകൂടി കേന്ദ്രത്തിൽ അധികാരത്തിൽ വന്നതിനെക്കുറിച്ച് ശ്രീ. ബാബു ഇവിടെ പറയുകയുണ്ടായി. അങ്ങനെ പ്രസംഗിക്കുവാനുള്ള ഒരു അവകാശവും നിങ്ങൾക്കില്ല. കാരണം 543 അംഗങ്ങളാണ് പാർലമെന്റിലുള്ളത്. 145 കോൺഗ്രസ് അംഗങ്ങൾ ഉള്ളതിൽ ഒരാൾപോലും കേരളത്തിൽ നിന്നില്ല. എന്നിട്ട് ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പിന്തുണയോടുകൂടി കേന്ദ്രത്തിൽ ഗവൺമെന്റ് തുടരുകയാണ്. നിങ്ങൾ പറഞ്ഞത് ഞാൻ അംഗീകരിക്കുകയാണ്. കോൺഗ്രസ്സും ബി.ജെ.പി.-യും തുടരുന്ന സാമ്പത്തിക നയങ്ങളിൽ യാതൊരു തർക്കവും ഞങ്ങൾക്കില്ല. ഞങ്ങൾ ഒരേ നിലപാടു തന്നെയാണ് സ്വീകരിക്കുന്നത്. എന്നാൽ രാഷ്ട്രീയമായി ചില നിലപാടുകൾ മതനിരപേക്ഷതയുമായി ബന്ധപ്പെട്ട് നിങ്ങൾ അംഗീകരിക്കുന്നു എന്നതുകൊണ്ട്, ഒരു മതനിരപേക്ഷ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വരണമെന്നതുകൊണ്ട്, ഗത്യന്തരമില്ലാതെ നിങ്ങളെ പിന്തുണയ്ക്കുന്നു. അതിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട ബാബു പറഞ്ഞ കാര്യം ഞാൻ അംഗീകരിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. പ്രധാനപ്പെട്ട രണ്ട് വകുപ്പുകളെ സംബന്ധിച്ച് വളരെയേറെ പറഞ്ഞുപോകേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് നിങ്ങൾ ആരും പറഞ്ഞില്ല. ഞങ്ങൾക്ക് പറയാതിരിക്കുവാൻ പറ്റില്ലല്ലോ? ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിലുണ്ടായിരുന്നപ്പോൾ 4200 ഷെഡ്യൂളുകളുണ്ടായിരുന്നത് ഇന്ന് 3300 ഷെഡ്യൂളുകളായി കുറഞ്ഞു. അതുതന്നെ കൃത്യമായി നടത്താൻ കഴിയാത്ത സാഹചര്യം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. മുമ്പ് ഒരു ദിവസത്തെ സർവ്വീസ് 16.25 ലക്ഷം കിലോമീറ്റർ ആയിരുന്നു. ഇപ്പോൾ അത് പകുതിയായി കുറഞ്ഞിരിക്കുന്നു. 10.5 ലക്ഷം കിലോമീറ്ററായി ചുരുങ്ങി. ഇടതുമുന്നണി സർക്കാർ 52.5 കോടി രൂപ ബസ് വാങ്ങാൻവേണ്ടി കൊടുത്തിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒരു തരത്തിലുള്ള തുകയും നീക്കി വയ്ക്കില്ലെന്ന യു.ഡി.എഫിന്റെ തീരുമാനത്തെ അടിസ്ഥാനപ്പെടുത്തി ഒരു പൈസ പോലും കെ.എസ്.ആർ.ടി.സി.-ക്ക് ബസ് വാങ്ങുവാൻ വേണ്ടി കൊടുത്തില്ല. പൊതുമേഖലാ സ്ഥാപനത്തെ സഹായിക്കുന്ന നിലപാടല്ല സ്വീകരിച്ചത്. 30 ഡിപ്പോകൾ നിർത്തിവച്ചിരിക്കുകയാണ്. ആ ഡിപ്പോകൾ നിർത്തിവച്ചതു സംബന്ധിച്ച തർക്കവും കുഴപ്പവുമൊക്കെ നമ്മൾ ഇവിടെ കണ്ടു. അന്യ സംസ്ഥാനങ്ങളിൽ കൊണ്ടുപോയി ബോഡി കൂട്ടുന്നതുമായി ബന്ധപ്പെട്ട് പത്തിരുന്നൂറ്റിയെഴുപത്തഞ്ച് എക്സ്പ്രസ് ബസ്സുകളെ സംബന്ധിച്ച കാര്യം ഇതിനുമുമ്പുതന്നെ ഇവിടെ ചർച്ച ചെയ്തതാണ്. അന്ന് വളരെ വ്യക്തമായിട്ട് ചൂണ്ടിക്കാണിച്ചിരുന്നു. കേരളത്തിലെ പാപ്പനംകോട് വർക്ക്ഷോപ്പിൽ ഉൾപ്പെടെ ബോഡി കൂട്ടുന്നതിന് സൗകര്യമുള്ള സ്ഥലങ്ങൾ ഉണ്ടായിട്ടും, നാലരലക്ഷം രൂപ മുതൽ അഞ്ചരലക്ഷം രൂപ വരെ ഉപയോഗിച്ച് ഒരു ബസ്സിന്റെ ബോഡി കൂട്ടുവാൻ സാധിക്കുമ്പോൾ, ആറ് ലക്ഷം രൂപ കൊടുത്തുകൊണ്ടാണ് ഇത് പുറത്തുകൊണ്ടുപോയി ചെയ്തത്. മൂന്നരകോകടി രൂപയുടെ നഷ്ടം അതിന്റെ ഭാഗമായി വന്നു എന്ന വിമർശനം ഉന്നയിക്കുകയാണ്. ഇപ്പോൾ പത്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വളരെ പ്രാധാന്യം കൊടുത്ത് പറഞ്ഞിട്ടുള്ളത്, അന്ന് പുറത്തുകൊണ്ടുപോയി കൂട്ടിയ ബോഡികൾ പൊളിഞ്ഞുകൊണ്ടിരിക്കുന്നുവെന്നതാണ്. എത്രമാത്രം ശരിയുണ്ടെന്ന് എനിക്ക് പറയുവാൻ കഴിയില്ല. പത്രത്തിൽവന്ന വാർത്ത അങ്ങനെ യാണ്. പുറത്തുകൊണ്ടുപോയി ബോഡികൂട്ടി കൊണ്ടുവന്നതിന്റെ പുറംചട്ട (ഷീറ്റ്) തകർന്നിരിക്കുന്നുവെന്നത് ഞാൻ വ്യക്തമാക്കുകയാണ്. ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് ഒരു ക്ഷേമനിധിയുണ്ടായിരുന്നു. 1972-ലാണ് ആ ക്ഷേമനിധി ആരംഭിച്ചത്. ഒരു കോടിയോളം രൂപ ക്ഷേമനിധിയിലുണ്ടായിരുന്നു. ഇപ്പോൾ ആ ക്ഷേമനിധി പൂർണ്ണമായും അവസാനിച്ചിരിക്കുകയാണ്. ഒരു തൊഴിലാളിക്കും അതിന്റെ ഭാഗമായി ഒരു ആനുകൂല്യവും കിട്ടുന്നില്ല. 17 ശതമാനം ഡി.എ. തൊഴിലാളികൾക്ക് കിട്ടേണ്ടത് ഇപ്പോഴും കൊടുക്കുവാൻ തയ്യാറായിട്ടില്ല. രണ്ടുവർഷക്കാലമായി ശമ്പള പരിഷ്ക്കാരത്തെപ്പറ്റി പറയുന്നു. അതിന്റെ ഒരു പ്രവർത്തനവും തുടങ്ങിയില്ല. മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് യഥാർത്ഥത്തിൽ തൊഴിലാളികൾക്ക് അർഹതപ്പെട്ടതാണ്. അത് ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ്. പാപ്പനംകോട് ഒരു എഞ്ചിനീയറിംഗ് കോളേജുണ്ട്. അത് എല്ലാ പേർക്കും അറിയാവുന്നതാണ്. ആ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുവാൻ കുട്ടികൾക്ക് സൗകര്യമുണ്ടായിരുന്നു. അവിടെ പണിയെടുക്കുന്ന ജീവനക്കാരുടേയും തൊഴിലാളികളുടേയും മക്കൾ പഠിച്ചിരുന്ന ആ സ്ഥാപനം ഇപ്പോൾ നിർത്തലാക്കി യിരിക്കുകയാണ്. ആരാണ് അത് അവസാനിപ്പിച്ചതെന്ന തർക്കത്തിന് ഞാനില്ല. ഇനിമുതലെങ്കിലും കുട്ടികൾക്ക് കിട്ടിയിരുന്ന ആ ആനുകൂല്യങ്ങൾ കൊടുക്കുവാൻ തയ്യാറാകണമെന്നതാണ് എന്റെ ആവശ്യം. പി.എസ്.സി. നിയമനത്തെ അടിസ്ഥാനപ്പെടുത്തി അവിടെ ജോലിക്ക് കയറിയവരെ ഇപ്പോൾ ദിവസക്കൂലിക്കാരാക്കി മാറ്റുന്ന ഒരു പുതിയ അത്ഭുതമാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. അതും വളരെ ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണെന്നു പറയുകയാണ്. ഇനിയുള്ള പ്രധാനപ്പെട്ട ഒരു കാര്യം, മൂന്നരലക്ഷത്തോളം ഓട്ടോറിക്ഷകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവയ്ക്ക് ഇപ്പോൾ മെക്കാനിക്കൽ മീറ്ററാണുള്ളത്. ഒരു മീറ്ററിന് ഏകദേശം രണ്ടായിരം രൂപ വിലവരും. 70 കോടി രൂപ ആ തൊഴിലാളികൾ ചെലവഴിച്ചതു മുഴുവൻ വൃഥാവിലാക്കിക്കൊണ്ട് പുതിയ ഇലക്ട്രോണിക് മീറ്റർ വേണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇലക്ട്രോണിക് മീറ്ററിന് ചുരുങ്ങിയത് നാലായിരം രൂപ മുതൽ എണ്ണായിരം രൂപവരെ വിലയുണ്ട്; ചുരുങ്ങിയ കണക്കിൽ 140 കോടി രൂപയോളം വേണ്ടിവരും. പണിയെടുത്താൽതന്നെ നേരെ ജീവിക്കുവാൻ കഴിയാത്ത പാവപ്പെട്ട ഓട്ടോറിക്ഷാ തൊഴിലാളികളിൽനിന്ന് ഈ തുക ഈടാക്കുവാൻ വേണ്ടി ബോധപൂർവ്വമായ ശ്രമമാണ് ഒരു സർക്കുലർ മുഖേന നടത്തിയിട്ടുള്ളത്. അത് പൂർണ്ണമായിട്ടും പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാത്രമല്ല വൈദ്യുതി ബോർഡിൽനിന്ന് ഇലക്ട്രോണിക് മീറ്റർ വച്ചതുമൂലം കേരളത്തിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ട് നമുക്കറിയാം. അത് സംബന്ധിച്ച പുനരാലോചന നടത്താമെന്ന് മന്ത്രി ഉറപ്പു നൽകിയ പശ്ചാത്തലത്തിൽ ഇവിടെ തൊഴിലാളിയേയും ഉപഭോക്താക്കളേയുമൊക്കെ പ്രയാസത്തിലാക്കുന്ന മീറ്റർ സംവിധാനത്തിന്റെ ഭാഗമായിട്ടുള്ള ഇലക്ട്രോണിക് മീറ്റർ വയ്ക്കുക എന്ന നിലപാട് ഒഴിവാക്കണമെന്നതാണ്. ബസ് ചാർജ്ജ് വർദ്ധിപ്പിക്കുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമാണ് ഉണ്ടായിട്ടുള്ളത്. ഇത് ജനങ്ങൾക്കെതിരായിട്ടുള്ള യുദ്ധപ്രഖ്യാപനമാണ്. അത് അവസാനിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ബസ് ചാർജ്ജ് വർദ്ധിപ്പിക്കുവാനുള്ള തീരുമാനത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഇപ്പോൾ നടത്താൻ തീരുമാനിച്ചിരുന്ന സമരം മാറ്റിവച്ചതെന്ന് പത്രത്തിൽ വായിച്ചു. അത് കേരളത്തിലെ ജനങ്ങളെ കൂടുതൽകൂടുതൽ പൊറുതിമുട്ടിക്കുന്ന സ്ഥിതിയിലേക്കാണ് കാര്യങ്ങൾ എത്തിക്കുന്നത്. മോട്ടോർ വാഹന വകുപ്പിലെ അഴിമതി അവസാനിപ്പിക്കുവാൻവേണ്ടി ആന്ധ്രാ മോഡൽ ഇവിടെ നടപ്പാക്കുമെന്നാണ് മന്ത്രി മുമ്പ് പറഞ്ഞിരുന്നത്. ഏത് മോഡലാണ് നടപ്പാക്കിയതെന്ന് അറിയില്ല. ഒരു തരത്തിലുള്ള അഴിമതിയും കുറയ്ക്കുവാൻ സാധിച്ചിട്ടില്ല. ഇവിടെ തുണുപോലും കൈക്കൂലി വാങ്ങുന്ന അവസ്ഥയിലേക്കാണ് മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം. മാത്രമല്ല ഈ അവസ്ഥ മറ്റ് പല വകുപ്പുകളിലുമുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ കണ്ണൂർ ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സിനുള്ള കെട്ടിടം തയ്യാറായിട്ടുണ്ട്. അത് അടിയന്തിരമായി ഉദ്ഘാടനം ചെയ്യാൻ സംവിധാനമുണ്ടാകണം. പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട് പറയുവാനുള്ളത്, ഇവിടെ ഭരണകക്ഷി അംഗങ്ങൾ വിശദമായി സംസാരിച്ചു. മറ്റ് വകുപ്പുകളുണ്ടെങ്കിലും അവയെക്കുറിച്ച് പറയാതെ പി.ഡബ്ല്യു.ഡി.-യെക്കുറിച്ചാണ് സംസാരിച്ചത്. മന്ത്രിയുടെ മുഖം സംബന്ധിച്ച് കുറേ അംഗങ്ങൾ താൽപര്യപൂർവ്വം സംസാരിച്ചു. ആ കാര്യങ്ങളൊന്നും ഞങ്ങൾക്ക് വിശദീകരിക്കേണ്ട. നയപരമായ കാര്യങ്ങളാണ് ഞങ്ങൾക്ക് വിശദീകരിക്കുവാനുള്ളത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ പ്രാവശ്യം പൊതുമരാമത്ത് വകുപ്പിന് വളരെ കുറച്ചുമാത്രമേ ബഡ്ജറ്റ് അലോക്കേഷൻ കൊടുത്തുള്ളൂ. സബ്ജക്ട് കമ്മിറ്റി-5 ചേരുമ്പോൾ അത് വർദ്ധിപ്പിക്കാമെന്ന് ഏകകണ്ഠമായി ചൂണ്ടിക്കാണിച്ചിരുന്നു. അത് ഞാൻ ആവർത്തിക്കുകയാണ്. കണ്ണൂർ-കാസർഗോഡ് (വടക്കേ മലബാർ) ഭാഗത്ത് ഏറ്റവും പ്രധാനപ്പെട്ട ഒരു ഹൈവേ മാത്രമേ നാഷണൽ ഹൈവേയായിട്ടുള്ളൂ. എൻ.എച്ച്. 17. അതിന്റെ സ്ഥിതി വളരെ ദയനീയമാണ്. ഒരു പ്രത്യേകതരം മുട്ട കാസർഗോഡുനിന്ന് ഉരുട്ടിയാൽ തിരുവനന്തപുരത്തേക്ക് വരുന്നതിനെക്കുറിച്ച് ഇവിടെ പ്രസംഗിക്കുകയുണ്ടായി. അത് കാസർഗോഡുനിന്നും പുറപ്പെട്ടാൽ കണ്ണൂർ എത്തില്ല. അതിനു മുമ്പുതന്നെ പൊട്ടും. രാമന്റെ വേറെ ഏതെങ്കിലും മുട്ട ഉണ്ടോയെന്ന് അറിയില്ല. യു.ഡി.എഫിന്റെ പ്രത്യേക മുട്ട എന്തെങ്കിലുമുണ്ടോയെന്ന് അറിയില്ല. അവിടെ നിന്നും ഇങ്ങോട്ട് കടക്കില്ല. മുട്ട ഉരുട്ടിയൊന്നും നേടാൻ സാധിക്കാത്ത സ്ഥിതിയാണ് നമ്മുടെ മുമ്പിലുള്ളത്. 1,560 കിലോമീറ്റർ എൻ.എച്ച്.-ൽ കണ്ണൂർ, കാസർഗോഡ് മേഖലകളിലെ എൻ.എച്ച്.-17 നാലുവരിപ്പാതയാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണം. കോഴിക്കോട് മുതൽ കണ്ണൂർ-കാസർഗോഡു വരെയുള്ള റെയിൽവേ മേൽപ്പാലങ്ങൾ പൂർത്തിയാക്കാതെ കിടക്കുകയാണ്. വഴിക്കുവച്ച് ഇട്ടിട്ടുപോയി. രണ്ട് പാലം മാത്രമാണ് പൂർത്തിയാക്കുവാൻ സാധിച്ചത്. മാഹി ബൈപ്പാസ് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. മാഹി ബൈപ്പാസിന്റെ ഒരു പ്രവർത്തനവും ഇപ്പോൾ നീങ്ങുന്നില്ല. മൊയ്തുപാലവും ധർമ്മടം പാലവും ഏത് സമയവും തകരുന്ന ഘട്ടത്തിലാണ്. ആ തകർച്ച തടയുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. പുതിയ

LIBRARY ARCHIVES Kerala Legislative Assembly

പാലങ്ങൾ കെട്ടുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കണം. ലോകബാങ്ക് സഹായത്തോടുകൂടി 1,600 കോടി രൂപയുടെ ബൃഹത്തായ പദ്ധതി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണ്. നേരത്തെ സംസാരിച്ച ഭരണകക്ഷിയിലെ ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിക്കുകയുണ്ടായി "നിങ്ങൾ എന്തിനാണ് ഇങ്ങനെ പ്രസംഗിക്കുന്നത്" എന്ന്. ഞങ്ങൾ ഇത് വളരെ ഗൗരവപൂർവ്വം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിലവിലുള്ള റോഡ് ടാർ ചെയ്ത് ബലപ്പെടുത്തുകയാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്. ഇന്ന് ശ്രീ. കെ. സി. ജോസഫ് തന്നെ ആ കാര്യം ചൂണ്ടിക്കാണിച്ചു. തളിപ്പറമ്പ്-ഇരിട്ടി റോഡ് മൂന്നു സ്ഥലം ഒഴിച്ച് ബാക്കി ചെയ്തിട്ടുണ്ട്. ആ മൂന്ന് സ്ഥലവും (ചങ്ങളായി, ശ്രീകണ്ഠാപുരം, ഇരിക്കൂർ) മൂന്ന് പ്രധാനപ്പെട്ട പട്ടണങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശമാണ്. വെള്ളം കയറുന്നതുകൊണ്ട് ഉയർത്തിയിട്ടുവേണം ആ റോഡ് പൂർത്തിയാക്കുവാൻ. അതിന് ആവശ്യമായ നിലപാട് സ്വീകരിക്കണം. 1.15 കോടി രൂപയാണ് ഒരു കിലോമീറ്ററിനുവേണ്ടി അവിടെ ചെലവാക്കുന്നത്. (1.15 കോടി രൂപ മുതൽ 1.50 കോടി രൂപ വരെ) ഒന്നരക്കോടി രൂപ ഒരു കിലോമീറ്ററിന്! ഇതിന്റെ പകുതി തുകയുണ്ടെങ്കിൽ ആ റോഡ് പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് വ്യക്തമാകുന്നത്. എൽ.ഡി.എഫ്. അന്ന് അങ്ങനെ തീരുമാനിച്ചുപോയി എന്നു പറയുന്നതിൽ എന്താണ് അർത്ഥം? എനിക്ക് പറയുവാനുള്ളത്, ഒരു കിലോമീറ്ററിന് 1.50 കോടി രൂപ വേണ്ട. 75 ലക്ഷം രൂപ ചെലവഴിച്ച് ആ റോഡ് നിർമ്മിക്കുവാൻ സാധിക്കുമെന്ന് പ്രായോഗികമായി മനസ്സിലാകുന്നുവെങ്കിൽ അത് ഗൗരവപൂർവ്വം പരിഗണിക്കണ്ടേ? ഗൗരവമായി പരിഗണിച്ച് ആ റോഡിന്റെ പണി പൂർത്തിയാക്കണമെന്നാണ് പറയുവാനുള്ളത്. 15 വർഷക്കാലത്തേക്ക് കുഴപ്പമുണ്ടാവില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. ഇരുപത് ശതമാനം സമയം ലാഭംകിട്ടും. അപകടം കുറയുമെന്നൊക്കെയാണ് അദ്ധ്യക്ഷനായി ചൂണ്ടിക്കാണിച്ചത്. പതിനഞ്ച് കൊല്ലം പോയിട്ട് ഒരു കൊല്ലമായപ്പോൾതന്നെ ആ റോഡ് പൊളിയാൻ തുടങ്ങിയെന്നതാണ് സ്ഥിതി. റോഡിന് വലിയ മെച്ചമില്ലെന്ന് പറയുന്നുണ്ടെങ്കിലും ഒരു ചെറിയ മെച്ചം ഇല്ലെന്ന് പറയുവാൻ പറ്റില്ല. ഒന്നരക്കോടി രൂപ ചെലവഴിച്ച് ആ രീതിയിൽ ചെയ്യേണ്ട ഒരു കാര്യവുമില്ല. അതിന്റെ പകുതി ചെലവഴിച്ചാൽ സാധിക്കുമെന്നാണ് പറയുവാനുള്ളത്. സർ, ഇതു പരിശോധിക്കാൻ പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥന്മാർക്ക് അവകാശമില്ല. അവർ പറയുന്നത് ഞങ്ങൾക്ക് ഇതിൽ ഇടപെടാൻ സാധിക്കുന്നില്ലായെന്നാണ്. ധനകാര്യ വകുപ്പിന് ചീഫ് ടെക്നിക്കൽ എക്സാമിനറുണ്ട്. അദ്ദേഹത്തെ ഇതിൽനിന്ന് ഒഴിവാക്കിയിരിക്കുകയാണ്. അദ്ദേഹത്തെ എന്തിനാണ് ഒഴിവാക്കുന്നത്? ഒഴിവാക്കേണ്ട യാതൊരു കാര്യവുമില്ല. ഇതിന്റെ ഗുണമേന്മ നോക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണുണ്ടായിട്ടുള്ളത്. 'എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തിന്റെ കാര്യം' പറഞ്ഞുകൊണ്ടിരിക്കാതെ ഇപ്പോൾ ഉണ്ടാകുന്ന സംഭവങ്ങളെ കൃത്യമായി മനസ്സിലാക്കാനും വിശകലനം ചെയ്യാനും കഴിയണം. എക്സ്പ്രസ്സ് ഹൈവേ 'ജിം' പദ്ധതിയുടെ ഭാഗമായിട്ടുള്ള 7,000 കോടി രൂപയുടെ പദ്ധതിയാണ്. ആ രീതിയിൽ ഒരു പദ്ധതി വരുന്നതിനെ അപ്പുറത്തുള്ളവർ എതിർത്തുകൊണ്ടിരിക്കുന്നു എന്ന് ശ്രീ. ബാബു ഉൾപ്പെടെയുള്ളവർ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിച്ചു. ഞങ്ങൾ ഇതിനെ എതിർക്കുന്ന നിലപാടല്ല സ്വീകരിക്കുന്നത്. പക്ഷേ ഉൽക്കണ്ഠയുണ്ട്. മലബാർ മേഖലയിൽ ഈ റോഡ് ആരംഭിക്കുന്നത് എട്ടു കൊല്ലത്തിനുശേഷമാണ്. ഒരു മിനിറ്റു താമസിച്ചാൽ അപകടമുണ്ടാകുമെന്ന് ഇവിടെ പലരും സൂചിപ്പിച്ചു. ഇതിന്റെ നിർമ്മാണം ഇങ്ങനെ തീരുമാനിച്ചാൽ പ്രശ്നമാണ്. പള്ളിയും ചർച്ചും എല്ലാം ഇതിനിടയിൽ വരുകയാണ്. 'എക്സ്പ്രസ് ഹൈവേ' മലബാറിന്റെ ഭാഗമായി വരാൻ സാധ്യതയില്ലാത്ത ഒരവസ്ഥയുണ്ടാകുമെന്ന് ജനങ്ങൾക്ക് ഉൽക്കണ്ഠയുണ്ട്. ഏതു ഭാഗത്തുകൂടിയാണ് ഇതു പോകുന്നത്, ഏത് റൂട്ടാണ് എന്നുള്ളത് ഇപ്പോഴും വ്യക്തമല്ല. അതിനെക്കുറിച്ച് ജനങ്ങളോട് കൃത്യമായി പറയേണ്ട ബാധ്യതയുണ്ട്. ആ ബാധ്യത പൂർണ്ണമായി നിർവ്വഹിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ജനങ്ങൾക്ക് ഇക്കാര്യത്തിൽ ഉൽക്കണ്ഠയുണ്ട്. എന്റെ വീട് പോകുമോ, എന്റെ സ്ഥലം പോകുമോ, ഏതു സ്ഥലത്തുകൂടിയാണ് റോഡ് വരാൻ പോകുന്നത് എന്നുള്ളതിനെക്കുറിച്ച് അവർക്ക് സംശയങ്ങളുണ്ട്. അതുപോലെ വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് റോഡപകടങ്ങൾ. റോഡപകടങ്ങളുടെ കാര്യത്തിൽ ലോക റിക്കാർഡിന്റെ ഭാഗമായി കേരളം നിൽക്കുകയാണ്. അത്രയധികം റോഡപകടങ്ങൾ ഉണ്ടാകുകയാണ്. 39,496 റോഡപകടങ്ങളാണ് കഴിഞ്ഞ വർഷം ഉണ്ടായത്. 2,905 പേരാണ് അതിന്റെ ഭാഗമായി മരിച്ചത്. 48,640 പേർക്കാണ് പരിക്ക് പറ്റിയത്. ഇതിൽ 33 ശതമാനം ഇരുചക്ര വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങളാണ്. ഒരു ദിവസം 108 അപകടങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവിടെ കെ.എസ്.റ്റി.പി.-യെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞു. കണ്ണൂരിൽ അതിന്റെ പ്രവർത്തനംപോലും ആരംഭിച്ചിട്ടില്ല. ഗതാഗതവകുപ്പിന്റെ കാര്യം പറഞ്ഞതുപോലെ പി.ഡബ്ല്യു.ഡി. ഓഫീസുകൾ മുഴുവൻ അഴിമതിയിൽ കുടുങ്ങിക്കിടക്കുകയാണ്. ബിൽ മാറുന്നതിന്, എഞ്ചിനീയർമാർ (ഉദ്യോഗസ്ഥന്മാർ) കിട്ടുന്ന എമൗണ്ടുകൾ പരസ്പരം വീതിച്ചെടുക്കുന്ന ഒരവസ്ഥയാണുള്ളത്. ഇതെല്ലാം ഗൗരവപൂർവ്വം കണ്ടുകൊണ്ട്, അഴിമതി പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുന്നില്ലെങ്കിലും അൽപ്പമെങ്കിലും കുറയ്ക്കുന്നതിന് നടപടി ഉണ്ടാകണം, അതിനുള്ള നിലപാടുകൾ സ്വീകരിക്കണം. ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ച കാര്യം ഒന്നുകൂടി ആവർത്തിക്കുകയാണ്. കൂട്ടുത്തരവാദിത്വമില്ലാത്ത രീതിയിൽ പോകുന്ന, എന്തു പറഞ്ഞാലും മൗനമായിരിക്കുന്ന, ഒരക്ഷരം പറയാതിരിക്കുന്ന മുഖ്യമന്ത്രി, അദ്ദേഹം ഒരക്ഷരം മിണ്ടുന്നില്ല. കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ഈ ഗവൺമെന്റും മന്ത്രിസഭയും ഒരു മിനിറ്റുപോലും താമസിക്കാതെ രാജിവച്ചിറങ്ങി പോകുകയാണ് വേണ്ടത്. അല്ലാതെ ശ്രീ. ബാലകൃഷ്ണപിള്ളയെ മാത്രം ഒതുക്കി നിർത്തുകയല്ല വേണ്ടത്. അതുകൊണ്ട് നിങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കാര്യങ്ങൾ ചർച്ച ചെയ്താൽ പോരാ. മന്ത്രിസഭയ്ക്കു തന്നെയാണ് ഗുരുതരമായ അപകടം വന്നിട്ടുള്ളത്. മന്ത്രിമാർക്ക് യോജിപ്പില്ല, എം.എൽ.എ.-മാർക്ക് യോജിപ്പില്ല, എല്ലാവരും തമ്മിലടിക്കുകയാണ്, പരസ്പരം പഴി ചാരുകയാണ്. ഇങ്ങനെയുള്ള ഒരു ഗവൺമെന്റ്, അന്തസ്സില്ലാത്ത, നാണംകെട്ട ഒരു ഗവൺമെന്റാണിതെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഡിമാന്റിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

VIII. വ്യക്തിപരമായ വിശദീകരണം

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മെമ്പർ അടൂർപ്രകാശ് സംസാരിച്ചപ്പോൾ എക്സ്പ്രസ് ഹൈവേ സംബന്ധിച്ച് ആലോചന നടത്തിയതിൽ പി. സി. ജോർജിന് ബന്ധമുള്ളതായി പറയുകയുണ്ടായി. ഞാൻ വളരെ വിനയത്തോടുകൂടി പറയുകയാണ്, ശ്രീ. പി. ജെ. ജോസഫിന്റെ കാലത്താണ് ഇതുണ്ടായത് എന്നുള്ള കാര്യംപോലും എനിക്കറിയില്ല. ഞാൻ ഉൾപ്പെട്ട പാർട്ടിയിൽ ഇത് ചർച്ച ചെയ്തിട്ടില്ല. എക്സ്പ്രസ് ഹൈവേ എന്ന ആശയം ഉണ്ടായതുമുതൽ ഞാൻ ആശയപരമായി അതിനെതിരാണ്. നടപ്പാക്കുന്നത് നിങ്ങളുടെ കാര്യം.

ധനകാര്യം (തുടർച്ച)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, വാഹന ഗതാഗതം എന്ന ഡിമാന്റിലെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം വിശദീകരണ മെന്നുള്ള നിലയിൽ പറയാനാഗ്രഹിക്കുകയാണ്. നമ്മളിവിടെ ചർച്ച ചെയ്തത് വാഹന ഗതാഗതമല്ല; കെ.എസ്.ആർ.ടി.സി.-യെക്കുറിച്ചാണ്. ഇവിടെയുള്ള അംഗങ്ങൾക്ക് അറിയാവുന്നതുപോലെ കെ.എസ്.ആർ.ടി.സി.-ക്ക് ബഡ്ജറ്റിൽ പണമില്ല. ബഡ്ജറ്റാണ് നമ്മൾ ചർച്ച ചെയ്യുന്നതെങ്കിൽ കെ.എസ്.ആർ.ടി.സി. ചർച്ചയിൽ വരേണ്ട കാര്യമില്ല. പക്ഷേ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടായിരുന്നതിൽ ഒരു ഷെഡ്യൂളും കുറച്ചിട്ടില്ല. തെറ്റിദ്ധാരണ പരത്തുന്ന രീതിയിൽ പല പ്രസ്താവനകളും വന്നതുകൊണ്ട് ഞാൻ പറയുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 3,853 ഷെഡ്യൂളുകളാണുണ്ടായിരുന്നത്. കെ.എസ്.ആർ.ടി.സി.-യിൽ രേഖപ്പെടുത്തിയ റിക്കാർഡുകളുണ്ട്. എല്ലാ ജില്ലകളിലും രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. രേഖകൾ സൂക്ഷിച്ചിരിക്കുന്നത് ഈ ഗവൺമെന്റിന്റെ കാലത്തുമാത്രമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സൂക്ഷിച്ചിരുന്ന രേഖകളുടെയും അടിസ്ഥാനത്തിൽ, (2001 ജൂൺ മാസത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്). 3853 ഷെഡ്യൂളുകൾ ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.-യിൽ 1-7-2004-ൽ 3,915 ഷെഡ്യൂളുകൾ ഉണ്ട്. ഇത് ആധികാരികമായ കണക്കാണ്. ബഹുമാനപ്പെട്ട അംഗങ്ങളെ ആരെങ്കിലും തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെങ്കിൽ അതു ശരിയല്ല. ഇതാണ് ആധികാരികമായ കണക്ക്. അതിന്റെയർത്ഥം, കെ.എസ്.ആർ.ടി.സി.-യിൽ ഷെഡ്യൂളുകൾ കുറച്ചിട്ടില്ല എന്നു മാത്രമല്ല പത്തു നൂറു ഷെഡ്യൂളുകളെങ്കിലും വർദ്ധിപ്പിച്ചിട്ടേയുള്ളൂ. കെ.എസ്.ആർ.ടി.സി.-യിൽ ഷെഡ്യൂളുകൾ നടത്താനുള്ള ബുദ്ധിമുട്ടിനെക്കുറിച്ച് മലബാർ, തൃശ്ശൂർ ജില്ലകളിൽനിന്നു വരുന്ന അംഗങ്ങൾക്കറിയാം. സ്വകാര്യ ബസ്സുകളുമായി മത്സരിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിയുന്നില്ല. സ്വകാര്യ ബസ്സുകൾ സൗകര്യപൂർവ്വമായി

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ മുമ്പിലും പുറകിലും ഓടുകയാണ്. കോടതികളും മറ്റും നൽകുന്ന പെർമിറ്റുകൾ, ആർ.റ്റി.എ.-കൾ (റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി) നൽകാത്തത്, ദേശവൽകൃത റൂട്ടിൽ പോലും കോടതികൾ നൽകുന്ന പെർമിറ്റുകൾ പല ബസ് സർവ്വീസുകളേയും കാര്യമായി ബാധിച്ചിട്ടുണ്ട്. മറ്റൊന്ന്, റെയിൽവേയുടെ ചാർജും നമ്മുടെ ചാർജും തമ്മിലുള്ള വ്യത്യാസം വളരെ ഗുരുതരമായി നിൽക്കുകയാണ്. ദീർഘദൂര സർവ്വീസുകൾക്ക്, കോഴിക്കോട് വരെ യാത്ര ചെയ്യുന്ന ഒരാളിന് ഒരു സൂപ്പർഫാസ്റ്റിൽ കൊടുക്കേണ്ടതിനേക്കാൾ വളരെ കുറഞ്ഞ ചെലവിൽ ട്രെയിനുകളിൽ യാത്ര ചെയ്യാൻ കഴിയുമെന്നുള്ളതും നമ്മുടെ കളക്ഷനെ ബാധിച്ചിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കളക്ഷനിൽ 20 ശതമാനം വർദ്ധനവ് ഓരോ വർഷവും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഒരു മാസം രണ്ടുകോടി രൂപയിൽ ചില്ലാനം ഇന്ന് കളക്ഷനിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുകയാണ്. എഫിഷ്യൻസി കൊണ്ട് കളക്ഷനിൽ വർദ്ധനവുണ്ടായി. ഡീസൽ ചെലവുകൾ വർദ്ധിച്ചതിന്റെ ഫലമായുള്ള ചെലവുകൾ വളരെ വർദ്ധിച്ചിരിക്കുന്നു. നൂറു കോടിയോളം രൂപ ഒരു വർഷം കെ.എസ്.ആർ.ടി.സി. അഡീഷണലായി ചെലവാക്കേണ്ടി വന്നിരിക്കുകയാണ്. ബസ്സുകളുടെ വില കൂടിയത് മറ്റൊരു കാര്യം. നമ്മുടെ ശമ്പളവും ആനുകൂല്യങ്ങളും ചെലവുകളുമെടുത്താൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 357 കോടി രൂപ ഒരു വർഷം എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻഡിച്ചർ ഉണ്ടായിരുന്നു. (2003-04-ൽ), ഈ കൊല്ലം ഇതിലും കൂടും. ഡി.എ. കൊടുത്തത് ഈ കൊല്ലമാണ്. ഡി.എ. കൊടുത്തതിന്റെ അടിസ്ഥാനത്തിൽ 26-27 കോടി രൂപ വരെ ഇനിയും കൂടും. 10 ശതമാനം ഡി.എ. ഇനത്തിൽ ഏതാണ്ട് രണ്ടേകാൽ കോടി രൂപ പ്രതിമാസം കൊടുക്കേണ്ടിവന്നു. അതു കൂട്ടി എടുക്കുമ്പോൾ 357 കോടി രൂപയായിരുന്നത് 372 കോടി രൂപയായി മാറി. ശ്രീ. സി. കെ. നാണു ഇവിടെ പറഞ്ഞ കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. അദ്ദേഹം എന്റെ മുൻഗാമിയാണ്. രണ്ടുകൊല്ലം കഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളത്തേക്കാൾ കൂടുതൽ പെൻഷൻ വരാൻ പോകുകയാണ്. ഇൻഡ്യയിൽ എസ്.ആർ.ടി.സി.-യിൽ പെൻഷനുള്ള ഏക സംസ്ഥാനം കേരളമാണ്. കെ.എസ്.ആർ.ടി.സി.-യിൽ അങ്ങനെ പെൻഷൻ കൊടുക്കേണ്ട ഒരു സാഹചര്യം ഡിപ്പാർട്ട്മെന്റായി വന്ന കാലം മുതൽ തുടർന്നുവന്നതാണ്. ഇടയ്ക്കുവച്ച് 1965-ൽ നിർത്തിവച്ചു. വീണ്ടും ശ്രീ. സുന്ദരൻ നാടാർ മന്ത്രിയായി വന്ന കാലഘട്ടത്തിൽ ഞങ്ങളെല്ലാം ചേർന്ന്, യൂണിയനുകളുമായി സംസാരിച്ച് മന്ത്രിമാരെല്ലാം ചേർന്ന് തീരുമാനിച്ച് പെൻഷൻ കൊടുത്തതാണ്. പക്ഷേ അതിന്റെ ബാദ്ധ്യത എന്നു പറയുന്നത്, ഇപ്പോൾ 8 കോടി രൂപ ഒരു മാസം പെൻഷൻ കൊടുക്കേണ്ട സ്ഥിതിയിലാണ് നമ്മൾ നിൽക്കുന്നത്. ഇത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കാരണം നമ്മുടെ ജീവിതദൈർഘ്യം വർദ്ധിക്കുകയാണ്. അതനുസരിച്ച് പെൻഷൻ കൂടി വരുകയാണ്. പെൻഷൻ ഓരോ മാസവും കളക്ഷനിൽ നിന്നാണ് കൊടുക്കേണ്ടത്. ജീവനക്കാർക്ക് എന്ത് ആനുകൂല്യം കൊടുക്കുന്നതിനും ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് ഒരു വിരോധവുമില്ല. പക്ഷേ എവിടെനിന്ന് കൊടുക്കും? ഇപ്പോൾത്തന്നെ 6 കോടി രൂപ ഓരോ മാസത്തിലും അഡ്ജസ്റ്റുചെയ്താണ് ശമ്പളം കൊടുത്ത് മുന്നോട്ടുപോകുന്നത്. അങ്ങനെ മുന്നോട്ടുപോയിട്ട് നമുക്ക് എത്രകാലം പിടിച്ചുനിൽക്കാൻ കഴിയുമെന്നുള്ളത് എല്ലാവരും ആലോചിക്കണം. 100 കോടി രൂപ എവിടെനിന്നെങ്കിലും ഗ്രാന്റായി കിട്ടാൻ മാർഗ്ഗമുണ്ടെങ്കിൽ അത് നല്ലൊരു കാര്യമായിരുന്നു. പക്ഷേ ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി വച്ചുനോക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് അത്രയും പണം കൊടുക്കാൻ കഴിയുന്ന ഒരു മാർഗ്ഗവും കാണുന്നില്ല. ഒരു ദയനീയമായ ചിത്രമാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001 ജൂൺ മാസത്തിൽ....................

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ട്രാൻസ്പോർട്ട് ബസ്സുകളേക്കാൾ വളരെ കൂടുതൽ പ്രൈവറ്റ് ബസ്സുകളാണ് ഈ സംസ്ഥാനത്ത് ഓടുന്നത്. പക്ഷേ അവരാരും നഷ്ടത്തിന്റെ കാര്യം പറയുന്നില്ല, കൂടുതൽ കൂടുതൽ ബസ്സുകൾ വാങ്ങുന്നതേയുള്ളൂ, അതെന്തുകൊണ്ടാണ്?

ശ്രീ. ആർ ബാലകൃഷ്ണപിള്ള: അങ്ങ് ഇപ്പോൾ കേട്ടുകൊണ്ടിരുന്നില്ലേ, ഏതെങ്കിലും പ്രൈവറ്റ് ബസ്സുകാരൻ പെൻഷൻ കൊടുക്കുന്നുണ്ടോ? ഏതെങ്കിലും പ്രൈവറ്റ് ബസ്സുകാരൻ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കിട്ടുന്നതിന്റെ നാലിലൊന്ന് ശമ്പളം കൊടുക്കുന്നുണ്ടോ? അപ്പോൾ establishment expense ആണ് കാരണം. അത് അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണ്. മൂന്നുകൊല്ലംകൊണ്ട് കൊടുത്തുതീർത്തത് വളരെ വലിയ കടമായിരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ പഴയ കടമായ 455 കോടി രൂപ കഴിഞ്ഞ മൂന്നു വർഷക്കാലംകൊണ്ട് കൊടുത്തുതീർത്തു, കൊടുക്കാതിരിക്കാൻ നിവൃത്തിയില്ല. കോ-ഓപ്പറേറ്റീവ് ബാങ്കിന് കൊടുക്കാനുള്ളത്, കെ.ടി.ഡി.എഫ്.സി.-ക്ക് കൊടുക്കാനുള്ളത്, കെ.എസ്.എഫ്.ഇ.-ക്ക് കൊടുക്കാനുള്ളത്, Pensionary benefits 172 കോടി രൂപ ഇതെല്ലാം കൊടുത്തു. 2001-നു മുമ്പുള്ള എൽ.ഐ.സി. കുടിശ്ശിക, പി. എഫ്. 19 കോടി രൂപ, ഫ്യൂവലിന്റെ കടം 36 കോടി രൂപ, ചേസസിന്റെ കടം 21 കോടി രൂപ, 87.5 കോടി രൂപ ഹഡ്കോയ്ക്ക് കൊടുക്കാനുണ്ടായിരുന്നത് (പലിശയുൾപ്പെടെ) 70 കോടി രൂപ കെ.ടി.ഡി.എഫ്.സി.-ക്ക് കൊടുക്കാനുണ്ടായിരുന്നത്, 1,60,00,000 രൂപ പാലക്കാട് കോ-ഓപ്പറേറ്റീവ് ബാങ്കിന് കൊടുക്കാനുണ്ടായിരുന്നത്, 20 ലക്ഷം രൂപ മീനച്ചൽ ബാങ്കിന് കൊടുക്കാനുള്ളത്, അങ്ങനെ 455 കോടി രൂപ കഴിഞ്ഞ കാലത്തുണ്ടായിരുന്ന കടം കൊടുത്തു തീർത്തു. ബാക്കി അരിയേഴ്സ്; തൊഴിലാളികളിൽനിന്നും എൽ.ഐ.സി. പിടിച്ചിട്ട് അത് എൽ.ഐ.സി.-യിൽ അടയ്ക്കാതിരിക്കുക, കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ലോൺ പിടിച്ചിട്ട് അത് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ അടയ്ക്കാതിരിക്കുക, കെ.എസ്.എഫ്.ഇ.-യിൽ നിന്നും ചിട്ടിയും മറ്റും പിടിച്ച പണം തൊഴിലാളികൾ അടച്ചിട്ട് കോർപ്പറേഷൻ അത് കെ.എസ്.എഫ്.ഇ.-യിൽ അടയ്ക്കാതിരിക്കുക ഇങ്ങനെയുള്ള കടങ്ങളെല്ലാം കൂടി 455 കോടി രൂപ കൊടുത്തു തീർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ ചില പോരായ്മകളുണ്ട്, അദ്ദേഹം ആദ്യം പറഞ്ഞത് ബസ്സിന്റെ ഷെഡ്യൂളുകളൊന്നും കുറച്ചിട്ടില്ല എന്നാണ്. ഇവിടെ മലബാർ ഭാഗത്തുനിന്നും വന്ന എം.എൽ.എ.-മാരോട് ചോദിച്ചാൽ മനസ്സിലാകും. മലബാർ ഭാഗത്തുനിന്നുമുള്ള ബസ്സുകൾ തിരുകൊച്ചി ഭാഗത്തേക്ക് മാറ്റിയിരിക്കയാണ്. പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ ആനുകൂല്യം നിഷേധിച്ചിട്ടാണോ കാര്യങ്ങൾ ചെയ്യേണ്ടത്? ഇവിടെ പ്രധാനമായും സാമ്പത്തിക സഹായം ചെയ്യുന്നില്ല കഴിഞ്ഞ ഗവൺമെന്റും അതിനുമുമ്പ് താങ്കൾ മന്ത്രിയായിരുന്ന അവസരത്തിലുമൊക്കെ ഗവൺമെന്റിന്റെ സഹായമില്ലാതെ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിച്ച് കെ.എസ്.ആർ.ടി.സി.-യെ മുന്നോട്ട് കൊണ്ടുപോയതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അദ്ദേഹം പറഞ്ഞതെല്ലാം ശരിയാണ്, അദ്ദേഹവും മന്ത്രിയായിരുന്ന ആളാണ്, ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ആ കാലത്തുണ്ടായിരുന്ന കടങ്ങളാണ് വളരെ ദുരൂഹമായി നമ്മളിപ്പോൾ കൊടുത്തുതീർക്കുന്നത് എന്നുള്ളത് അങ്ങ് ഓർക്കണം. മലബാറിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് മുന്നിലും പുറകിലുമായി ഇഷ്ടംപോലെ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റുകൾ വാങ്ങുകയാണ്. ദേശസാൽക്കൃത റൂട്ടുകളിൽപ്പോലും കോടതിയുടെ വിധിയനുസരിച്ച് പെർമിറ്റുകൾ കൊടുക്കുകയാണ്. വളരെ ബുദ്ധിമുട്ടിയാണ് ഇത് മുന്നോട്ടുകൊണ്ടുപോകുന്നത്. സാമ്പത്തികമായി സ്വയം പര്യാപ്തതയിലെത്താൻ കഴിയുന്ന സാഹചര്യങ്ങൾ; ഒരു സ്വകാര്യ മുതലാളിയെപ്പോലെ ട്രാൻസ്പോർട്ട് വ്യവസായത്തിന്റെ പല ദുർഘടഘട്ടങ്ങൾ അഭിമുഖീകരിച്ചാണ് മുന്നോട്ടുപോകുന്നത്. എങ്കിലും ജീവനക്കാർക്ക് ഡി.എ. ഇനത്തിലും മറ്റ് ആനുകൂല്യങ്ങളുടെയിനത്തിലും ഒരു കൊല്ലം 26 കോടി രൂപ അധികം കൊടുത്തു. ഇൻക്രിമെന്റ്, പെൻഷൻ ആനുകൂല്യങ്ങൾ കൂടാതെ സർവ്വീസിലുള്ള ജീവനക്കാർക്കും പെൻഷൻ പറ്റിയവർക്കും ഡി.എ./പെൻഷൻ ഡി.എ. ഉൾപ്പെടെ 10% കൊടുത്തതിന്റെ അടിസ്ഥാനത്തിൽ 26 കോടി രൂപയുടെ അധികച്ചെലവ് വഹിക്കാനും കെ.എസ്.ആർ.ടി.സി. തയ്യാറായിട്ടുണ്ട്. പണമുണ്ടെങ്കിൽ കൊടുക്കുന്നതിൽ വിരോധമില്ല, കൊടുക്കണം, ഞാനും അവിടെ യൂണിയനുമായി വളരെക്കാലം നടന്നയാളാണ്, എനിക്ക് കാര്യങ്ങൾ അറിയാം. ഡീസൽ ഇനി കടം തരില്ലെന്നു പറഞ്ഞപ്പോൾ സർക്കാരിന്റെ സ്ഥാപനമായ കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും വണ്ടി വാങ്ങാനെന്നു പറഞ്ഞ്, (റിസർവ് ബാങ്ക് അറിഞ്ഞാൽ മോശമാണ് എങ്കിലും പറയുകയാണ്) 36 കോടി രൂപ വാങ്ങിയാണ് ഐ.ഒ.സി.-യുടെ കടം തീർത്തത് അതാണ് സ്ഥിതി. ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ പറഞ്ഞ പ്രധനപ്പെട്ട രണ്ടുമൂന്നു കാര്യങ്ങൾക്ക് മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുകയാണ്. അദ്ദേഹം ഇവിടെ ബോഡി ബിൽഡിംഗിനെക്കുറിച്ചു പറഞ്ഞു, അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ഇപ്പോൾ composite body ഇല്ല, composite body എന്നു പറഞ്ഞാൽ സാരിപോലെ വലയിട്ട ഫാസ്റ്റും സൂപ്പർ ഫാസ്റ്റുമൊക്കെയായി ഓടിക്കൊണ്ടിരിക്കുന്ന വണ്ടികളുടെ തടികൊണ്ടുള്ള ബോഡിയാണ്. ആ ബോഡി ഇപ്പോൾ ഇന്ത്യയിലാരും ഉണ്ടാക്കുന്നില്ല. ഇപ്പോഴുള്ളത് ഹൈടെക്

LIBRARY ARCHIVES Kerala Legislative Assembly

ബോഡിയാണ്. അതിൽ മാത്രമേ ഇപ്പോൾ ആളുകൾ കയറുകയുള്ളൂ. ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന ബോഡി നമ്മുടെ വർക്ക്ഷോപ്പിലുണ്ടാക്കിനോക്കി, അതിന്റെ ചെലവെന്താണെന്നറിയാമോ? 6,21,000 രൂപയാണ് ഒരു ബോഡിക്ക് കെ.എസ്.ആർ.ടി.സി. ചെലവാക്കേണ്ടിയിരിക്കുന്നത്. ഇത് വളരെ കൂടുതലാണെന്നു കണ്ട്, കൂടുതൽ വണ്ടിയിറക്കാൻവേണ്ടി വെളിയിൽനിന്നും കിറ്റ് വാങ്ങിനോക്കി. അപ്പോൾ 6 ലക്ഷം രൂപ വന്നു. നമ്മുടെ വർക്ക്ഷോപ്പിൽ ഒരു മാസം 5 ബസ്സിൽക്കൂടുതൽ ചെയ്യാൻ പറ്റില്ല. കിറ്റ് വാങ്ങിയാണെങ്കിൽ ഒരു ബസ്സ്കൂടി ചെയ്യാം. നമ്മൾ തന്നെ കിറ്റുണ്ടാക്കി ചെയ്യുകയാണെങ്കിൽ 5 ബസ്സിൽക്കൂടുതൽ ചെയ്യാൻ പറ്റുകയില്ല. ഇവിടെ 800 ബസ്സ് ഇറക്കുന്ന സ്ഥലത്ത് 5 ബസ്സ് വീതമായാൽ 60 ബസ്സല്ലേ ഇറക്കാൻ പറ്റുകയുള്ളൂ, അപ്പോൾ എന്തുചെയ്യും? ടെണ്ടർ വിളിച്ചു, ടെണ്ടർ വിളിച്ച് ലോവസ്റ്റ് റേറ്റുവന്ന ആരോക്കെ ചോദിച്ചോ അവർക്കെല്ലാവർക്കും കൊടുത്തു. കേരളത്തിലുള്ളവരും മദ്രാസിലുള്ളവരും ബംഗാളിലുള്ളവരും ചോദിച്ചു, ചോദിച്ചവർക്കൊക്കെ കൊടുത്തു. എന്നിട്ടും ഇനിയും മുന്നൂറോളം വണ്ടികളുടെ ബോഡി ചെയ്തു കിട്ടാനുണ്ട്. അതിനുവച്ചിരിക്കുന്നത് 5,10,000 രൂപയാണ്. നമ്മുടെ വർക്ക്ഷോപ്പിൽ ബോഡി ചെയ്യുന്നതിനേക്കാൾ ലാഭമാണെന്നാണ് അക്കൗണ്ടന്റ് ജനറലുൾപ്പെടെ ആഡിറ്റ് ചെയ്ത് പറഞ്ഞിരിക്കുന്നത്. അതിന്റെ ഫലമെന്താണ്? 800 വണ്ടികൾ ഇറങ്ങിയപ്പോൾ 8.5 കോടി രൂപയെങ്കിലും കെ.എസ്.ആർ.ടി.സി.-ക്ക് ബോഡി ബിൽഡിംഗിൽ ലാഭമുണ്ടായി. ആർക്കുവേണമെങ്കിലും ലോവസ്റ്റ് റേറ്റിൽ കൊടുക്കാം. എന്നാൽ ഇന്ന് ലോവസ്റ്റ് റേറ്റ് പറഞ്ഞവർ സ്റ്റീലിന്റെ വിലകൂടി, ടാക്സ് കൂടി എന്നൊക്കെ പറഞ്ഞ് നിൽക്കുന്നുണ്ട്. ഒരു പൈസ ഇതുവരെ കൂട്ടിക്കൊടുത്തിട്ടില്ല, കൂട്ടിക്കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. അദ്ദേഹം ഇതിന്റെ defects-നെക്കുറിച്ചൊക്കെ പറഞ്ഞു. അത് അന്വേഷിക്കേണ്ട കാര്യമാണ്, തീർച്ചയായും അന്വേഷിക്കാം. പക്ഷേ പഴയതുപോലെ മുൻവശത്ത് ഇരുമ്പു കൊണ്ടുള്ള ബോഡിയുണ്ടാക്കുന്നതൊക്കെ മാറ്റിയിരിക്കുകയാണ്; ഇപ്പോൾ പ്ലാസ്റ്റിക്കാണ്. എന്തെങ്കിലും കുഴപ്പം വന്നാൽ ഒട്ടിക്കുന്ന സമ്പ്രദായമാണ്. ഇപ്പോൾ പുതിയ വണ്ടികളുടേയും കാറുകളുടേയും ലോറികളുടേയുമെല്ലാം Bumper എന്നു പറയുന്നത് സ്റ്റീലല്ല, പ്ലാസ്റ്റിക്കാണ്. അതുപോലെ ഗവൺമെന്റിൽനിന്നും രൂപ കിട്ടിയെന്നു പറഞ്ഞു, ഗവൺമെന്റിൽനിന്നും കഴിഞ്ഞകൊല്ലം നാലേകാൽക്കോടി രൂപ മാത്രമേ കിട്ടിയുള്ളൂ. 5 കോടി രൂപയാണ് ബഡ്ജറ്റിൽ infrastructure-നുവേണ്ടി provide ചെയ്തിരുന്നത്. അതുകൊണ്ട് നമ്മുടെ സാമ്പത്തികനില മെച്ചപ്പെടുന്നതിനനുസരിച്ച് ഗവൺമെന്റിന് ലാഭമൊന്നും വേണ്ട, ജീവനക്കാർക്ക് എന്തും കൊടുക്കാൻ തുറന്ന മനസ്സോടുകൂടിത്തന്നെ നിൽക്കുകയാണ്.

<u>ശ്രീ. മത്തായി ചാക്കോ:</u> അങ്ങിവിടെ പറഞ്ഞു അഞ്ചു ബോഡി നിർമ്മിക്കുന്നതിനുള്ള കപ്പാസിറ്റി മാത്രമേയുള്ളൂവെന്ന് എൽ.ഡി.എഫ്. ഭരിക്കുന്ന സമയത്ത് 25 മുതൽ 40 വരെ ബോഡികൾ നിർമ്മിച്ചിരുന്നു എന്നുള്ള കാര്യം അങ്ങേയ്ക്കറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഞാൻ ഭരിച്ചിരുന്നപ്പോൾ ഒരു മാസം 40 ബോഡികൾ വരെ നിർമ്മിക്കുമായിരുന്നു. അന്ന് അതിനു പരിചയമുള്ള ധാരാളം ആളുകൾ ഉണ്ടായിരുന്നു. ഇന്ന് പരിചയമുള്ള ആളുകൾ കുറവാണ്. ഇന്ന് ബോഡി ബിൽഡിംഗിൽ 196 ആളുകൾ മാത്രമാണ് ശേഷിച്ചിട്ടുള്ളത്. ബോഡി ബിൽഡിംഗിൽ പക്വതയും പരിചയവും ഉള്ള ആളുകളെ ഇന്നു ഡെയ്‌ലി വേജസിനുപോലും കിട്ടാനില്ലാത്ത അവസ്ഥയാണുള്ളത്. അന്നു എഴുന്നൂറിൽ ചില്വാനം ആളുകൾ ഉണ്ടായിരുന്നു. അവരൊക്കെ റിട്ടയർ ചെയ്തു പോയി. മാത്രവുമല്ല ഒരു ബസ്സിനു ചെലവ് ആറു ലക്ഷത്തി ഇരുപത്തിയൊന്നായിരം രൂപയോളം വരികയും ചെയ്യും. ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളുമെല്ലാം കൂട്ടി നോക്കുമ്പോൾ നഷ്ടം മാത്രമേയുണ്ടാകൂ. ബോഡി ബിൽഡിംഗിനുള്ള സൗകര്യങ്ങൾ വരുമ്പോൾ നമുക്ക് ഇവിടെത്തന്നെ ചെയ്യാം. നമുക്കുള്ള കപ്പാസിറ്റി നമ്മൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നുണ്ട്. വാഹനാപകടങ്ങളെക്കുറിച്ചു പറഞ്ഞു. വാഹനാപകടങ്ങൾ വളരെ കൂടുതലാണ്. 90 ശതമാനം അപകടങ്ങളും സംഭവിക്കുന്നത് ഇരുചക്രവാഹനങ്ങളിലാണ്. NATPAC നടത്തിയ സ്റ്റഡീസിലും ഹെൽത്ത് ഡിപ്പാർട്ടുമെന്റ് തന്നിരിക്കുന്ന സ്റ്റാറ്റിസ്റ്റിക്സിലും പോലീസിന്റെ സ്റ്റാറ്റിസ്റ്റിക്സിലും അപകടങ്ങൾ കൂടുതലും ഉണ്ടാകുന്നത് ഹെഡ് ഇഞ്ചുറി മൂലമാണെന്നാണ്. മോട്ടാർ വാഹന നിയമത്തിൽ നിർബന്ധമായും ചില നിബന്ധനകൾ പാലിക്കണമെന്ന് സുപ്രീംകോടതിയും ഹൈക്കോടതിയും നിഷ്ക്കർഷിച്ചിട്ടുണ്ട്. അതായത് ഇരുചക്രവാഹനങ്ങളിൽ സഞ്ചരിക്കുന്നവർ ഹെഡ് ഗിയർ ധരിക്കണമെന്നാണ് പറയുന്നത്. നമ്മൾ പല കാരണങ്ങളാലും അതു വേണ്ടെന്നു വച്ചിരിക്കുകയാണ്. 90 ശതമാനം ആക്സിഡന്റ് ഡെത്തും കേരളത്തിൽ നടക്കുന്നത് ഇരുചക്ര വാഹനത്തിൽ സഞ്ചരിക്കുന്നവർക്കാണ്. കയ്യോ കാലോ മുറിഞ്ഞുപോയാൽ വേറെ വച്ചു പിടിപ്പിക്കാം. പക്ഷേ തലയ്ക്കു പരിക്കു പറ്റിയാൽ എന്തു ചെയ്യും? ഇതു നമ്മൾ ആലോചിക്കേണ്ട ഒരു വിഷയമാണ്. ഗവൺമെന്റ് നിർബന്ധമായി ഒന്നും അടിച്ചേൽപ്പിക്കാൻ പോകുന്നില്ല. ക്ഷേമനിധി ആനുകൂല്യം നൽകുന്നതിനെക്കുറിച്ച് ശ്രീ. ജോണി നെല്ലൂർ പറഞ്ഞു. ക്ഷേമനിധി ആനുകൂല്യം നൽകാൻ കമ്മിറ്റി തീരുമാനിച്ചു; മന്ത്രിസഭ തീരുമാനിച്ചു. അതിനാവശ്യമായ നിയമനിർമ്മാണങ്ങളും മറ്റും തയ്യാറാക്കുന്നതിനുവേണ്ടി സെക്രട്ടേറിയറ്റിലെ ഫൈനാൻസിൽ പോയിരിക്കുകയാണ്. അത് വളരെ വേഗം ശരിയാകുമെന്നാണ് എന്റെ വിശ്വാസം. മോട്ടാർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിൽ കമ്പ്യൂട്ടറൈസേഷൻ തുടങ്ങിക്കഴിഞ്ഞു. എറണാകുളത്താണ് അതിന്റെ ഉദ്ഘാടനം ആദ്യം നടത്താൻ പോകുന്നത്. എറണാകുളത്താണ് കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായും ആദ്യം നടപ്പാക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു സമയം കിട്ടിയാലുടനെ അതിന്റെ ഉത്ഘാടനം നടത്തും. ആർ.ടി.ഒ. ഓഫീസിലും അതു വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വളരെ ബൃഹത്തായി ഇതു മുന്നോട്ടുകൊണ്ടുപോകാനാണ് തീരുമാനം. മിനി ബസ്സിന്റെ കാര്യം പറഞ്ഞു, മിനി ബസ് വാങ്ങണമെന്നു പറയുമ്പോൾ എനിക്ക് ഒരു പഴംചൊല്ലാണ് ഓർമ്മ വരുന്നത്. "അരി ആഴക്കേ ഉള്ളൂവെങ്കിലും അടുപ്പു കല്ലു മൂന്നുവേണം". മിനി ബസ്സിന്റെയും വലിയ ബസ്സിന്റേയും ചെലവ്

2/936/2012—17

LIBRARY ARCHIVES Kerala Legislative Assembly

ഒന്നു തന്നെയാണ്. പാരലൽ സർവ്വീസിനെ മീറ്റ് ചെയ്യാൻ വേണ്ടിയാണ് മിനി ബസ്സ് ഇറക്കിയത്. കണ്ടക്ടറും ഡ്രൈവറും എല്ലാ ബസിനും ആവശ്യമാണ്. ഇത്രയും കാശു മുടക്കിയിട്ട് പകുതി ആളുകളെപ്പോലും കയറ്റാൻ സാധിക്കാത്ത മിനി ബസ്സുകൾ ഇനിയും നിരത്തിലിറക്കണമെങ്കിൽ അതു പുനരാലോചിക്കാം. എനിക്ക് അതിൽ തടസ്സമൊന്നുമില്ല. പക്ഷേ അത് എല്ലാവരും ആലോചിക്കേണ്ട ഒരു കാര്യമാണ്. പാരലൽ സർവ്വീസിനെ നേരിടാൻ മിനി ബസ്സ് വളരെ ഫലപ്രദമാണെന്നു തെളിഞ്ഞിട്ടുണ്ട്. ഡോ. കെ. സി. ജോസഫ് പറഞ്ഞ കൈനടി-കാവാലം റൂട്ട് ദേശസാൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നോട്ടിഫിക്കേഷൻ പോയിക്കഴിഞ്ഞു.

ശ്രീ. എം. വി. ജയരാജൻ: ഇലക്ട്രോണിക് മീറ്റർ ആക്കുന്നതിൽ കേരളത്തിലെ ഓട്ടോറിക്ഷാ ഡ്രൈവർമാർ ഉത്കണ്ഠാകുലരാണ്. വൈദ്യുതി വകുപ്പിന്റെ പരിഷ്ക്കരണം മൂലം കേരളത്തിലെ ജനങ്ങൾക്ക് ഷോക്കേറ്റിരിക്കുകയാണ്. അതിന്റെ കൂടെ മറ്റൊരു ഷോക്കും കൂടി അടിച്ചേൽപ്പിക്കാൻ അങ്ങു മുതിരരുത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ട്രാൻസ്പോർട്ട് കമ്മീഷണർ ചെയ്തിരിക്കുന്നത് എന്താണെന്ന് എനിക്കറിയില്ല. ജനങ്ങളുടെ ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്, വേണ്ടത്ര സമയം കൊടുക്കാതെ ഇലക്ട്രോണിക് മീറ്റർ നിർബന്ധമാക്കില്ല. മീറ്റർ മാറ്റുന്നതിനുള്ള നടപടികൾ ഗവൺമെന്റ് തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. പുതിയതായി ഇറക്കുന്ന ഓട്ടോകളിൽ ഇലക്ട്രോണിക് മീറ്റർ ഘടിപ്പിക്കുന്നതിൽ തെറ്റില്ല. കേടായി മാറ്റുമ്പോഴും ഇലക്ട്രോണിക് മീറ്ററുകൾ ഉപയോഗിക്കാം. ഇതൊരു ആൾ ഇന്ത്യാ ഡയറക്ഷനാണ് എന്നുള്ളതു വേറെ കാര്യം. ബോട്ടിനെക്കുറിച്ചിവിടെ പറഞ്ഞു. ഇക്കൊല്ലം പുതിയതായി 20 ബോട്ടുകൾകൂടി കൊടുക്കുകയാണ്. കുട്ടനാട്ടിൽ ആവശ്യംപോലെ ബോട്ടുകൾ കൊടുക്കുന്നുണ്ട്. ജലഗതാഗതം, ഗവൺമെന്റ് വളരെ താൽപര്യമെടുത്ത് മുന്നോട്ടു കൊണ്ടുപോകുന്ന വിഷയമാണ്. പഴയ ബോട്ടുകൾക്ക് 10 ഗിയർ ബോക്സും 10 എഞ്ചിനും പുതിയതായി ഫിറ്റു ചെയ്ത് ഇറക്കിയിട്ടുണ്ട്. അങ്ങനെ ഇപ്പോൾ മൊത്തം 30 ബോട്ടുകൾ ഇറക്കിയിട്ടുണ്ട്. ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് കോൺട്രാക്ട് കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. അവിടെ വേണ്ടത്ര സ്റ്റാഫുണ്ട്. ജോലി ചെയ്യാത്തതിന്റെ കുഴപ്പമാണെന്നാണ് എനിക്കു തോന്നുന്നത്. കരുനാഗപ്പള്ളിയിൽ എ.ടി.ഒ.-യെ വേണമെന്നു പറഞ്ഞു. എ.ടി.ഒ.-യെ പ്രൊമോട്ടു ചെയ്താലുടനെ നിയമിക്കുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: അങ്ങയുടെ മറുപടി അവസാനിക്കാറായി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രധാനപ്പെട്ട രണ്ടു ഡിമാന്റുകളെ സംബന്ധിച്ച ചർച്ചയാണ് ഇവിടെ നടന്നത്. ഭരണകക്ഷിയിൽപ്പെട്ട ഭൂരിപക്ഷം അംഗങ്ങളും അങ്ങയുടെ ഡിമാന്റിനെ പിന്താങ്ങി സംസാരിക്കുക പോലും ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ അതിനെ സംബന്ധിച്ച് അങ്ങ് എന്തെങ്കിലുമൊരു പ്രസ്താവന നടത്താതെ പ്രസംഗം അവസാനിപ്പിക്കുന്നതു ശരിയല്ല. ഈ സഭയിൽ അങ്ങ് എന്താണ് പറയുന്നത് എന്നറിയാൻ ഞങ്ങൾക്ക് താൽപര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഞാൻ ഐക്യമുന്നണിയുടെ ഭാഗമായിട്ടാണ് ഇവിടെയിരിക്കുന്നത്. അങ്ങനെയുള്ള കാര്യങ്ങൾ ഐക്യമുന്നണിയിൽ ചർച്ച ചെയ്യുകയും സംസാരിക്കുകയും ചെയ്യാം. ഞാനൊരു പ്രായം ചെന്ന ആളാണല്ലോ എന്നു വിചാരിച്ച് ബുദ്ധിമുട്ടിപ്പിക്കാത്തതായിരിക്കാം. അല്ലാതെ വേറൊരു കാര്യവുമില്ല. അതുകൊണ്ട് നിങ്ങൾ പ്രകോപിതരാകേണ്ട ആവശ്യമില്ല.

ശ്രീ. മത്തായി ചാക്കോ: അപ്പുറത്തുനിന്നും ഏതെങ്കിലും വിധത്തിലുള്ള പീഡനമോ തടസ്സമോ അങ്ങേയ്ക്കുണ്ടായിട്ടുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അങ്ങനെ എന്നെ ആരും പീഡിപ്പിക്കാൻ ശ്രമിക്കില്ല എന്നു ശ്രീ. മത്തായി ചാക്കോയ്ക്ക് നല്ലതുപോലെ അറിയാമല്ലോ?

ശ്രീ. എം. വി. ജയരാജൻ: അങ്ങയെപ്പോലെ പ്രായമുള്ള ഒരാളാണ് അപ്പുറത്തുനിന്നും ഇങ്ങനെയൊരു ബഹിഷ്ക്കരണ തീരുമാനമെടുത്തത് എന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ബഹിഷ്ക്കരിച്ചതായി എനിക്കറിയില്ല. നമുക്കെല്ലാം അറിയാവുന്ന കാര്യങ്ങളാണല്ലോ? എന്തിനാണ് വെറുതെ ഓരോന്നു പറയുന്നത്?

ശ്രീ. പി. സി. ജോർജ്: ഇവിടെ കോൺഗ്രസ്സും മുസ്ലീംലീഗും കേരളാ കോൺഗ്രസ്സ് (എം)-ഉം ബഹിഷ്ക്കരിച്ചെങ്കിലും കേരളാ കോൺഗ്രസ്സ് (എം)-ലെ ശ്രീ. നാരായണക്കുറുപ്പ് ഒരു ചോദ്യം ചോദിച്ച് ആ ബഹിഷ്ക്കരണത്തിൽ നിന്നും പിൻമാറി അങ്ങേയ്ക്ക് പിന്തുണ നൽകി എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അദ്ദേഹം വിവരമുള്ള ആളായതുകൊണ്ട് ചോദ്യം ചോദിച്ചു എന്നേയുള്ളൂ. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഇവിടെ ധനാഭ്യർത്ഥനകളെ അനുകൂലിച്ചും പ്രതികൂലിച്ചും നടന്നിട്ടുള്ള ചർച്ചകൾ ഈ വകുപ്പിനെ കൂടുതൽ ദിശാബോധത്തോടുകൂടി പ്രവർത്തിക്കാനുള്ള

2 p.m.] പ്രചോദനം നൽകുമെന്ന് ഞാൻ മനസ്സിലാക്കുകയാണ്. വിമർശനങ്ങളെ കൂടുതൽ ജാഗ്രതയോടെ ഈ വകുപ്പിനെ കൊണ്ടുപോകാനുള്ള താക്കീതായി ഞാൻ തിരിച്ചറിയുന്നു. അനുമോദനങ്ങളെ കൂടുതൽ കർമ്മനിരതനാകാനുള്ള ഊർജ്ജമായി ഞാൻ സ്വാഗതം ചെയ്യുകയും ചെയ്യുന്നു. ദീർഘമായി വിഷയത്തിലേക്കിറങ്ങിച്ചെന്ന് സംസാരിക്കാനുള്ള സമയമില്ലാത്തതുകൊണ്ട് ബന്ധപ്പെട്ട ചില കാര്യങ്ങളിലെ ചില സംശയങ്ങൾ ദുരീകരിക്കാൻ വേണ്ടിയുള്ള ഒരു ശ്രമമാണ് നടത്തുന്നത്. ആദ്യമായി എനിക്ക് പറയുവാനുള്ളത് നമ്മളൊക്കെ വളരെ നാളുകളായി സംസാരിച്ചുകൊണ്ടിരിക്കുന്ന 'എക്സ്പ്രസ് ഹൈവേ'യെക്കുറിച്ചാണ്. അതിന്റെ പുതിയ പേര് 'കേരളാ ഹൈസ്പീഡ് കോറിഡോർ' എന്നാണ്. കേരള ഹൈസ്പീഡ് കോറിഡോർ കമ്പനി എന്ന പേരിൽ കഴിഞ്ഞ 27-6-2004-ൽ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി ചെയർമാനും, പൊതുമരാമത്ത് വകുപ്പുമന്ത്രി വൈസ് ചെയർമാനും, വ്യവസായ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി തുടങ്ങിയവർ ഡയറക്ടർമാരായും ഐ.എൽ.എഫ്.എസ്.-ന്റെ മൂന്ന് ഡയറക്ടർമാരടങ്ങുന്ന കമ്പനി joint venture company, special purpose vehicle-ആയി രജിസ്റ്റർ ചെയ്തു കഴിഞ്ഞുയെന്ന കാര്യം ഞാൻ നിങ്ങളെ അറിയിക്കുകയാണ്. ഐ.എൽ.എഫ്.എസ്. എന്നു പറഞ്ഞാൽ സെൻട്രൽ ഗവൺമെന്റിന്റെ കൂടുതൽ പങ്കാളിത്തമുള്ള ഫിനാൻഷ്യൽ ബോഡിയാണ്. High Speed Express way-യെക്കുറിച്ച് പല സംശയങ്ങളും പല ഭാഗത്തുനിന്നും വരുന്നുണ്ട്. ഏതായാലും ഇതിന്റെ ആദ്യത്തെ ബോർഡ് മീറ്റിംഗ് ഉടനെ ചേരുകയാണ്. ഞങ്ങൾ അതിന്റെ ഡീറ്റെയിൽസ് ഫീസിബിലിറ്റി പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇനി നാലോ അഞ്ചോ മാസംകൂടി എടുക്കും. അതു കഴിഞ്ഞാലേ അതിന്റെ അലൈൻമെന്റുപോലും പൂർണ്ണമായും പുറത്തുപറയാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ നടക്കുന്ന പല ചർച്ചകളും അതൊന്നുമറിയാതെയുള്ള ചർച്ചകളാണ്. ഉദാഹരണത്തിന് ഏഴ് മീറ്റർ ഹൈറ്റിലാണ് ഈ പാത പോകുന്നതെന്നും, അതുകൊണ്ട് ഇതൊരു വൻ മതിലായിരിക്കുമെന്നുമൊക്കെയാണ് ഇവിടെ പറഞ്ഞു കേട്ടത്. ഞങ്ങൾ ഇതുവരെ റോഡ് ഡിസൈൻ ചെയ്തിട്ടില്ല. ആരാണ് ഏഴ് മീറ്റർ റോഡ് ഡിസൈൻ ചെയ്തതെന്ന് ഞങ്ങൾക്കറിയില്ല. അതിന്റെ പൂർണ്ണരൂപമായിക്കഴിഞ്ഞശേഷം എല്ലാപേരുമായി ചർച്ച ചെയ്തതിനുശേഷമേ കാര്യങ്ങൾ തീരുമാനിക്കുകയുള്ളൂ. ഞാൻ ഒരു കാര്യം പറയുവാൻ ആഗ്രഹിക്കുകയാണ്; ഒരു people friendly project ആയിട്ടു മാത്രമേ ഈ പദ്ധതി നടപ്പിലാക്കുകയുള്ളൂ. എവിടെയൊക്കെ വിട്ടുവീഴ്ചകൾ വേണോ അതൊക്കെ പരിഹരിച്ച്, ആ റോഡ് നിർമ്മിക്കാം. പക്ഷേ ആ റോഡിന്റെ അനിവാര്യത വരുന്ന പത്തോ ഇരുപതോ വർഷത്തിനുശേഷമേ നമുക്ക് മനസ്സിലാകുകയുള്ളൂ എന്നുള്ളതുകൊണ്ട് എല്ലാപേരുടേയും പിന്തുണ ഇതിനുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എം. വി. ജയരാജൻ:</u> സർ, സ്പീഡ് റോഡിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തില്ലെന്ന് അങ്ങ് പറഞ്ഞു. ആ റോഡ് വേണമെന്ന കാര്യത്തിൽ തർക്കമില്ല. ജനങ്ങൾക്കുള്ള ഉൽക്കണ്ഠ ഇതുപോലുള്ള പ്രചാര വേദിയാണ്. അതുകൊണ്ട് ഇതിന് എത്ര വീതിയുണ്ട്, എത്ര ഉയരമാണ് എന്നുള്ള വിശദാംശങ്ങൾ വ്യക്തമാക്കണം. ഇതുമൂലം ഭൂമിയും വീടും നഷ്ടമാകുന്നവരെ പുനരധിവസിപ്പിക്കാനുള്ള വല്ല പദ്ധതിയും കമ്പനിതന്നെ ഏറ്റെടുക്കാൻ തയ്യാറാകുമോ?

<u>ശ്രീ. എം. കെ. മുനീർ:</u> എത്ര വീതിയെന്നതിനുപോലും ചർച്ചയായിട്ടില്ല. ഇതിനെത്ര വീതിയാകാം, ഇതിനെത്ര ഉയരമാകാം എന്നുള്ളതിനെക്കുറിച്ച് ചർച്ചയാകാം. ഇത് access controlled ആകണമോ എന്നതിനെക്കുറിച്ച് ചർച്ചയാകാം. ഇത് ഏതൊക്കെ മേഖലയിലൂടെ പോകും, അവിടെയുള്ള ആളുകളുടെ പുനരധിവാസം എങ്ങനെ നടത്തുമെന്നതിനെക്കുറിച്ചൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചയാകാം. എല്ലാം പൊതുവെ തീരുമാനിച്ചശേഷം മാത്രമേ ഇതിന്റെ പ്രവൃത്തിയിലേക്ക് പോകു. പക്ഷെ അതെങ്ങനെയെന്നതിനെക്കുറിച്ച് ആദ്യം അറിയണമെങ്കിൽ ഡീറ്റെയിൽഡായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കണം. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഏൽപ്പിച്ചു കഴിഞ്ഞു. അത് ഏകദേശം നാലോ അഞ്ചോ മാസംകൊണ്ട് പൂർത്തിയായിക്കിട്ടിക്കഴിഞ്ഞാൽ അതു സംബന്ധിച്ച് വ്യക്തമായ ഒരു ചർച്ച നടത്തും. മാത്രവുമല്ല Project Affected people എന്നു പറയുന്ന ഒരു വിഭാഗമുണ്ട്. സാധാരണ ഏത് പ്രോജക്ട് വരുമ്പോഴും അവരെയാണ് പ്രോജക്ടിനെക്കുറിച്ച് ബോദ്ധ്യപ്പെടുത്തേണ്ടത്. അതുകൊണ്ട് Project Affected people ആരാണെന്ന് കണ്ടെത്തിക്കഴിഞ്ഞാൽ അവരുമായും ചർച്ച ചെയ്തതിനുശേഷമേ ഇതിന്റെ പ്രവൃത്തികൾ ആരംഭിക്കുകയുള്ളൂ. വേൾഡ് ബാങ്കിനെക്കുറിച്ച് രണ്ടു മൂന്നു കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. നമ്മുടെ പ്രിയപ്പെട്ട എം. വി. ഗോവിന്ദൻ മാസ്റ്റർ ചോദിച്ച ഒരു കാര്യത്തെക്കുറിച്ച് എനിക്ക് പറയുവാനുള്ളത് ഇപ്പോൾ ആ മേഖലയിൽ നടന്നിട്ടുള്ള പ്രവൃത്തികൾക്ക് ഒരു കോടി നാൽപ്പത് ലക്ഷം രൂപയായിട്ടില്ല എന്നാണ്. വേൾഡ് ബാങ്കിന്റെ രണ്ട് പദ്ധതികളാണ്; അതിൽ ഒന്ന് ആയിരം കിലോമീറ്റർ ഹെവി മെയിന്റനൻസും മറ്റേത് 500 കിലോമീറ്റർ upgradation-ഉം ആണ്. അവിടെ ഇപ്പോൾ ചർച്ച നടന്നിരിക്കുന്നത് ഹെവി മെയിന്റനൻസിനെപ്പറ്റിയാണ്. അതിന് മുപ്പത് ലക്ഷത്തിനും നാൽപ്പത് ലക്ഷത്തിനുമിടയ്ക്ക് രൂപയേ വരുന്നുള്ളൂ. പക്ഷേ അവിടെനിന്നുള്ള ആളുകൾ പറഞ്ഞു 'ശ്രീകണ്ഠപുരം, ചെങ്ങളായി, ഇരിക്കൂർ എന്നീ പ്രദേശങ്ങളിലെ റോഡുകൾ താഴ്ന്ന രീതിയിലാണ്; അതുകൊണ്ട് അവ ഉയർത്തണം' എന്ന്. ഇപ്പോൾ വരാനിരിക്കുന്ന തലശ്ശേരി വളവുപാറ അപ്ഗ്രഡേഷന് ഒരു കോടി നാൽപ്പത് ലക്ഷം രൂപ ചെലവുവരും. വീതികൂട്ടി, സ്ഥലമെടുത്ത് പാലങ്ങൾ വേണ്ടിടത്ത് പാലങ്ങൾ നിർമ്മിച്ച്, അക്വിസിഷൻ നടപടികളൊക്കെ എടുക്കേണ്ടിവരുന്നതുകൊണ്ടാണ് ഇത്രയും പണം വേണ്ടി വരുന്നത്. അതിനകത്ത് ശ്രീകണ്ഠപുരം, ചെങ്ങളായി, ഇരിക്കൂർ ഈ മൂന്നു പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അത് അവിടത്തെ ജനങ്ങളുടെ പ്രത്യേക ആവശ്യപ്രകാരം ചെയ്തിട്ടുള്ളതാണ്. ഇതിന്റെ പ്രവൃത്തിക്ക് ടെൻഡർ ചെയ്തിട്ടുണ്ട്. ആരംഭിക്കുന്ന മുറയ്ക്ക് ഈ മൂന്നു സ്ഥലങ്ങളും ഇതിൽ ഉൾപ്പെടുത്തുമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളത്. വേൾഡ് ബാങ്കിനെക്കുറിച്ചായിരുന്നാലും, പൊതുമരാമത്തു വകുപ്പിനെക്കുറിച്ചായിരുന്നാലും ഉണ്ടാകുന്ന സംശയങ്ങൾ ദുരീകരിക്കുന്നതിന് ഈ വരുന്ന എട്ടാം തീയതി ഞങ്ങളുടെ പോർട്ടൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്. ജനങ്ങൾക്ക് എന്ത് സംശയങ്ങളുണ്ടെങ്കിലും ചോദിക്കാനും, കോൺട്രാക്റ്റുകളായിക്കഴിഞ്ഞാൽ ആ കോൺട്രാക്ററുകളെക്കുറിച്ചറിയാനും പ്രത്യേകമായ ഒരു എക്സ്ട്രാ നെറ്റിലൂടെ കോൺട്രാക്ടർമാർക്ക് ഓരോ ടെൻഡറുകളെയും കുറിച്ച് എത്ര മാർക്ക് കിട്ടിയെന്നുള്ളത് പരിശോധിക്കാനും വേണ്ടി പൂർണ്ണമായും സുതാര്യമായ

LIBRARY ARCHIVES Kerala Legislative Assembly

രീതിയിലുള്ള പോർട്ടൽ ഈ വരുന്ന എട്ടാം തീയതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്. അതിനകത്ത് ഞങ്ങൾ ഈ പറഞ്ഞ restoration protocol കൊണ്ടു വരുന്നുണ്ട്. നിർബന്ധമായും റോഡ് ആർക്ക് വെട്ടിപ്പൊളിക്കണമെങ്കിലും ആദ്യമേ restoration protocol എന്ന വെബ്സൈറ്റിലൂടെ (ഏത് ഡിപ്പാർട്ടുമെന്റായാലും കെ.എസ്.ഇ.ബി. ആയാലും വാട്ടർ അതോറിറ്റി ആയാലും ടെലഫോൺ ഡിപ്പാർട്ടുമെന്റ് ആയാലും, ഐ.ടി. ആയാലും) അവർ നമ്മളുമായി കമ്മ്യൂണിക്കേറ്റ് ചെയ്യും. ഇന്ന സമയത്ത് ഒരു പണി തുടങ്ങാൻ പോകുന്നു രണ്ട് മാസത്തിനുമുമ്പ് ആർക്കെങ്കിലും എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ ആ റോഡിൽ ചെയ്യാം അതിനുശേഷം പിന്നെ ആറുമാസത്തേയ്ക്ക് ആ റോഡ് വെട്ടിപ്പൊളിക്കാൻ പാടില്ല എന്നുള്ള ഒരു പുതിയ protocol കൊണ്ടുവരുന്നതിനെക്കുറിച്ച് എല്ലാ വകുപ്പുകളുമായി ആലോചിച്ചു. അവരൊക്കെ സമ്മതിച്ചു. അതനുസരിച്ചുള്ള protocol ഈ വെബ്സൈറ്റിൽ നമ്മൾ ഉൾക്കൊള്ളിച്ചിരിക്കുകയാണെന്ന കാര്യം കൂടി ഈ സന്ദർഭത്തിൽ ഞാൻ പറയുവാൻ ആഗ്രഹിക്കുകയാണ്. നബാർഡ് പദ്ധതിയുടെ കാര്യത്തെക്കുറിച്ച് പറയുവാനുള്ളത്: ആർ.ഐ.ഡി.എഫ്. എന്നുള്ള പേരുമാറ്റി ജയപ്രകാശ് നാരായൺ-ന്റെ പേരിലുള്ള ഒരു പുതിയ പദ്ധതിയായി, അഗ്രിക്കൾച്ചറിന് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള പദ്ധതിയായി വരുന്ന സമയത്ത് റോഡുകൾ അതിൽനിന്നും മാറിപ്പോകും എന്നുള്ള ഒരു ചർച്ചയുണ്ടായി രുന്നു. പക്ഷെ നബാർഡിന്റെ ചെയർപേഴ്സൺ ഇവിടെ വന്നു, മുഖ്യമന്ത്രിയുമായി സംസാരിച്ചു. ഇത് അഗ്രിക്കൾച്ചറിനാവശ്യമായിട്ടുള്ള റൂറൽ മേഖലയിലുള്ള പാലങ്ങളും റോഡുകളുമായതുകൊണ്ട് അഗ്രിക്കൾച്ചറൽ ഗുഡ്സ് തൊട്ടടുത്ത പട്ടണങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ ഫാം റോഡുകൾ എന്നുള്ള ഐറ്റത്തിൽ ഉൾപ്പെടുത്തണമെന്ന ആശയം മുന്നോട്ടു വച്ചിട്ടുണ്ട്. അതെന്തായാലും സമ്മതിക്കു മെന്ന ശുഭാപ്തി വിശ്വാസമാണുള്ളത്. അതുകൊണ്ട് ആർ.ഐ.ഡി.എഫ്. എന്നുള്ള പേര് മാറ്റുകയാണെങ്കിലും ഈ പാലങ്ങൾ അതിലുൾപ്പെടുത്താൻ സാധിക്കുമെന്നുള്ള ശുഭാപ്തി വിശ്വാസം തന്നെയാണെനിക്കുള്ളത്. ഹിൽ ഹൈവേയേക്കുറിച്ചും ചോദിച്ചു. ഹിൽഹൈവേ നിശ്ചയദാർഢ്യത്തോടുകൂടി നടപ്പിലാക്കണമെന്ന് മുഖ്യമന്ത്രി ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതിൽ നിന്നും പിന്നോട്ടുപോകുന്ന പ്രശ്നമില്ല. ഹിൽഹൈവേയ്ക്ക് അവസാനമായിട്ടുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്യാൻ ഞങ്ങൾ ഒരു യോഗം കൂടി. അന്ന് പ്രിയപ്പെട്ട കെ. വി. കുഞ്ഞിരാമനുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ചില മാറ്റങ്ങൾ വേണമെന്നു പറഞ്ഞതുകൊണ്ടാണ് അന്ന് മാറിപ്പോയത്. അല്ലെങ്കിൽ അന്ന് ഫൈനലൈസ് ചെയ്യുമായിരുന്നു. ഇനി ജൂലൈ 20-ാം തീയതി വീണ്ടും യോഗം വിളിച്ചിരിക്കുകയാണ്. നിങ്ങൾ അതൊന്ന് ഫൈനലൈസ് ചെയ്തുതന്നാൽ അതിന്റെ പ്രവൃത്തി ഉടനെ ആരംഭിക്കാമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. മാത്രമല്ല ഇതിന്റെ പണി ആരംഭിച്ചുയെന്ന് പറയുന്നതാ യിരിക്കും ശരി. കാരണം ആ മേഖലയിലെ connectivity-ക്കു വേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ പാലങ്ങളും ഞങ്ങൾ നബാർഡിലേയ്ക്ക് ശുപാർശ ചെയ്യുന്നതിനുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഏകദേശം 70 പാലങ്ങളുടെ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനിയും ഏകദേശം 210 പാലങ്ങൾ അല്ലാതെതന്നെ നബാർഡിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. ധനകാര്യവകുപ്പു മന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ ഇതിൽ താൽപ്പര്യമെടുക്കുന്നുണ്ട്. അത് തീർച്ചയായും നമുക്ക് അനുവദിച്ച് കിട്ടുകയാണെങ്കിൽ വരുന്ന രണ്ടു വർഷം കൊണ്ടുതന്നെ ഈ പാലങ്ങളുടെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കും.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> പാലങ്ങളുടെ ഡിസൈനിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ അത് വേറെ ഏതെങ്കിലും ഏജൻസികൾക്കോ കോമ്പറ്റിറ്റീവ് ടെൻഡറിനോ കൊടുക്കാൻ നിർദ്ദേശം സ്വീകരിച്ചുകൂടേ? അല്ലെങ്കിൽ 210-ഓ 300-ഓ പാലങ്ങളുടെ ഡിസൈൻ ഇന്നത്തെ സംവിധാനങ്ങൾ അനുസരിച്ച് പോയാൽ അടുത്ത 10-25 കൊല്ലക്കാലത്തേയ്ക്ക് ഡിസൈനിംഗ് നടക്കില്ല.

<u>ശ്രീ. എം. കെ. മുനീർ:</u> അത് നമ്മുടെ ഡെക്കിലുള്ള പരിമിതികൾ കൊണ്ടാണ്. ഏതായാലും ഞങ്ങൾ എഞ്ചിനീയറിംഗ് കോളേജിന് കുറേ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. വേറെ ഏജൻസി വഴിയും നമുക്ക് എത്രയും പെട്ടെന്ന് തീർക്കുന്നതിനുവേണ്ടിയുള്ള പുനഃസംവിധാനത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്. പിന്നെയുള്ളത് ബിറ്റുമിൻ ആണ്. മഴക്കാലത്ത് ജോലി ചെയ്യുന്നതിനുവേണ്ടി രണ്ട് മണിക്കൂർ മഴയില്ലെങ്കിൽ ഉപയോഗിക്കാൻ സാധിക്കുന്ന കാറ്റൈറിക് ബിറ്റുമിൻ ഈ പ്രാവശ്യം കൂടുതൽ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. മഴയുടെ ചെറിയ ഗ്യാപ്പ് കിട്ടുന്ന സമയത്ത് എമൽഷൻ ഉപയോഗിച്ചുകൊണ്ട് റോഡിലെ കുഴി വലുതാകാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചു എന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> മദ്ധ്യകേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ് എം. സി. റോഡ്. ആ റോഡുപണി ഇഴഞ്ഞു നീങ്ങുന്നതുകൊണ്ട് റോഡിലൂടെയുള്ള യാത്ര വളരെ കഷ്ടമാണ്. സമയബന്ധിതമായി ഒരു പ്രത്യേക ക്രമീകരണം നടത്തി ആ റോഡ് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. കെ. മുനീർ:</u> അതിപ്പോൾ വേൾഡ് ബാങ്ക് ഏറ്റെടുത്തിരിക്കുന്നു. ആ കോൺട്രാക്ടർക്ക് തന്നെ നിർബന്ധമായി മെയിന്റനൻസ് കൊടുക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് കർശനമായും മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കാം. ഈ വരുന്ന ദിവസങ്ങളിൽ അത് പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് നോക്കുകയും അതുമായി ബന്ധപ്പെട്ട് ആളുകൾക്ക് അതിന്റെ വിവരം നൽകുകയും ചെയ്യുന്നതാണ്. പിന്നെയുള്ളത് തമ്പാനൂരിലെ കാര്യമാണ്. കുറേ

LIBRARY ARCHIVES Kerala Legislative Assembly

നാളുകളായി വെള്ളക്കെട്ടിനെക്കുറിച്ചുള്ള സംശയവും ചർച്ചകളും നടന്നു കൊണ്ടിരിക്കുകയാണ്. പക്ഷേ ഈ പ്രാവശ്യം അതിനെ വെള്ളപ്പൊക്കത്തിൽ നിന്നും മാറ്റിയെടുക്കാൻ സാധിച്ചു. ഇനിയും പൂർണ്ണമായും അതിന്റെ പ്രവൃത്തി തീർന്നിട്ടില്ല. അത് ഉടനെ തീരും. തമ്പാനൂരിലെ വെള്ളക്കെട്ട് ഒഴിയുന്നു എന്ന വാർത്ത പത്രങ്ങളിൽ വന്നു കഴിഞ്ഞിട്ടുണ്ട്. ആമയിഴഞ്ചാൻ തോട് പകുതിയോളം ക്ലീൻ ചെയ്തു. റോഡ് സേഫ്റ്റി പ്ലാൻ ഉണ്ടാക്കിയിട്ടുണ്ട്. ഡബ്ല്യു.എച്ച്.ഒ.-യിൽ നിന്നും ഡോ. ഖയസ്സി എന്ന ഒരു വ്യക്തി ഇവിടെ വന്നിരുന്നു. അദ്ദേഹം പറഞ്ഞിരിക്കുന്നത് ഡബ്ല്യു.എച്ച്.ഒ. ടു അഡോപ്റ്റ് കേരള സേഫ്റ്റി പ്ലാൻ എന്നാണ്. കേരളത്തിൽ നമ്മൾ ഇപ്പോൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന റോഡ് സേഫ്റ്റി പ്ലാൻ മറ്റുള്ള സ്ഥലങ്ങളിലേക്ക് അഡോപ്റ്റ് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കണം. എത്രയും വിശദമായിട്ടുള്ള ഒരു പ്ലാനാണ് നമ്മൾ തയ്യാറാക്കിയത് എന്ന് ഡബ്ല്യു.എച്ച്.ഒ. പറഞ്ഞിരിക്കുന്ന ഒരു സാഹചര്യം ഉണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ: ഇവിടെ നബാർഡിന്റെ പ്രോജക്ടുകൾ പുതുതായി വന്നപ്പോൾ അങ്ങ് ഫിനാൻസ് മിനിസ്റ്ററുടെ സഹായം തേടി. നബാർഡിൽ ഉണ്ടായിരുന്ന അട്രാക്ഷൻ ഇന്ന് നിലവിലില്ല. റീഫൈനാൻസിംഗ് ഫലപ്രദമായി നടത്താൻ പറ്റാത്തതുകൊണ്ട് നബാർഡ് പഴയതുപോലെ ഫലപ്രദമല്ല എന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എം. കെ. മുനീർ: അത് പരിശോധിക്കാം. ഇവിടെ ഓരോ വ്യക്തിയും അവരവരുടെ മണ്ഡലങ്ങളിലെ പാലങ്ങളുടെ കാര്യത്തെക്കുറിച്ച് പറഞ്ഞു. എറണാകുളത്ത് പാലങ്ങൾ ഇല്ല എന്ന് പറഞ്ഞു. എറണാകുളത്ത് 9 പാലങ്ങളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ട്രിവാൻഡ്രം ഡെവലപ്മെന്റ് സ്കീമിൽ അതിന്റെ ടെണ്ടർ കൊടുത്തു; രണ്ടു വർഷത്തിനുള്ളിൽ തന്നെ എല്ലാം പൂർത്തിയാകും.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): അതിന്റെയൊന്നും ഡിസൈൻ എൽ.ബി.എസിനെ ഏൽപ്പിക്കരുത്. ഒരു അനസ്തേഷ്യാ വിദഗ്ദ്ധൻ ഹാർട്ട് ചികിത്സ നടത്തുന്നതുപോലെയാണ് അവിടെയിരിക്കുന്ന 'ചില ആളുകൾ.

ശ്രീ. എം. കെ. മുനീർ: ഇതുവരെ വന്ന കീഴ്വഴക്കം എന്നുള്ള നിലയിലാണ് എൽ.ബി.എസുമായിട്ട് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. എം.എൽ.എ.-മാർ പറഞ്ഞ പാലത്തിന്റെ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനുവേണ്ടി അതിന്റെ പ്രോജക്ട് റിപ്പോർട്ട് പൂർണ്ണമായും തയ്യാറാക്കി വയ്ക്കുന്നതിന് നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അതുപോലെ ഒ.ഡി.ആർ., എം.ഡി.ആർ. ആക്കുന്നത് എല്ലാവരും പറഞ്ഞിട്ടുള്ള വിഷയമാണ്. അതിന്റെ തീരുമാനത്തിലേക്ക് വരുന്നുണ്ട്. ആദ്യം അത് വേഗ് ആയിട്ടാണ് ഉണ്ടായിരുന്നത്. 1999-ൽ ആക്ട് റിവൈസ് ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

സമയത്ത് അതിൽ പറയുന്നത്, "പൊതുറോഡുകൾ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കൽ:—എം.ഡി.ആർ. ഒഴിച്ചുള്ള എല്ലാ റോഡുകളും എല്ലാ അഴുക്കു ചാലുകളും അവയോട് ചേർന്നുള്ള എല്ലാ പണികളും സാധനസാമഗ്രികളും പൂർണ്ണമായും കൈമാറ്റം ചെയ്തതായും അവയിൽ നിക്ഷിപ്തമായതായും കണക്കാക്കാവുന്നതാണ്" എന്നാണ്. പ്ലാനിംഗ് ബോർഡ് ഇതുവരെ അതിന്റെ ഹെഡ് വച്ചിരുന്നു. അതനുസരിച്ച് നമ്മൾ കുറേയൊക്കെ ഏറ്റെടുക്കുകയാണ്. പക്ഷേ വളരെ കർശനമായി അങ്ങനെയുള്ള ഏറ്റെടുക്കൽ പാടില്ല എന്ന് പറഞ്ഞ് അതിന്റെ ഹെഡ് തന്നെ ബഡ്ജറ്റിൽനിന്നും പോയ സാഹചര്യത്തിൽ നമുക്ക് ഇപ്പോൾ ഏറ്റെടുക്കാൻ പറ്റാത്ത അവസ്ഥ വന്നു. പല സ്ഥലത്തും റോഡ് മോശം തന്നെ. പക്ഷേ ഇത് ഒ.ഡി.ആറിൽ കയറുമ്പോഴുള്ള മോശവും അതു പോലെ വില്ലേജ് റോഡിൽ ഉണ്ടാകുന്ന മോശവുമൊക്കെ പൊതുമരാമത്തിന്റെ പേരിലാണ് ഇപ്പോൾ കണക്കെഴുതുന്നത് എന്നുള്ളതുകൊണ്ട് പൊതുവെ റോഡുകളൊക്കെ നന്നായി എന്ന് പറഞ്ഞാലും അങ്ങനെ വിശ്വസിക്കാൻ പറ്റാത്ത അവസ്ഥ നിലനിൽക്കുകയാണ്. ഞങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയുമായും മുഖ്യമന്ത്രിയുമായും സംസാരിച്ചു. പ്രധാനപ്പെട്ട കുറേ റോഡുകളെങ്കിലും എം.ഡി.ആർ. ആക്കുന്നതിനുള്ള ഒരു നയപരമായ തീരുമാനം എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ് എന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ സീറോ പെന്റിംഗ് ബില്ലിലേക്ക് എത്തിക്കുന്നതിനുള്ള ശ്രമമാണ് നടത്തി ക്കൊണ്ടിരിക്കുന്നത്. പരിമിതികൾ ഉള്ളതുകൊണ്ടാണ് അത് പൂർത്തിയാക്കാൻ പറ്റാത്തത്. എങ്കിലും ധനകാര്യ വകുപ്പുമന്ത്രി അതിന് പ്രത്യേകം താൽപ്പര്യം എടുത്തിട്ടുണ്ട്. 600 കോടിയിലേക്ക് എത്തിക്കാൻ സാധിച്ചത് അതുകൊണ്ടാണ്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ധനാഭ്യർത്ഥന IX

വാഹന നികുതികൾ

സർവ്വശ്രീ കെ. പി. രാജേന്ദ്രൻ, കെ. പി. മോഹനൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, സാജുപോൾ, എ. സി. മൊയ്തീൻ, കെ. പി. സതീശ്ചന്ദ്രൻ, ടി. പി. രാമകൃഷ്ണൻ, രാജു എബ്രഹാം, കെ. രാധാകൃഷ്ണൻ, മത്തായി ചാക്കോ, വി. കെ. സി. മമ്മത് കോയ, കെ. വി. കുഞ്ഞിരാമൻ, എം. വി. ജയരാജൻ, പി. ജയരാജൻ, ടി. കെ. ദേവകുമാർ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, കോടിയേരി ബാലകൃഷ്ണൻ, മഞ്ഞളാംകുഴി അലി, എ. സി. ഷൺമുഖദാസ്, കെ. സി. ജോസഫ്, സി. കെ. നാണു, എൻ. രാജൻ, പി. നാരായണൻ, എം. കുമാരൻ, എ. എ. അസീസ്, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ഡോ. തോമസ് ഐസക് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്..............................

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—78

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. പി. അനിൽകുമാർ
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, ആർ. ബാലകൃഷ്ണപിള്ള
11. ,, പി. കെ. കെ. ബാവ
12. ,, ടി. വി. ചന്ദ്രമോഹൻ
13. ,, കെ. എ. ചന്ദ്രൻ
14. ,, എം. എ. ചന്ദ്രശേഖരൻ
15. ,, ഡൊമിനിക് പ്രസന്റേഷൻ
16. ,, കെ. ബി. ഗണേഷ്കുമാർ
17. ,, എം. പി. ഗംഗാധരൻ
18. ,, പി. പി. ജോർജ്
19. ശ്രീമതി കെ. ആർ. ഗൗരിയമ്മ
20. ശ്രീ. എം. എം. ഹസ്സൻ
21. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
22. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
23. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. ഉമ്മൻ ചാണ്ടി
25. ,, ടി. എം. ജേക്കബ്ബ്
26. ,, ജോണി നെല്ലൂർ
27. ,, കെ. സി. ജോസഫ്
28. ,, പി. ജെ. ജോയി
29. ,, വർക്കല കഹാർ
30. ,, കെ. എൻ. എ. ഖാദർ
31. ,, കെ. കെ. നായർ
32. ,, പി. കെ. കുഞ്ഞാലിക്കുട്ടി
33. ,, കെ. കുട്ടി അഹമ്മദ് കുട്ടി
34. ,, ലൂഡി ലൂയിസ്
35. ,, സി. മമ്മൂട്ടി
36. ,, കെ. എം. മാണി
37. ,, കെ. മുഹമ്മദാലി
38. ,, ഇ. ടി. മുഹമ്മദ് ബഷീർ
39. ,, കെ. മോഹൻ കുമാർ
40. ,, ആര്യാടൻ മുഹമ്മദ്
41. ,, എം. കെ. മുനീർ
42. ,, എം. മുരളി
43. പ്രൊഫ. എ. ഡി. മുസ്തഫ
44. ശ്രീ. കെ. നാരായണക്കുറുപ്പ്
45. ,, എഴുകോൺ നാരായണൻ
46. ,, എം. കെ. പോൾസൺ മാസ്റ്റർ
47. ,, വി. ജെ. പൗലോസ്
48. ,, അടൂർ പ്രകാശ്
49. ,, ടി. എൻ. പ്രതാപൻ
50. ,, ജി. പ്രതാപവർമ്മ തമ്പാൻ
51. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
52. ,, ടി. യു. രാധാകൃഷ്ണൻ
53. ശ്രീമതി രാധാ രാഘവൻ
54. ശ്രീ. എം. വി. രാഘവൻ

LIBRARY ARCHIVES Kerala Legislative Assembly

55. ശ്രീ. എ. എൻ. രാജൻ ബാബു
56. ,, തേറമ്പിൽ രാമകൃഷ്ണൻ
57. ,, യു. സി. രാമൻ
58. ,, തമ്പാനൂർ രവി
59. ,, റോഷി അഗസ്റ്റിൻ
60. ,, ടി. പി. എം. സാഹിർ
61. ,, പി. ശങ്കരൻ
62. ,, കെ. ശങ്കരനാരായണൻ
63. ശ്രീമതി മാലേത്ത് സരളാദേവി
64. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
65. ശ്രീ. കെ. കെ. ഷാജു
66. ,, ഷിബു ബേബിജോൺ
67. ശ്രീമതി ശോഭനാ ജോർജ്
68. ശ്രീ. നാലകത്ത് സൂപ്പി
69. ,, കെ. സുധാകരൻ
70. ,, ഡി. സുഗതൻ
71. ,, എ. സുജനപാൽ
72. ,, സി. എഫ്. തോമസ്
73. പ്രൊഫ. കെ. വി. തോമസ്
74. ശ്രീ. പി. ടി. തോമസ്
75. ,, തോമസ് ചാഴികാടൻ
76. ,, തോമസ് ഉണ്ണിയാടൻ
77. ,, എം. എ. വാഹീദ്
78. ,, കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ—35

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. വി. സി. കബീർ
16. ,, എം. കുമാരൻ
17. ,, കെ. വി. കുഞ്ഞിരാമൻ
18. ,, കോവൂർ കുഞ്ഞുമോൻ
19. ,, വി. കെ. സി. മമ്മത് കോയ
20. ,, മത്തായി ചാക്കോ
21. ,, കെ. പി. മോഹനൻ
22. ,, എ. സി. മൊയ്തീൻ
23. ,, പിരപ്പൻകോട് മുരളി
24. ,, സി. കെ. നാണു
25. ,, പി. നാരായണൻ
26. ,, കെ. രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ഡോ. തോമസ് ഐസക്ക്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>—ആരുമില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അനുകൂലിക്കുന്നവർ—78

പ്രതികൂലിക്കുന്നവർ—35

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന XLI—ഗതാഗതം

സർവ്വശ്രീ പി. ജയരാജൻ, എം. വി. ജയരാജൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, മഞ്ഞളാംകുഴി അലി, കോടിയേരി ബാലകൃഷ്ണൻ, വി. കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, കെ. വി. കുഞ്ഞിരാമൻ, വി. കെ. സി. മമ്മത് കോയ, മത്തായി ചാക്കോ, കെ. രാധാകൃഷ്ണൻ, രാജു എബ്രഹാം, ടി. പി. രാമകൃഷ്ണൻ, സാജുപോൾ, കെ. പി. സതീശ്ചന്ദ്രൻ, എ. സി. മൊയ്തീൻ, കെ. പി. രാജേന്ദ്രൻ, എൻ. രാജൻ, പി. നാരായണൻ, എം. കുമാരൻ, കെ. പി. മോഹനൻ, എ. സി. ഷൺമുഖദാസ്, സി. കെ. നാണു, എം. എ. അസീസ്, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ഡോ. തോമസ് ഐസക്, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്...........................

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—77

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. പി. അനിൽകുമാർ
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, ആർ. ബാലകൃഷ്ണപിള്ള
11. ,, പി. കെ. കെ. ബാവ
12. ,, ടി. വി. ചന്ദ്രമോഹൻ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. കെ. എ. ചന്ദ്രൻ
14. ,, എം. എ. ചന്ദ്രശേഖരൻ
15. ,, ഡൊമിനിക് പ്രസന്റേഷൻ
16. ,, കെ. ബി. ഗണേഷ്കുമാർ
17. ,, എം. പി. ഗംഗാധരൻ
18. ,, പി. പി. ജോർജ്
19. ശ്രീമതി കെ. ആർ. ഗൗരിയമ്മ
20. ശ്രീ. എം. എം. ഹസ്സൻ
21. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
22. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
23. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
24. ,, ഉമ്മൻ ചാണ്ടി
25. ,, ടി. എം. ജേക്കബ്ബ്
26. ,, ജോണി നെല്ലൂർ
27. ,, കെ. സി. ജോസഫ്
28. ,, പി. ജെ. ജോയി
29. ,, വർക്കല കഹാർ
30. ,, കെ. എൻ. എ. ഖാദർ
31. ,, കെ. കെ. നായർ
32. ,, പി. കെ. കുഞ്ഞാലിക്കുട്ടി
33. ,, കെ. കുട്ടി അഹമ്മദ് കുട്ടി
34. ,, ലൂഡി ലൂയിസ്
35. ,, സി. മമ്മൂട്ടി
36. ,, കെ. എം. മാണി
37. ,, ഇ. ടി. മുഹമ്മദ് ബഷീർ
38. ,, കെ. മോഹൻ കുമാർ
39. ,, ആര്യാടൻ മുഹമ്മദ്
40. ,, എം. കെ. മുനീർ
41. ,, എം. മുരളി
42. ,, കെ. നാരായണക്കുറുപ്പ്
43. ,, എഴുകോൺ നാരായണൻ

2/936/2012—19a

LIBRARY ARCHIVES Kerala Legislative Assembly

44. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
45. ,, വി. ജെ. പൗലോസ്
46. ,, അടൂർ പ്രകാശ്
47. ,, ടി. എൻ. പ്രതാപൻ
48. ,, ജി. പ്രതാപവർമ്മ തമ്പാൻ
49. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ,, ടി. യു. രാധാകൃഷ്ണൻ
51. ശ്രീമതി രാധാ രാഘവൻ
52. ശ്രീ. എം. വി. രാഘവൻ
53. ,, എ. എൻ. രാജൻ ബാബു
54. ,, തേറമ്പിൽ രാമകൃഷ്ണൻ
55. ,, യു. സി. രാമൻ
56. ,, തമ്പാനൂർ രവി
57. ,, റോഷി അഗസ്റ്റിൻ
58. ,, ടി. പി. എം. സാഹിർ
59. ,, പി. ശങ്കരൻ
60. ,, കെ. ശങ്കരനാരായണൻ
61. ശ്രീമതി മാലേത്ത് സരളാദേവി
62. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
63. ശ്രീ. കെ. കെ. ഷാജു
64. ,, ഷിബു ബേബിജോൺ
65. ശ്രീമതി ശോഭനാ ജോർജ്
66. ശ്രീ. നാലകത്ത് സൂപ്പി
67. ,, കെ. സുധാകരൻ
68. ,, ഡി. സുഗതൻ
69. ,, എ. സുജനപാൽ
70. ,, സി. എഫ്. തോമസ്
71. പ്രൊഫ. കെ. വി. തോമസ്
72. ശ്രീ. പി. ടി. തോമസ്
73. ,, തോമസ് ചാഴികാടൻ
74. ,, തോമസ് ഉണ്ണിയാടൻ
75. ,, എം. എ. വാഹീദ്
76. ,, കെ. സി. വേണുഗോപാൽ
77. ,, ബി. വിജയകുമാർ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—35

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. വി. സി. കബീർ
16. ,, എം. കുമാരൻ
17. ,, കെ. വി. കുഞ്ഞിരാമൻ
18. ,, കോവൂർ കുഞ്ഞുമോൻ
19. ,, വി. കെ. സി. മമ്മത്കോയ
20. ,, മത്തായി ചാക്കോ
21. ,, കെ. പി. മോഹനൻ
22. ,, എ. സി. മൊയ്തീൻ
23. ,, പിരപ്പൻകോട് മുരളി
24. ,, സി. കെ. നാണു
25. ,, പി. നാരായണൻ
26. ,, കെ. രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

33. ശ്രീ എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—77

പ്രതികൂലിക്കുന്നവർ—35

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന XV—പൊതുമരാമത്ത്

സർവ്വശ്രീ കെ. പി. രാജേന്ദ്രൻ, എൻ. രാജൻ, പി. നാരായണൻ, എം. കുമാരൻ, എ. സി. മൊയ്തീൻ, കെ. പി. സതീശ് ചന്ദ്രൻ, ടി. പി. രാമകൃഷ്ണൻ, രാജു എബ്രഹാം, കെ. രാധാകൃഷ്ണൻ, മത്തായി ചാക്കോ, വി. കെ. സി. മമ്മത് കോയ, എം. വി. ജയരാജൻ, കെ. വി. കുഞ്ഞിരാമൻ, പി. ജയരാജൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, ടി. കെ. ദേവകുമാർ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, ടി. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, മഞ്ഞളാംകുഴി അലി, എ. എ. അസീസ്, കെ. പി. മോഹനൻ, സി. കെ. നാണു, എ. സി. ഷൺമുഖദാസ്, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ഡോ. തോമസ് ഐസക്, ഡോ. കെ. സി. ജോസഫ്. എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ: പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്............................

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—77

1. ശ്രീ ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, സി. ടി. അഹമ്മദ് അലി

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. എ. പി. അനിൽകുമാർ
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, ആർ. ബാലകൃഷ്ണപിള്ള
11. ,, പി. കെ. കെ. ബാവ
12. ,, ടി. വി. ചന്ദ്രമോഹൻ
13. ,, കെ. എ. ചന്ദ്രൻ
14. ,, എം. എ. ചന്ദ്രശേഖരൻ
15. ,, ഡൊമിനിക് പ്രസന്റേഷൻ
16. ,, കെ. ബി. ഗണേഷ്കുമാർ
17. ,, എം. പി. ഗംഗാധരൻ
18. ,, പി. പി. ജോർജ്
19. ശ്രീമതി കെ. ആർ. ഗൗരിയമ്മ
20. ശ്രീ. എം. എം. ഹസ്സൻ
21. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
22. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
23. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
24. ,, ഉമ്മൻ ചാണ്ടി
25. ,, ടി. എം. ജേക്കബ്ബ്
26. ,, ജോണി നെല്ലൂർ
27. ,, കെ. സി. ജോസഫ്
28. ,, പി. ജെ. ജോയി
29. ,, വർക്കല കഹാർ
30. ,, കെ. എൻ. എ. ഖാദർ
31. ,, കെ. കെ. നായർ
32. ,, പി. കെ. കുഞ്ഞാലിക്കുട്ടി
33. ,, കെ. കുട്ടി അഹമ്മദ് കുട്ടി
34. ,, ലൂഡി ലൂയിസ്

LIBRARY ARCHIVES Kerala Legislative Assembly

35. ശ്രീ. സി. മമ്മൂട്ടി
36. ,, കെ. എം. മാണി
37. ,, കെ. മുഹമ്മദാലി
38. ,, ഇ. ടി. മുഹമ്മദ് ബഷീർ
39. ,, കെ. മോഹൻ കുമാർ
40. ,, ആര്യാടൻ മുഹമ്മദ്
41. ,, എം. കെ. മുനീർ
42. ,, എം. മുരളി
43. പ്രൊഫ. എ. ഡി. മുസ്തഫ
44. ശ്രീ. കെ. നാരായണക്കുറുപ്പ്
45. ,, എഴുകോൺ നാരായണൻ
46. ,, എം. കെ. പോൾസൺ മാസ്റ്റർ
47. ,, വി. ജെ. പൗലോസ്
48. ,, അടൂർ പ്രകാശ്
49. ,, ടി. എൻ. പ്രതാപൻ
50. ,, ജി. പ്രതാപവർമ്മ തമ്പാൻ
51. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
52. ,, ടി. യു. രാധാകൃഷ്ണൻ
53. ശ്രീമതി രാധാ രാഘവൻ
54. ശ്രീ. എം. വി. രാഘവൻ
55. ,, എ. എൻ. രാജൻ ബാബു
56. ,, തേറമ്പിൽ രാമകൃഷ്ണൻ
57. ,, യു. സി. രാമൻ
58. ,, തമ്പാനൂർ രവി
59. ,, റോഷി അഗസ്റ്റിൻ
60. ,, ടി. പി. എം. സാഹിർ
61. ,, പി. ശങ്കരൻ
62. ,, കെ. ശങ്കരനാരായണൻ
63. ശ്രീമതി മാലേത്ത് സരളാദേവി
64. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

LIBRARY ARCHIVES Kerala Legislative Assembly

65. ശ്രീ. കെ. കെ. ഷാജു
66. ,, ഷിബു ബേബിജോൺ
67. ശ്രീമതി ശോഭനാ ജോർജ്
68. ശ്രീ. നാലകത്ത് സൂപ്പി
69. ,, കെ. സുധാകരൻ
70. ,, ഡി. സുഗതൻ
71. ,, എ. സുജനപാൽ
72. ,, സി. എഫ്. തോമസ്
73. പ്രൊഫ. കെ. വി. തോമസ്
74. ശ്രീ. പി. ടി. തോമസ്
75. ,, തോമസ് ചാഴികാടൻ
76. ,, തോമസ് ഉണ്ണിയാടൻ
77. ,, എം. എ. വാഹീദ്

<u>പ്രതികൂലിക്കുന്നവർ</u>—35

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. വി. സി. കബീർ
16. ,, എം. കുമാരൻ
17. ,, കെ. വി. കുഞ്ഞിരാമൻ
18. ,, കോവൂർ കുഞ്ഞുമോൻ

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. വി. കെ. സി. മമ്മത്കോയ
20. ,, മത്തായി ചാക്കോ
21. ,, കെ. പി. മോഹനൻ
22. ,, എ. സി. മൊയ്തീൻ
23. ,, പിരപ്പൻകോട് മുരളി
24. ,, സി. കെ. നാണു
25. ,, പി. നാരായണൻ
26. ,, കെ. രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—77

പ്രതികൂലിക്കുന്നവർ—35

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലായ് മാസം 8-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.25-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly